632

ആംഗലരാജ്യ

ചരിത്രസംക്ഷേപം

1658

പുസ്തകം നാന്നു.

(ബി. സി. 55 — എ. ഡി. 1485)

Approved as Text by the Cochin Government

ഗ്രന്ഥകർത്താ:

എ. കരുണാകരമേനോൻ ബി. എ. എൽ. ടി.

ടേയിനിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻ,

രാമവർമ്മപുരം.

മൂന്നാം പതിപ്പ.

1119.

[വില 1 ക.

വി. സുന്ദരയ്യർ ആൻറ് സൺസ്, തൃശ്ശിവപേരൂർ.

632

വിഷയവിവരം

അദ്ധ്യായം		പേജ്
൧.	ബ്രിട്ടനിലെ ആദിമനിവാസികൾ	൧
൨.	റോമൻ ബ്രിട്ടൻ	൫
൩.	ഇംഗ്ലീഷുകാർ	൨൨
൪.	ഇംഗ്ലാണ്ടും ക്രിസ്തുമതവും	൩൦
൫.	ഭിന്നരാജ്യങ്ങളുടെ ഏകീകരണം	൪൦
൬.	ആൽഫ്രഡും ഡെയിൻകാരും	൪൫
൭.	ആൽഫ്രഡിന്റെ പിൻഗാമികൾ	൫൭
൮.	വെസക്സിന്റെ അധഃപതനം	൬൯
൯.	എഡ്വേർഡ് ദി കൺഫസർ	൭൨
൧൦.	ആംഗ്ലോസാക്സൻ ഭരണസ്ഥാപനങ്ങൾ	൭൬
൧൧.	നോർമ്മൻ ആക്രമണത്തിന്റെ പ്രധാന ഫലങ്ങൾ	൭൮
൧൨.	നോർമ്മൻ രാജാക്കന്മാരും കൂടിയാന്മ സമ്പ്രദായവും	൮൦
൧൩.	നോർമ്മൻ രാജാക്കന്മാരും ക്രിസ്ത്യൻ ദേവാലയങ്ങളും	൮൭
൧൪.	ഹെൻറി രണ്ടാമൻ	൯൧
൧൫.	റിച്ചേർഡ് കന്നാമൻ	൯൫

അദ്ധ്യായം		പേജ്
ക്കന്യ	ജോൺ	൪൭
ക്കഠ.	ഹെൻറി മൂന്നാമൻ	൫൬
ക്കവ്യ.	എഡ്വേർഡ് കന്നാമൻ	൫൯
ക്കൻ.	ഇംഗ്ലാണ്ടും സ്കോട്ട്ലണ്ടും	൬൨
ഖഠ.	ഇംഗ്ലാണ്ടും ഫ്റാൻസും	൬൫
ഖക്ക.	മഹാമാരിയും കുടിയാൻലഹളയും	൭൪
ഖഖ.	ടിക്കിഫ്ം ലോളാർഡിയും	൭൭
ഖനാ.	ലങ്കാക്കൂറും യോക്കും	൭൯
ഖ൪.	ആധുനികലോകചരിത്രത്തിന്റെ തുടക്കം	൮൨

ആംഗലരാജ്യചരിത്രസംക്ഷേപം

(ഭാഗം ഒന്നു—നോർമ്മൻ ആക്രമണംവരെ)

അദ്ധ്യായം ൧

ബ്രിട്ടനിലെ ആദിമനിവാസികൾ

ബ്രിട്ടനിലെ ആദിമനിവാസികളെപ്പറ്റി വലിയ അറിവൊന്നും നമുക്കു ഇതുവരെ സിദ്ധിച്ചിട്ടില്ല. അവർ വന്യമൃഗങ്ങളുടെ പച്ചമാംസവും തിന്നു, ഗുഹകളിലും മറ്റും ജീവിച്ചിരുന്ന ഒരു പരിഷ്കാരവുമില്ലാത്ത കാടന്മാരായിരുന്നു എന്നുമാത്രം നമുക്കു അനുമാനിക്കാം. വസ്ത്രധാരണസമ്പ്രദായം അവർക്കുണ്ടായിരുന്നില്ല. കൃഷിചെയ്യുവാൻ അവർക്കറിഞ്ഞുകൂടായിരുന്നു. അവർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ ഉരച്ചു മൂർച്ചവരുത്തിയ പാറക്ഷണങ്ങളാണ്. ക്രമേണ ഈ കാടന്മാർക്കു അവരേക്കാൾ ശക്തന്മാരും പരിഷ്കൃതരുമായ ഐബീയ്യൻസ് എന്ന ഒരു വർഗ്ഗക്കാർക്കു കീഴടങ്ങേണ്ടിവന്നു. ഐബീയ്യൻസിന്റെ വാഴ്ച അധികകാലം നിലനിന്നില്ല.

അധികം താമസിയാതെ കെൽട്ട്സ് എന്ന ഒരു കൂട്ടർ ഈ ഐബീയ്യൻസിനേയും തോല്പിച്ചു കീഴടക്കി, അവരുടെ ഭാഷയും സമ്പ്രദായവും എല്ലാം ബ്രിട്ടനിൽ സ്ഥാപിച്ചു. അവർ മറ്റുള്ളവരേക്കാൾ ശക്തന്മാരും പരി

ഷ്ടാരികളും യുദ്ധവീരന്മാരുമായിരുന്നു. അവർ വസ്ത്രം ധരിച്ചിരുന്നു എന്നുമാത്രമല്ല സ്വർണ്ണം വെള്ളി മുതലായ ലോഹങ്ങൾകൊണ്ടുണ്ടാക്കിയ ആഭരണങ്ങളും അണിയുകയും ചെയ്തിരുന്നു. ഇരുമ്പു തുടങ്ങിയ ലോഹങ്ങൾകൊണ്ടുള്ള ആയുധങ്ങളാണ് അക്കാലത്തുള്ളവർ ഉപയോഗിച്ചിരുന്നതു്. ക്ഷേണം പാകംചെയ്യുന്നതിനും അത്യാവശ്യം വേണ്ട പാത്രങ്ങളുണ്ടാക്കുവാനും അവർക്കറിയാമായിരുന്നു. അവരുടെ പ്രധാന സ്വത്തു പെണ്ണാടുകളും കന്നുകാലികളും ആയിരുന്നു. കെൽട്ട്സ് പലേ ഈശ്വരന്മാരേയും ആരാധിക്കുകയും ഡ്രൂയിഡ്സ് എന്ന അവരുടെ പുരോഹിതന്മാരെ സദാ ബഹുമാനിക്കുകയും ചെയ്തിരുന്നു.

ഇതിനും പുറമെ കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായവയിലും കെൽട്ട്സ് പ്രമാണികളായിരുന്നു. ധാന്യങ്ങൾ ധാരാളമായി വിളഞ്ഞിരുന്ന ഒരു രാജ്യമാകകൊണ്ടാണ് ബ്രിട്ടനെ "ഗ്രാനറി ആഫ് ദി നോർത്ത്" എന്നു പറഞ്ഞിരുന്നതു്. ബ്രിട്ടനിലെ ആവശ്യം കഴിഞ്ഞു ധാരാളം ധാന്യം അവിടെനിന്നു അന്യരാജ്യങ്ങളിലേക്കു കയറ്റി അയച്ചിരുന്നു. നെയ്ത്തു്, വസ്ത്രങ്ങൾ ചായത്തിൽ മുക്കുക മുതലായ പലേ പ്രവർത്തികളും അന്നു ബ്രിട്ടനിൽ ധാരാളം നടന്നിരുന്നു. ഖനികൾ ധാരാളമുള്ളതുകൊണ്ടു്, ലോഹങ്ങൾ കുഴിച്ചെടുക്കുക എന്നതു് ജനങ്ങളുടെ ഒരു പ്രത്യേക തൊഴിലായിരുന്നു. രഥങ്ങൾ, കപ്പലുകൾ മുതലായവ നിർമ്മിക്കുന്നതിൽ ജനങ്ങൾക്കു നല്ല പാടവമുണ്ടായിരുന്നു.

അദ്ധ്യായം ൨.

റോമൻ ബ്രിട്ടൻ (55 ബി. സി.-449 എ. ഡി.)

റോമൻകാർ അന്നു ലോകത്തിൽവെച്ചു ഏറ്റവും ശക്തന്മാരായിരുന്നു. അവർ ഇറ്റലിയെ മാത്രമല്ല അന്നത്തെ പരിഷ്കൃതരാജ്യങ്ങളിൽ മിക്കവയേയും കീഴടക്കുകയും, അവിടെയെല്ലാം അവരുടെ പരിഷ്കാരങ്ങളും സമ്പ്രദായങ്ങളും പരത്തുകയും ചെയ്തു. അവരുടെ നേതാവു രണപടുവും ഭരണകുശലനും ആയ ജൂലിയസ് സീസർ ആയിരുന്നു. ആ മഹാനാണ് റോമിനെ അതിന്റെ അനാഥസ്ഥിതിയിൽനിന്നും രക്ഷിച്ചു, പ്രഭുക്കന്മാരുടെ ശക്തി നശിപ്പിച്ചു, ഏകച്ഛത്രാധിപത്യം റോമിൽ സ്ഥാപിച്ചതു്. അദ്ദേഹമാണ് സുപ്രസിദ്ധമായ റോമാസാമ്രാജ്യത്തിന്റെ സ്ഥാപകൻ.

അദ്ദേഹം പിടിച്ചടക്കിയ രാജ്യങ്ങളിൽ ഏറ്റവും പ്രധാനമായതു് ഇന്നു ഫ്രാൻസ് എന്നു വിളിച്ചുവരുന്ന ഗാൾ ആയിരുന്നു. അവിടത്തെ നിവാസികളും കെൽട്ട് വർഗ്ഗത്തിൽപെട്ടവരായതുകൊണ്ടു, സീസറിന്റെ ആക്രമണത്തെത്തടയുന്നതിനു ബ്രിട്ടൻകാർ ഗാളിലെ ജനങ്ങളെ സഹായിച്ചു. ഈ സഹായത്തിനു പകരം ചോദിക്കുന്നതിനായി സീസർ ബ്രിട്ടനെ ആക്രമിച്ചു. ഈ ആക്രമണത്തിനു വേറെയും പല കാരണങ്ങളുണ്ടായിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നുണ്ടു്.

ആദ്യമായി സീസർ ബ്രിട്ടനെ ആക്രമിച്ചതു് ബി.

സി. 55-ലാണ്. എന്നാൽ ബ്രിട്ടനെ തോല്പിക്കുക എന്നതു അത്ര എളുപ്പമായ ഒരു കായ്മായിരുന്നില്ല. അതു കൊണ്ടു സീസർ ഗാളിലേക്കു മടങ്ങിപ്പോയി. അടുത്ത കൊല്ലംതന്നെ അദ്ദേഹം കൂടുതൽ സൈന്യം ശേഖരിച്ചു രണ്ടാമതും ബ്രിട്ടനെ ആക്രമിച്ചു, ബ്രിട്ടൻകാരെ തോല്പിച്ചു. അവർ അദ്ദേഹത്തിനു കപ്പംകൊടുക്കാമെന്നു ഏറ്റതിനുശേഷമേ അദ്ദേഹം മടങ്ങിപ്പോയുള്ളു.

അതിനുശേഷം ഒരുനൂറു കൊല്ലത്തേക്കു റോമൻകാർ ബ്രിട്ടനെ ഉപദ്രവിച്ചില്ല. എന്നാൽ ബ്രിട്ടൻകാർ പിന്നേയും ഗാളിലെ ജനങ്ങളെ സഹായിക്കാൻ തുടങ്ങിയപ്പോൾ, ബ്രിട്ടനെ റോമാസാമ്രാജ്യത്തിന്റെ ഒരു ഭാഗമാക്കുകയാണു് നല്ലതെന്നു കരുതി, എ. ഡി. 43-ൽ അന്നത്തെ റോമൻ ചക്രവർത്തിയായ ക്ലാഡിയസ്, ഔലസ് പ്ലാഷിയസ് എന്ന ആളുടെ കീഴിൽ ഒരു സൈന്യത്തെ ബ്രിട്ടനിലേക്കു അയച്ചു. അധികം താമസിയാതെ ബ്രിട്ടന്റെ തെക്കുഭാഗം മുഴുവൻ റോമൻകാക്കു കീഴടങ്ങി. പ്ലാഷിയസിന്റെ പിൻഗാമികളായ ഓസ്സോറിയസ് സ്കാപ്പുല, പാളിനസ്, ജൂലിയസ് അഗ്രിക്കോള മുതലായ റോമൻ ഗവണ്ണർമാരുടെ കാലത്തു ബ്രിട്ടനിൽ റോമൻകാരുടെ ആധിപത്യം സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടു.

ബ്രിട്ടനിൽ റോമൻകാരുടെ ഭരണം മുന്നൂറുകൊല്ലത്തിലധികം നിലനിന്നു. ഇതിനിടക്കു അവിടത്തെ സമ്പ്രദായങ്ങൾക്കു സാരമായ ചില മാറ്റങ്ങൾ വന്നുചേർന്നു. റോമൻകാരുടെ ആധിപത്യം അവിടെ സ്ഥാപിച്ച

തോട്ടുകൂടി അവിടെ ഉണ്ടായിരുന്ന ആഭ്യന്തരകലഹങ്ങളും എന്നാണ്ടു ശമിക്കുകയും, സമാധാനവും സന്തുഷ്ടിയും അവിടെ സ്ഥാപിതമാകുകയും ചെയ്തു. അതോടുകൂടി അവിടത്തെ കൃഷിക്കും കച്ചവടത്തിനും ഒരു പുതിയ ജീവൻ കിട്ടി. പുതുതായി അനേകം നിരത്തുവഴികളും നാടെങ്ങും നിറഞ്ഞു. അനവധി പട്ടണങ്ങളും, നാട്ടുപുറങ്ങളിൽ സുഖവാസത്തിനുപയുക്തങ്ങളായ അനവധി വില്ലകളും റോമൻകാർ നിർമ്മിച്ചു. ലത്തീൻഭാഷയ്ക്കു ബ്രിട്ടനിൽ ധാരാളം പ്രചാരം ഉണ്ടായി. റോമൻകാർ ക്രിസ്ത്യാനികളായതോടുകൂടി അവർ ആ മതവും ബ്രിട്ടനിൽ സ്ഥാപിച്ചു.

എന്നാൽ റോമൻഭരണംകൊണ്ടു ബ്രിട്ടനു് ഒരു ദോഷവും ഇല്ലാതിരുന്നില്ല. നാട്ടുകാർ ക്രമേണ സുഖലോലുപന്മാരായിത്തീരുകയും അവരുടെ പണ്ടത്തെ പരാക്രമവും യുദ്ധപാടവവും തീരെ അസ്തമിച്ചുപോകുകയുംചെയ്തു. റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനംതന്നെ അധികം താമസിയാതെ ശത്രുക്കൾ ആക്രമിക്കാൻ തുടങ്ങി. ഇറവലിയെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനായിരുന്നു റോമൻകാരുടെ പിന്നീടുള്ള ശ്രമം മുഴുവനും. എ. ഡി. 410-ൽ അവർ ആകമാനം ബ്രിട്ടനിൽനിന്നു പിൻവലിഞ്ഞു. തല്ക്കാലം ബ്രിട്ടൻ സ്വതന്ത്രയായി എങ്കിലും അധികം താമസിയാതെ പിക്ട്സ്, സ്കോട്ട്സ്, സാക്സൺസ് തുടങ്ങിയ അന്യ ശത്രുക്കൾ ബ്രിട്ടനെ ആക്രമിക്കാൻ തുടങ്ങി. അവരോട് എതിർത്തുനില്ക്കുവാൻ നാട്ടുകാർക്കു സാധിച്ചില്ല.

അദ്ധ്യായം ൧൨

ഇംഗ്ലീഷ്കാർ (449–607)

ബ്രിട്ടനിലേക്കു വരുന്നതിനുമുമ്പു് ഇംഗ്ലീഷുകാർ ജർമ്മനിയുടെ വടക്കുഭാഗത്താണു് താമസിച്ചിരുന്നതു്. അവരിൽ പ്രധാനമായി ജൂട്ട്സ്, സാക്സൺസ്, ആംഗ്ലിംസ് എന്നു മൂന്നു വർഗ്ഗക്കാർ ഉണ്ടായിരുന്നു. ഇവർക്കു പൊതുവേ ഇംഗ്ലീഷുകാർ എന്നോ, സാക്സൺസ് എന്നോ, ആംഗ്ലോ സാക്സൺസ് എന്നോ, ഉള്ള പേർ പറയാവുന്നതാണു്. അവരിൽനിന്നാണു് ഇംഗ്ലാണ്ടു് എന്ന പേർ ഉണ്ടായതു്.

അവരിൽ ബ്രിട്ടനിൽ ആദ്യം കുടിയേറിപ്പാർത്തതു ജൂട്ട് വർഗ്ഗക്കാരായിരുന്നു. എ. ഡി. 499-ൽ അവർ ഹെഞ്ചിസ്റ്റ്, ഹോർസാ, എന്ന അവരുടെ നേതാക്കന്മാരുടെ കീഴിൽ കെൻറ് എന്ന രാജ്യം സ്ഥാപിച്ചു. ക്രമേണ അതിനു ചുറ്റും സാക്സൺസ് സ്ഥലം പിടിച്ചു. അങ്ങിനെ എസക്സ്, മിഡിൽസക്സ്, സസക്സ് വെസക്സ് എന്നു രാജ്യങ്ങളും ഉണ്ടായിവന്നു. ഇവയുടെ വടക്കുഭാഗത്താണു് ആംഗ്ലിംസ് എന്ന വർഗ്ഗക്കാർ താവളമുറപ്പിച്ചതു്. അവർ സ്ഥാപിച്ച രാജ്യങ്ങളിൽ ചരിത്രപ്രസിദ്ധങ്ങളായവ ഈസ്റ്റ് ആംഗ്ലിയ, മെർസിയ, നോർത്തംബ്രിയ, എന്നിവയായിരുന്നു. ബ്രിട്ടൻറെ പടിഞ്ഞാറുഭാഗത്തു നാട്ടുകാർ തന്നെ ആയിരുന്നു അന്നു പ്രബലന്മാർ. ഇംഗ്ലീഷുകാർ അവരെ വെൽഷ് എന്നു വിളിച്ചുവന്നു.

ഇംഗ്ലീഷുകാരുടെ ആക്രമണം പെട്ടെന്നുണ്ടായ ഒരു സംഭവമല്ല. ഉദ്ദേശം 150 കൊല്ലംകൊണ്ടേ അവർക്കു ബ്രിട്ടനെ കീഴടക്കാൻ സാധിച്ചുള്ളു. അവർ പല ശാഖക്കാരായിരുന്നതുകൊണ്ടു പലപ്പോഴായി ബ്രിട്ടന്റെ പല ഭാഗങ്ങളും കീഴടക്കുകയാണു് ചെയ്തതു്. അങ്ങിനെ അവർ ബ്രിട്ടനിൽ അനവധി ചെറുരാജ്യങ്ങൾ സ്ഥാപിച്ചു. ബ്രിട്ടനെ കീഴടക്കിയതോടുകൂടി അവർ റോമൻ പരിഷ്കാരത്തിന്റെ അവശിഷ്ടങ്ങളെല്ലാം തീരെ നശിപ്പിച്ചു. ക്രിസ്തുമതത്തിനുണ്ടായിരുന്ന പ്രചാരവും അസ്തമിച്ചു. അവരുടെ സ്വന്തം നാട്ടിലുണ്ടായിരുന്ന സമുദായവ്യവസ്ഥകളും ഭരണസമ്പ്രദായങ്ങളും ഇംഗ്ലീഷുകാർ ബ്രിട്ടനിൽ സ്ഥാപിച്ചു.

ഇംഗ്ലീഷുകാർ ബ്രിട്ടനിൽ സ്ഥാപിച്ച ചെറുരാജ്യങ്ങൾ തമ്മിൽ എപ്പോഴും കലഹിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായിട്ടു ക്രമേണ ശക്തി കുറഞ്ഞ രാജ്യങ്ങൾ ശക്തികൂടിയ രാജ്യങ്ങൾക്കിരയായിത്തീർന്നു. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോഴേക്കും രാജ്യം മുഴുവനും ശക്തനായ ഒരു രാജാവിന്റെ കീഴിൽ വന്നു.

അദ്ധ്യായം 5

ഇംഗ്ലാണ്ടും ക്രിസ്തുമതവും

ഇംഗ്ലീഷുകാർ ബ്രിട്ടനിൽ സ്ഥാപിച്ച ഭിന്നരാജ്യങ്ങളുടെ ഏകീകരണത്തിനു പ്രധാനമായി സഹായിച്ച

ഒരു സംഭവം ക്രിസ്തുമതത്തിന്റെ ആഗമനമാണ്. ഇംഗ്ലീഷുകാർ ക്രിസ്ത്യാനികളല്ലാതിരുന്നതുകൊണ്ടാണല്ലൊ അവർ കീഴടക്കിയ രാജ്യങ്ങളിൽനിന്നു ക്രിസ്തുമതം തീരെ മാഞ്ഞുപോയതു്. എന്നാൽ ഇംഗ്ലീഷുകാരോടു മല്ലിട്ടുകൊണ്ടു് അവരുടെ സ്വാതന്ത്ര്യം രക്ഷിച്ചുകൊണ്ടിരുന്ന വെൽഷുകാർ അന്നും ക്രിസ്ത്യാനികളായിരുന്നു.

അന്നത്തെ കത്തോലിക്കമതത്തിന്റെ തലവൻ പോപ്പു് ഗ്രിഗറി എന്ന മഹാനായിരുന്നു. ഇംഗ്ലാണ്ടിൽ ക്രിസ്തുമതം പരത്തണം എന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം 597-ൽ തന്റെ സ്നേഹിതനായ അഗസ്ത്യനേയും കൂട്ടുകാരേയും അന്നത്തെ കെൻറിലെ രാജാവായ എതൽബർട്ടിന്റെ അടുക്കലേക്കയച്ചു. കെൻറ് അയിരുന്ന ഇംഗ്ലീഷുകാർ സ്ഥാപിച്ച രാജ്യങ്ങളിൽവെച്ചു് ഏറ്റവും ശക്തിയുള്ളതു്. എതൽബർട്ടു്, കെൻറിൽ താമസിച്ചു പ്രസംഗിക്കുന്നതിനും മറ്റും അവർക്കു് അനുമതി നൽകി. അധികം താമസിയാതെ, അവരുടേയും, ഒരു ക്രിസ്ത്യൻ സ്ത്രീയായ, അദ്ദേഹത്തിന്റെ ഭാര്യ ബർത്തയുടേയും, പ്രേരണനിമിത്തം എതൽബർട്ടും ക്രിസ്തുമതം സ്വീകരിച്ചു. താമസിയാതെ കാൻറർബറിയിൽ ഒരു പള്ളി പണിതീരുകയും അഗസ്ത്യൻ അവിടത്തെ ആർച്ചുബിഷപ്പായി നിയമിക്കപ്പെടുകയും ചെയ്തു.

ക്രമേണ കെൻറിന്റെ അയൽരാജ്യക്കാരും ക്രിസ്തുമതം സ്വീകരിച്ചു. നോർത്തംബ്രിയയിലെ അന്നത്തെ രാജാവും എഡ്വിൻ ആയിരുന്നു. അദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നതോടുകൂടി അവിടേയും ക്രിസ്തുമതത്തിനു വലിയ പ്രചാരമുണ്ടായി. എന്നാൽ മെർസ്യയിലെ രാജാവായ

പെൻഡ ക്രിസ്തുമതവിദ്വേഷിയായിരുന്നതുകൊണ്ട് അ
ദ്ദേഹം എഡ്വിനെ യുദ്ധത്തിൽ തോല്പിച്ചു നിഗ്രഹിച്ചു.
തൽക്കാലം നോത്ത്ംബ്രിയയിൽനിന്നു ക്രിസ്തുമതം മാ
ഞ്ഞുപോയി എങ്കിലും ഓസ്വാൾഡ് എന്ന രാജാവു് അ
വിടത്തെ സിംഹാസനത്തിൽ കയറിയപ്പോൾ അവി
ടത്തെ സ്ഥിതികൾക്കൊക്കെ ഒരു വ്യത്യാസം വന്നു. എ
ങ്കിലും പെൻഡ മരിക്കുന്നതുവരെ നോത്ത്ംബ്രിയയിൽ
ക്രിസ്തുമതത്തിനു വലിയ ശക്തിയുണ്ടായിരുന്നില്ല. പെൻ
ഡയുമായുണ്ടായ യുദ്ധത്തിൽ ഓസ്വാൾഡ് മരിച്ചു എങ്കി
ലും അവസാനം 655-ൽ ഓസ്വാൾഡിന്റെ മകനായ
ഓസ്വി പെൻഡയെ യുദ്ധത്തിൽ തോല്പിച്ചു നിഗ്രഹിച്ചു.
അതോടുകൂടി നോത്ത്ംബ്രിയ മാത്രമല്ല മെർസ്യയുംകൂടി
ക്രിസ്തുമതം സ്വീകരിച്ചു. ഇങ്ങിനെ ഈ പുതിയ മതം
നാട്ടിലെങ്ങും പരന്നു.

എന്നാൽ ഈ പുതിയ ക്രിസ്ത്യാനികൾ എല്ലാവരും
ഈ മതം സ്വീകരിച്ചതു റോമൻ പാതിരിമാരുടെ അട്ട
ക്കൽനിന്നു മാത്രമല്ലായിരുന്നു. ചിലർ അയർലാണ്ടിൽ
നിന്നു വന്ന പാതിരിമാരുടെ അട്ടക്കൽനിന്നും, ചിലർ
സ്കോട്ട്ലണ്ടിൽനിന്നു വന്ന പാതിരിമാരുടെ അട്ടക്കൽ
നിന്നുമാണ് ഈ പുതിയ മതം സ്വീകരിച്ചതു്. അതു
കൊണ്ടു് അടിയന്തിരങ്ങളുടെ ചടങ്ങുകളെ കുറിച്ചും മറ്റും
ഇവരുടെ ഇടയിൽ പലേ തക്കങ്ങളുമുണ്ടായിത്തുടങ്ങി.
ഈ കുഴപ്പങ്ങളെല്ലാം തീർക്കുന്നതിനു നോത്ത്ംബ്രിയയിലെ
രാജാവായ ഓസ്വി 664-ൽ വിറ്റ്ബിയിൽ ഒരു സഭ
വിളിച്ചു കൂട്ടുകയും, അവിടെവെച്ചു് അദ്ദേഹം തക്കങ്ങളെ

* Synod of Witby.

ല്ലാം കേൾക്കുകയും, അവസാനം, എല്ലാവരും റോമൻ ച ടങ്ങുകൾ അനുസരിക്കേണ്ടതാണ് എന്നു കരു തീർപ്പു കല്പി ക്കുകയുംചെയ്തു. 668-ൽ റോമിൽനിന്നു തിയോഡോർ ഓഫ് ടാർസസ് എന്ന മഹാനെ കാൻറർബറിയിലെ ആർച്ച് ബിഷപ്പായി നിയമിച്ചു. ആ നിലയിൽ അദ്ദേ ഹം 690 വരെ വർത്തിക്കുകയും റോമൻ രീതിയിൽ മതസംബന്ധമായ പലേ പരിഷ്കാരങ്ങളും ഇംഗ്ലണ്ടിൽ വരുത്തുകയും ചെയ്തു.

കുസ്തന്തീനയായികളായിത്തീർന്നതോടുകൂടി ഇംഗ്ലീ ഷുകാരുടെ സ്വഭാവത്തിൽ പലേ പരിഷ്കാരങ്ങളും വന്നു കൂടി. പുതുതായി ഉണ്ടായിക്കൊണ്ടിരുന്ന പള്ളികളും സ ന്യാസിമഠങ്ങളും ജ്ഞാനദീപങ്ങളായി പരിലസിക്കാൻ തുടങ്ങി.

അദ്ധ്യായം 8

ഭിന്നരാജ്യങ്ങളുടെ ഏകീകരണം

ഇംഗ്ലീഷുകാർ ബ്രിട്ടനിൽ അനവധി ചെറുരാജ്യ ങ്ങളും സ്ഥാപിച്ചു എന്നു നാം മനസ്സിലാക്കിയല്ലോ. ഈ രാജ്യങ്ങളെല്ലാംകൂടി യോജിച്ചു എങ്ങിനെ ഒരു രാജാവി ന്റെ കീഴിൽ വന്നു എന്നുള്ള ചരിത്രമാണ് ഇനി നാം മനസ്സിലാക്കേണ്ടതു്. ഈ ഭിന്നരാജ്യങ്ങളും തമ്മിൽ കല ഹിച്ചു കലഹിച്ചു, അവസാനം ഏഴാംനൂറ്റാണ്ടിന്റെ ആ രംഭത്തിൽ അവയിൽ പ്രധാനമായ എസക്സ്, വെസ

ക്സ്, സസക്സ്, നോത്ത്ംബ്രിയ, ഈസ്റ്റ്ാംഗ്ലിയ, മെർ
സ്യ, കെൻറ് എന്നാ ഏഴു രാജ്യങ്ങൾ മാത്രം ശേഷിച്ചു.
ഇവയിൽവെച്ച് അന്നു് ഏറ്റവും പ്രധാനമായ രാജ്യ
ങ്ങൾ നോത്ത്ംബ്രിയ, മെർസ്യ, വെസക്സ് എന്നിവയാ
യിരുന്നു. ഏഴാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു
വരെ, ഈ മൂന്നു രാജ്യങ്ങളും തമ്മിൽ സദാ കലഹിച്ചു,
ഓരോന്നായി അതിന്റെ ആധിപത്യം ഇംഗ്ലണ്ടിൽ
സ്ഥാപിച്ചുകൊണ്ടിരുന്നു.

ഏഴാം നൂറ്റാണ്ടു് നോത്ത്ംബ്രിയയുടെ സുവർണ്ണകാ
ലമായിരുന്നു. ഇക്കാലത്തു നോത്ത്ംബ്രിയയിൽ ശക്ത
നാരും യുദ്ധവീരന്മാരും ആയ അനവധി രാജാക്കന്മാർ
വാണുകൊണ്ടിരുന്നു. 593—617 വരെ വാണ അതൽ
ഫ്രിത്തു് ആണു് നോത്ത്ംബ്രിയയുടെ സ്ഥാപകൻ. അദ്ദേ
ഹത്തിനുശേഷം നോത്ത്ംബ്രിയയെ ഭരിച്ചതു പ്രസിദ്ധ
നായ എഡ്വിൻ ആയിരുന്നു. അദ്ദേ
നോത്ത്ംബ്രിയ ഹം പിക്ടസ് മുതലായ ശത്രുക്കളെ
തോല്പിച്ചു, മെർസ്യ, ഈസ്റ്റ്ാംഗ്ലിയ മുതലായ രാജ്യങ്ങ
ളെ കീഴടക്കി, നോത്ത്ംബ്രിയയുടെ ആധിപത്യം ഇംഗ്ല
ണ്ടിൽ സ്ഥാപിച്ചു. 633-ൽ അദ്ദേഹത്തെ മെർസ്യയി
ലെ രാജാവായ പെൻഡ തോല്പിച്ചു നിഗ്രഹിച്ചു എങ്കി
ലും അദ്ദേഹത്തിന്റെ മകനായ ഓസ്വാൾഡ് നോത്ത്ം
ബ്രിയയെ രണ്ടാമതും ഉയർത്തിക്കൊണ്ടുവന്നു. 642-ൽ
അദ്ദേഹത്തേയും പെൻഡ നിഗ്രഹിച്ചു. എങ്കിലും അ
ദ്ദേഹത്തിന്റെ മകനായ ഓസ്വി പെൻഡയെ നിഗ്രഹി
ച്ചു നോത്ത്ംബ്രിയയുടെ ആധിപത്യം ഇംഗ്ലണ്ടിൽ സു

സ്ഥിരമായി സ്ഥാപിച്ചു. അദ്ദേഹത്തിന്റെ മരണശേഷം നോത്ത്ംബ്രിയയുടെ പ്രാധാന്യം ക്രമേണ ക്ഷയിച്ചുവന്നു.

എട്ടാം നൂറാണ്ടു മെർസ്യയുടെ സുവർണ്ണകാലമായിരുന്നു. ഇക്കാലത്തു മെർസ്യയെ ഭരിച്ചിരുന്ന പ്രമാണികളായ രണ്ടു രാജാക്കന്മാർ എതൽബാൾഡ്, കാഫാ എന്നിവരായിരുന്നു. 757-796 വരെ വാണ്ട, കാഫാ മഹാരാജാവ് ഈസ്റ്റ് ആംഗ്ലിയാ കെൻറ് മുതലായ അയൽരാജ്യങ്ങളെ പിടിച്ചടക്കി, ക്രമേണ മെർസ്യക്കു വിസ്തൃതികൂട്ടി. നോത്ത്ംബ്രിയയും വെസക്സുംകൂടി അദ്ദേഹത്തിനു കീഴടങ്ങി. വെൽഷുകാരുടെ ആക്രമങ്ങൾ തടയുന്നതിനു് അദ്ദേഹം വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി മെർസ്യയുടെ പ്രതാപമെല്ലാം അസ്തമിച്ചുപോകുകയും ആ സ്ഥാനം വെസക്സിനു കിട്ടുകയും ചെയ്തു.

മെർസ്യ

നോത്ത്ംബ്രിയ അതിന്റെ ശക്തി ഇംഗ്ലാണ്ടിൽ സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ വെസക്സിന്റെ വളർച്ച ക്രമേണ തുടങ്ങിയിരുന്നു. എന്നാൽ എട്ടാം നൂറാണ്ടിൽ, വർദ്ധിച്ചുവന്ന മെർസ്യയുടെ ശക്തിനിമിത്തം വെസക്സിന്റെ വളർച്ചക്കു കുറെ ഇടിവുതട്ടി എന്നു മാത്രമല്ല, അന്നത്തെ വെസക്സിലെ രാജാവായ എഗ്ബർട്ട് നാടുവിട്ടോടിപ്പോകുന്നതിനുകൂടി നിർബ്ബന്ധിതനായി. കാഫയുടെ മരണശേഷം എഗ്ബർട്ട് മടങ്ങിവരുകയും, മെർസ്യാക്കാരെ തോല്പിക്കുകയും, കെൻറ്, ഈസ്റ്റ് ആംഗ്ലിയ, നോത്ത്ംബ്രിയ മുതലായ രാജ്യങ്ങൾ

വെസക്സ്

വെസക്സിനെ കീഴടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായ എതൽവുൾഫിന്റെ നാലു മക്കളിൽ ഏറ്റവും പ്രധാനി സുപ്രസിദ്ധനായ ആൽഫ്രഡ് മഹാരാജാവായിരുന്നു. അദ്ദേഹം ഇക്കാലത്തു ഇംഗ്ലാണ്ടിനെ ആക്രമിച്ചുകൊണ്ടിരുന്ന ഡെയ്ൻകാരെ തോല്പിച്ചു വെസക്സിന്റെ ആധിപത്യം സ്ഥിരമായി ഇംഗ്ലാണ്ടിൽ സ്ഥാപിച്ചു.

അദ്ധ്യായം ൭

ആൽഫ്രഡും ഡെയിൻകാരും 871—899.

ഡെയിൻകാർ യൂറോപ്പിന്റെ വടക്കുഭാഗത്തു ഡെൻമാർക്ക്, നോർവെ മുതലായ രാജ്യങ്ങളിൽ താമസിച്ചിരുന്ന ഒരു വർഗ്ഗക്കാരായിരുന്നു. അവർ ശക്തന്മാരും യുദ്ധവീരന്മാരുമായിരുന്നു. സാധാരണയായി വേനൽ പിറന്നാൽ അവർ അവരുടെ കപ്പലുകളിൽ കയറി കൂടുതൽ ധനം പുഷ്ടിയുള്ള ഇംഗ്ലാണ്ടു മുതലായ തെക്കൻരാജ്യങ്ങൾ കൊള്ളചെയ്തു, വഷക്കാലമാകുമ്പോൾ മടങ്ങി സ്വന്തം രാജ്യത്തിലേക്കു പോകുക പതിവായിരുന്നു. എന്നാൽ ക്രമേണ, ഇംഗ്ലാണ്ടു കൊള്ളചെയ്യുന്നതിനു മാത്രമല്ല സുഖവാസത്തിനുകൂടി പറ്റിയതാണെന്നു് അവക്കു ബോദ്ധ്യം വരുകയും അവർ അവിടെ കുടിയേറിപ്പാർക്കുവാൻ തുടങ്ങുകയും ചെയ്തു. നോത്തംബ്രിയ, മേർസ്യ, ഈസ്റ്റാംഗ്ലിയ മുതലായ രാജ്യങ്ങൾ അധികം താമസിയാതെ അവക്കു കീഴടങ്ങി. ഉടനെ അവർ വെസക്സിനെ ആക്രമിച്ചു.

അക്കൊല്ലത്തിൽതന്നെ സുപ്രസിദ്ധനായ ആൽഫ്റഡ് വെസക്സിലെ സിംഹാസനത്തിൽ കയറി. അദ്ദേഹം അവരോട് അതിഭയങ്കരമായി പൊരുതിയിരുന്നുവെങ്കിലും അവസാനം തോറ്റു രാജ്യം ഉപേക്ഷിച്ചു അതൽനെ എന്ന സ്ഥലത്തു് ഒളിച്ചിരിക്കുവാൻകൂടി നിർബ്ബന്ധിതനായി. എന്നാൽ അധികം താമസിയാതെ അദ്ദേഹം രണ്ടാമതും സൈന്യം ശേഖരിക്കുകയും ഡെയിൻകാരുടെ നേതാവായ ഗുത്രുമിനെ തോല്പിക്കുകയും ചെയ്തു. 878-ൽ അവർ തമ്മിൽ വെഡ്മൂറിൽവെച്ചു് ഒരു സന്ധിചെയ്തു. ഈ സന്ധി അധികം നിലനിന്നില്ല. രണ്ടാമതും യുദ്ധം തുടങ്ങുകയും ആൽഫ്റഡിന്റെ പുതിയ വിജയങ്ങളുടെ ഫലമായി ഡെയിൻകാർ രണ്ടാമതും സന്ധി ചെയ്യുന്നതിനു നിർബ്ബന്ധിതരാകുകയും ചെയ്തു. പുതിയ സന്ധിയനുസരിച്ചു് അവർ ഇംഗ്ലാണ്ടിനെ രണ്ടായി ഭാഗിച്ചു. ലണ്ടൻ മുതൽ ചെസ്റ്റർവരെ ഒരു വര വരച്ചാൽ ഏതാണ്ടു് അതിനു വടക്കുഭാഗം ഡെയിൻകാരും തെക്കുഭാഗം ഇംഗ്ലീഷുകാരും ഭരിക്കുവാൻ തീർച്ചയാക്കി. ഡെയിൻകാരുടെ ഭാഗത്തെ ഡെയിൻലാ എന്നാണു പറഞ്ഞുവന്നിരുന്നതു്. ഡെയിൻകാർ ക്രിസ്ത്യാനികളാകാമെന്നു സമ്മതിക്കുകയും ചെയ്തു. എന്നാൽ ആൽഫ്റഡിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഡെയിൻലാ മുഴുവനും അവക്കു കീഴടങ്ങുകയും വെസക്സിന്റെ ആധിപത്യം ശരിയായി ഇംഗ്ലാണ്ടിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

ഡെയിൻകാരെ തോല്പിച്ചു കീഴടക്കിയതുകൊണ്ടു മാത്രമല്ല ആൽഫ്റഡിന്റെ പേർ ഇന്നും നിലനിൽക്കു

ന്നതു്. അദ്ദേഹം ഒരു യുദ്ധവും ചെയ്യില്ലെങ്കിൽതന്നേയും ലോകത്തിലെ പ്രമാണികളായ ഭരണകർത്താക്കന്മാരുടെ ഇടയിൽ ഒരുത്തമസ്ഥാനത്തെ അഹിക്കുമായിരുന്നു. രാജാവു് എന്നാൽ ആരെന്നും യഥാർത്ഥഭരണമെന്നാലെന്തെന്നും അദ്ദേഹത്തിനറിയാമായിരുന്നു. തന്റെ ജീവിതം മുഴുവനും നാടിന്റേയും നാട്ടാരുടേയും നന്മക്കുവേണ്ടി ബലികഴിക്കാൻ സന്നദ്ധനായ ആദ്യത്തെ ഇംഗ്ലീഷ് രാജാവാണു് ആൽഫ്രഡ്.

ഡെയിൻകാരുമായുണ്ടായ സന്ധിക്കുശേഷം ആൽഫ്രഡ് ഒന്നാമതായി ചെയ്തതു ഡെയിൻകാരുടെ ഉപദ്രവം മേലിൽ ഉണ്ടാകാതിരിപ്പാൻവേണ്ടി ഇംഗ്ലണ്ടിന്റെ ശക്തി വർദ്ധിപ്പിക്കുകയാണു്. നാടിന്റെ രക്ഷയ്ക്കുവേണ്ടി അദ്ദേഹം സ്വരാജ്യസ്നേഹികളായ കുറെ നാട്ടുകാരെ തിരഞ്ഞെടുത്തു് ഒരു നല്ല പട്ടാളം * തയ്യാറാക്കി. ഇവക്കു വേണ്ടതായ യുദ്ധപരിശീലനവും നല്കി. എന്നാൽ ഇതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തനായില്ല. ധാരാളം കപ്പലുകൾ പണിയിച്ചു നല്ല ഒരു നാവികസൈന്യവും അദ്ദേഹം തയ്യാറാക്കി. കടലിലുള്ള ഇംഗ്ലീഷുകാരുടെ ഇന്നത്തെ പ്രാമാണ്യത്തിനൊക്കെ ഹേതു ആൽഫ്രഡ് മഹാരാജാവാണെന്നാണു് ഇന്നും ജനങ്ങൾ പറയുന്നതു്.

പിന്നീടു് അദ്ദേഹത്തിന്റെ ശ്രമം മുഴുവനും ഡെയിൻകാരുടെ ആക്രമണത്തിന്റെ ഫലമായി അനാഥസ്ഥിതിയിൽ കിടന്നിരുന്ന പള്ളികളും സന്ന്യാസിമഠങ്ങളും ഉയർത്തിക്കൊണ്ടു വരുവാനായിരുന്നു. അദ്ദേഹം

---

* National Militia

പുതിയ രീതിയിൽ അനവധി പള്ളികളും സന്ന്യാസിമഠങ്ങളും പണിയിക്കുകയും അവയിൽ ആത്മീയജീവിതം നയിക്കുന്ന പുരോഹിതന്മാരേയും സന്ന്യാസിമാരേയും നിയമിക്കുകയും ചെയ്തു. ഈവക സ്ഥാപനങ്ങൾ ഒരിക്കലും അന്ധവിശ്വാസത്തിന്റെയും അജ്ഞതയുടേയും ഇരിപ്പിടമാകാൻ പാടില്ലെന്നു അദ്ദേഹത്തിനു പ്രത്യേകം നിർബ്ബന്ധമുണ്ടായിരുന്നു. പ്രതൃത ഈവക സ്ഥാപനങ്ങൾ ജനങ്ങൾക്കു ഉൽകൃഷ്ടമായ ജ്ഞാനം പ്രദാനം ചെയ്യുന്ന സങ്കേതങ്ങളായിത്തീരുവാൻ അദ്ദേഹം സദാ ശ്രമിച്ചിരുന്നു. വിദ്യാഭ്യാസത്തിലുള്ള അഭിരുചി നിമിത്തം അദ്ദേഹം നാടെങ്ങും അനവധി പള്ളിക്കൂടങ്ങൾ പണിയിക്കുകയും അവയിൽ പണ്ഡിതന്മാരായ ഗുരുനാഥന്മാരെ നിയമിക്കുകയും, അനവധി പുസ്തകങ്ങൾ എഴുതിച്ചു പ്രസിദ്ധം ചെയ്യുകയും ചെയ്തു. പാമരന്മാർക്കു അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ സ്ഥാനമേ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൊട്ടാരം സദാ വിദ്വൽജനങ്ങളെക്കൊണ്ടു ശോഭിച്ചിരുന്നു.

നീതിന്യായപരിപാലനത്തിലും ആൽഫ്രഡ് ബദ്ധശ്രദ്ധനായിരുന്നു. നിയമങ്ങളെക്കുറിച്ചു ജനങ്ങൾക്കു വലിയ അറിവൊന്നും അന്നുണ്ടായിരുന്നില്ല. അതുകൊണ്ടു ആൽഫ്രഡ് അന്നു നടപ്പിൽ ഉണ്ടായിരുന്ന പലേ നിയമങ്ങളേയും ശേഖരിച്ചു വേണ്ടതായ ഭേദഗതികളോടുകൂടി പ്രസിദ്ധം ചെയ്തു. അന്നുണ്ടായിരുന്ന ഭരണസ്ഥാപനങ്ങളെ അദ്ദേഹം പരിഷ്കരിക്കുകയും പല പുതിയ സ്ഥാപനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ഈവക പരിഷ്കാരങ്ങളുടെ കർത്താവ് എന്ന നിലയിൽ

യിലും പരിശുദ്ധവും ദൈവീകവും ആയ ജീവിതത്തിന്റെ ഉത്തമദൃഷ്ടാന്തമെന്ന നിലയിലും മഹാൻ എന്ന പേരിനു തികച്ചും അർഹനായി ആൽഫ്രഡ് മഹാരാജാവ് ഭൂമുഖത്തുനിന്നു മറഞ്ഞു.

അദ്ധ്യായം 8

ആൽഫ്രഡിന്റെ പിൻഗാമികൾ 899—978

(വെസക്സിന്റെ സുവർണ്ണകാലം)

ആൽഫ്രഡിന്റെ പിൻഗാമികൾ അദ്ദേഹത്തെപ്പോലെ ബുദ്ധിമാന്മാരായിരുന്നില്ലെങ്കിലും അവർ എല്ലാവരും വീരയോദ്ധാക്കളായിരുന്നു. എഡ്വർഡ് ദി എൽഡർ, അതൽസ്റ്റാൻ, എഡ്രഡ് മുതലായ രാജാക്കന്മാരുടെ കീഴിൽ വെസക്സിന്റെ ശക്തി പൂർവ്വാധികം വർദ്ധിച്ചുതന്നെ വന്നു. വെസക്സിലെ രാജാവെന്ന സ്ഥാനപ്പേരു പോയി, ഇംഗ്ലാണ്ടിലെ രാജാവെന്ന സ്ഥാനപ്പേരും പോയി, ബ്രിട്ടനിലെ ചക്രവർത്തി എന്ന സ്ഥാനവും കൂടി അവർ കൈക്കൊണ്ടു. ഡെയിൻലാ മാത്രമല്ല, വെയിൽസ്, സ്കോട്ട്ലാണ്ട്, മുതലായ രാജ്യങ്ങളും വെസക്സിന്റെ ആധിപത്യത്തെ അനുസരിച്ചു.

എന്നാൽ ആൽഫ്രഡിന്റെ പിൻഗാമികളിൽ ഏറ്റവും പ്രധാനി എഡ്ഗാർ ദി പീസ്ഫുൾ ആയിരുന്നു. അദ്ദേഹത്തിന്റെ പതിനാറാംകൊല്ലത്തെ ഭരണം

എഡ്ഗാർ 959—975

(959-975) ആംഗലരാജ്യചരിത്രത്തിൽ വളരെ പ്രധാനമായ കന്നാണ്. അദ്ദേഹത്തിന്റെ ഭരണകാലത്തു രാജ്യത്തിന്റെ ശക്തി പൂർവ്വാധികം വർദ്ധിക്കുകയും നാട്ടിൽ സമാധാനവും സന്തുഷ്ടിയും സർവ്വത്ര സ്ഥാപിക്കപ്പെട്ടുകയും ചെയ്തു.

രാജ്യഭരണവിഷയത്തിൽ അദ്ദേഹത്തെ സഹായിച്ചിരുന്നതു് അദ്ദേഹത്തിന്റെ പ്രധാന മന്ത്രിയായ ഡൻസ്റ്റാൻ ആയിരുന്നു. അദ്ദേഹം ഗ്ലാസ്റ്റൻബറിയിലെ ഒരു സന്യാസി എന്ന നിലയിൽ നിന്നായിരുന്നു അവസാനം എഡ്ഗാറിന്റെ കാലത്തു കാൻറർബറിയിലെ ആർച്ച് ബിഷപ്പായി. അങ്ങിനെ ഡൻസ്റ്റാൻ മതസംബന്ധമായ കാര്യങ്ങളിൽ മാത്രമല്ല രാജ്യഭരണസംബന്ധമായ കാര്യങ്ങളിലും പ്രവർത്തിച്ചുവന്നു. ഈ രണ്ടു സ്ഥാനവും കരാളിൽതന്നെ സ്ഥിതിചെയ്യുക എന്നുള്ളതു് ഇടം പ്രഥമമായ ഒരു സംഗതിയാണു്. എങ്കിലും ആ രണ്ടു സ്ഥാനത്തിനും താൻ അർഹനാണെന്നു് അദ്ദേഹം തന്റെ പ്രവൃത്തികൊണ്ടു ലോകർക്കു കാണിച്ചുകൊടുത്തു.

ഡൻസ്റ്റാന്റെ ബുദ്ധിപൂർവ്വമായ പ്രവൃത്തിയുടെ ഫലമായിട്ടാണ് ഇംഗ്ലാണ്ട് മുഴുവനും എഡ്ഗാറിന്റെ ആധിപത്യത്തെ അനുസരിച്ചതു്. ഒരു പ്രജയും മറ്റൊരു പ്രജയും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും, എല്ലാവർക്കും ഒരുപോലെയുള്ള അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്നും അദ്ദേഹം മനസ്സിലാക്കി അതനുസരിച്ചു പ്രവൃത്തിച്ചുവന്നു. അതിന്റെ ഫലമായി ഒരു പുതിയ ജീ

വൻ സമ്പൂർണ പ്രത്യക്ഷമായി. വെസക്സിന്റെ സുവർണ്ണ കാലം ശരിക്കും അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചു.

എന്നാൽ അദ്ദേഹം വെറും ഒരു ഭരണതന്ത്രജ്ഞൻ മാത്രമായിരുന്നില്ല. ക്രിസ്തുവിനെ ആദർശമായിക്കരുതി പരിശുദ്ധമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നതു്. അങ്ങിനെ എല്ലാ ക്രിസ്ത്യാനികളും ആയിത്തീരുവാൻ അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു. പുതുതായി ജനങ്ങളുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരുന്ന മതപ്രസ്ഥാനം ഡൺസ്റ്റാന്റെ ഈ ഉദ്ദേശത്തെ വളരെ സഹായിച്ചു. സന്ന്യാസിമാരുടേയും, സന്ന്യാസിനിമാരുടേയും എണ്ണം വർദ്ധിച്ചു. ക്രിസ്തുമതം ഒരു പുതിയ ജീവനോടുകൂടി ഇംഗ്ലാണ്ടിൽ പ്രചരിക്കാൻ തുടങ്ങി.

അദ്ധ്യായം വ

വെസക്സിന്റെ അധഃപതനം 978–1042

എഡ്ഗാറിന്റെ അകാലനിര്യാണത്തോടുകൂടി വെസക്സിന്റെ സുവർണ്ണകാലം അസ്തമിച്ചു എന്നതിനെയല്ല ക്രമേണ അതിന്റെ അധഃപതനം തുടങ്ങുകയും ചെയ്തു. 978-ൽ എതൽറഡ് ദി അൺറെഡി സിംഹാസനത്തിൽ കയറി. എന്നാൽ അദ്ദേഹം അശക്തനും കാര്യപ്രാപ്തി ഇല്ലാത്തവനും ആയിരുന്നതുകൊണ്ടു നാടിന്റെ മട്ടാകെ പെട്ടന്നു മാറി. അന്തച്ഛിദ്രവും അരാജകത്വവും നാട്ടിൽ

എതൽറഡ് 978—1016.

പരക്കുവാൻ തുടങ്ങി. ഈ തരംനോക്കി ഡെയിൻകാർ പിന്നേയും ഇംഗ്ലാണ്ടിനെ ആക്രമിച്ചു. എന്നാൽ എതൽറെഡ് ഒരു ഭീരു ആയിരുന്നതുകൊണ്ട് അദ്ദേഹം അവരോടു യുദ്ധം ചെയ്യാതെ അവക്കു കൈക്കൂലി കൊടുത്തു മടക്കി അയച്ചു. ഈ നയം അവക്കു എളുതരം നല്കി. അവർ എല്ലാക്കൊല്ലവും ഇംഗ്ലാണ്ടിനെ ആക്രമിക്കാൻ തുടങ്ങി. എതൽറെഡ് അവസാനം ഇംഗ്ലാണ്ടിൽ താമസിച്ചിരുന്ന ഡെയിൻകാരെ എല്ലാം ആക്രമിക്കുകയും വളരെപേരെ കൊല്ലുകയും ചെയ്തു. * ഈ പ്രവൃത്തി ഡെയിൻകാരെ കോപാന്ധരാക്കി. ഡെൻമാർക്കിലെ രാജാവായ സെപയിനിന്റെ കീഴിൽ ഒരു വലിയ സൈന്യം ഇംഗ്ലാണ്ടിനെ ആക്രമിച്ചു കീഴടക്കി. അധികം താമസിയാതെ സെപയിൻ മരിച്ചു. അദ്ദേഹത്തിന്റെ മകനായ കനുട്ടും എതൽറെഡിന്റെ മകനായ എഡ്മണ്ടും തമ്മിൽ വളരെക്കാലം യുദ്ധം നടന്നു. അവസാനം എഡ്മണ്ടിന്റെ മരണശേഷം കനുട്ട് ഇംഗ്ലാണ്ടിലെ രാജാവായി. ഇംഗ്ലാണ്ടു മുഴുവനും അദ്ദേഹത്തിന്റെ ആധിപത്യത്തെ അനുസരിച്ചു. അദ്ദേഹം ഡെൻമാർക്കിലേയും ഇംഗ്ലാണ്ടിലേയും മാത്രമല്ല നോർവ്വെയിലേയും രാജാവായി.

കനുട്ട് വിദേശീയനായിരുന്നെങ്കിലും ക്രമേണ ഇംഗ്ലീഷുകാക്കു സമ്മതനായ ഒരു രാജാവായിത്തീർന്നു. അദ്ദേഹം ഒരു വീരയോദ്ധാവായിരുന്നതിനു പുറമെ ഒരു ഭരണതന്ത്രജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ ഇംഗ്ലീഷുകാരെ അദ്ദേഹം ധാരാളമായി ചേർക്കുകയും ഇം

കനുട്ട്
1017—1035

* Massacre of St. Brice's Day.

ഗ്ലാണ്ടിലെ മാത്രമല്ല നോർവ്വേയിലേയും ഡെൻമാർക്കിലേയും ഭരണത്തിൽ അവർക്കു ധാരാളമായി പ്രവേശനം അനുവദിക്കുകയും ചെയ്തു. ക്രമേണ ഇംഗ്ലാണ്ടിൽ എല്ലാവിധത്തിലും ഉള്ള അഭിവൃദ്ധിയുണ്ടായി. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായവയെ അദ്ദേഹം പോഷിപ്പിച്ചു. കലാവിദ്യകളിൽ ജനങ്ങൾക്കു കൂടുതൽ അഭിരുചി ഉണ്ടാക്കിത്തീർത്തു.

ഭരണസൗകര്യത്തിനുവേണ്ടി അദ്ദേഹം ഇംഗ്ലാണ്ടിനെ നാലു ഭാഗമായിത്തിരിച്ചു. കാരോ ഭാഗം ഭരിക്കുന്നതിനും ചില പ്രഭുക്കന്മാരെ അദ്ദേഹം നിയമിക്കുകയുംചെയ്തു. ഈ പ്രഭുക്കന്മാരിൽവെച്ചു ഏറ്റവും പ്രധാനി വെസക്സിലെ ഗോഡ്വിൻ ആയിരുന്നു. ഈ ഏർപ്പാട് ഗുണത്തിനു പകരം ദോഷമാണു ചെയ്തത്. ഡൻസ്റ്റനെപ്പോലെ കനൂട്ടും മതസംബന്ധമായ പല പരിഷ്കാരങ്ങളും ഇംഗ്ലാണ്ടിൽ വരുത്തിയിട്ടുണ്ട്.

കനൂട്ട് 1035-ൽ മരിച്ചു. അദ്ദേഹത്തിന്റെ രണ്ടു മക്കളും (ഹാരോൾഡ്, ഹാർഡി, കനൂട്ട്) തീരെ അശക്തന്മാരും അല്പായുസ്സന്മാരും ആയിരുന്നു. അവരുടെ മരണത്തോടുകൂടി ഡെയിൻകാരുടെ ഭരണം അവസാനിക്കുകയും 1042 ൽ എതൽറെഡിന്റെ ഒരു മകനായ എഡ്വേഡ് ദി കൺഫസർ ഇംഗ്ലാണ്ടിലെ രാജാവാകുകയും ചെയ്തു.

അദ്ധ്യായം ൯

എഡ്വേർഡ് ദി കൺഫസർ (1042-1066)

ആംഗ്ലോ സാക്സൺ രാജാക്കന്മാരിൽ കടുവില ത്തെ ആളാണ് എഡ്വേഡ്. അദ്ദേഹം കരു സാധുവും അശക്തനും ആയിരുന്നതുകൊണ്ടു രാജ്യം ഭരിക്കുന്നതിനു തീരെ അപ്രാപ്തനായിരുന്നു. ശാന്തനും ഈശ്വരഭക്തനും ആയ അദ്ദേഹത്തിനു സന്യാസവൃത്തിയായിരുന്നു കൂടെ ക്കൂടി യോജിച്ചതു്. പോരെങ്കിൽ നോർമണ്ടിയിലാണ് അദ്ദേഹം വളർന്നുവന്നതു്. ഇംഗ്ലാണ്ടിനേയൊ അവിട ത്തെ സമ്പ്രദായങ്ങളേയൊ കുറിച്ചു് അദ്ദേഹത്തിനു വലി യ അറിവൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ബന്ധുക്കളും സ്നേഹിതന്മാരുമൊക്കെ നോമ്മൻകാരായി രുന്നു. എഡ്വേഡു് ഇംഗ്ലാണ്ടിലെ രാജാവായതോടുകൂടി അദ്ദേഹത്തിന്റെ ചങ്ങാതിമാരായ അനവധി നോമ്മൻ കാർ ഇംഗ്ലാണ്ടിലേക്കു വന്നു. ഇംഗ്ലാണ്ടിലെ പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നോമ്മൻകാരായിത്തീർന്നു. അവർ ധാരാളം വസ്തുക്കളും സ്ഥാനമാനങ്ങളും സമ്പാദിച്ചു ക്രമേ ണ അവിടത്തെ യജമാനന്മാരായിത്തീർന്നു.


ഇംഗ്ലീഷുകാർ ഈ വിദേശീയരെ നാട്ടിൽനിന്നും ആട്ടിപ്പായിക്കാനുള്ള ഉപായങ്ങൾ ആലോചിച്ചു തുട ങ്ങി. വെസക്സിലെ പ്രഭുവായ ഗോഡ്വിൻ ഈ കക്ഷി യുടെ നേതാവായി. അന്നു ഇംഗ്ലണ്ടിൽ വെച്ചു് ഏറ്റവും ശക്തനും ജനസ്വാധീനമുള്ളവനും ഗോഡ്വിൻ ആയിരു ന്നു. അദ്ദേഹം കരു നല്ല കുടുംബത്തിൽ ജനിച്ചു. ക്രമേണ

അദ്ദേഹത്തിന്റെ അനിതരസാധാരണമായ സാമർത്ഥ്യം കൊണ്ടു കന്യൂട്ടിന്റെ പ്രീതി സമ്പാദിച്ചു. കന്യൂട്ട് അദ്ദേഹത്തെ വെസക്സിലെ പ്രഭുവായി നിയമിച്ചു. അന്നുമുതൽ അദ്ദേഹം വലിയ പ്രമാണിയായിത്തീർന്നു. എഡ്വേർഡിന്റെ കാലത്തു് അദ്ദേഹം രാജ്യത്തെ മാത്രമല്ല രാജാവിനെത്തന്നേയും ഭരിച്ചിരുന്നു. എന്നാൽ നോർമ്മൻകാരുടെ ഉപദ്രവം സഹിക്കവയ്യാതെ ആയപ്പോൾ രാജാവുമായുള്ള ബന്ധം അവസാനിപ്പിച്ചു, അദ്ദേഹം എതിർകക്ഷിയുടെ നേതാവായി. ഗോഡ്വിന്റെ ഔന്നത്യത്തിൽ അസൂയാലുക്കളായ മറ്റു പ്രഭുക്കന്മാരുടേയും, നോർമൻകാരുടേയും, സഹായത്തോടുകൂടി എഡ്വേഡ് ഗോഡ്വിനെ കുടുംബസമേതം നാടുകടത്തി. ഈ കാലത്തു് എഡ്വേർഡിന്റെ ബന്ധത്തിൽ പെട്ടവനും, നോർമണ്ടിയിലെ ഡ്യൂക്കും ആയ വില്യം, എഡ്വേർഡിനെ സന്ദർശിച്ചു എന്നും എഡ്വേർഡ് വില്യമിനെ തന്റെ പിൻവാഴ്ചക്കാരനാക്കാമെന്നു വാഗ്ദത്തം ചെയ്തു എന്നും മറ്റും പറയുന്നുണ്ടു്. ഗോഡ്വിൻ അധികം താമസിയാതെ മടങ്ങിവരികയും, ജനങ്ങളുടെ സഹായത്തോടുകൂടി നോർമൻകാരെ കൊടിച്ചുകളയുകയും തന്റെ പൂർവ്വസ്ഥിതിയെ രണ്ടാമതും പ്രാപിക്കുകയും ചെയ്തു. എന്നാൽ അധികം താമസിയാതെ ഗോഡ്വിൻ മരിച്ചു.

ഗോഡ്വിന്റെ മകനായ ഹാരോൾഡ് ഉടനെ ആസ്ഥാനത്തു കയറി. അദ്ദേഹം ഗോഡ്വിനേക്കാൾ ശക്തനും പ്രതാപിയും ആയിരുന്നു. എഡ്വേർഡിന്റെ ആരോഗ്യം ക്രമേണ ക്ഷയിക്കുകയും 1066-ൽ അദ്ദേഹം ഇ

ഹലോകം വെടിയുകയും ചെയ്തു. ജന
ഹാരോൾഡ് ങ്ങൾ ഉടനെതന്നെ ആ സ്ഥാനത്തു ഹാ
1066 രോൾഡിനെ നിയമിച്ചു. എന്നാൽ മറ്റൊ
ള്ള പ്രഭുക്കന്മാർക്കു് അദ്ദേഹത്തിന്റെ പേ
രിൽ അസൂയ ജനിക്കാൻ തുടങ്ങി. ഹാരോൾഡിനു കൂട്ട
ത്തിൽ ഉപദ്രവം തന്റെ സഹോദരനായ ടോസ്റ്റിഗിൽ
നിന്നായിരുന്നു. 1065-ൽ നോർത്തംബ്രിയയിൽനിന്നു
നാടു കടത്തപ്പെട്ട ടോസ്റ്റിഗ്, നോർവേ രാജാവായ
ഹാരോൾഡു് ഹാഡ്രൂഡയുടെ സഹായത്തോടുകൂടി നോ
ർത്തംബ്രിയയെ ആക്രമിച്ചു. ഹാരോൾഡു് അവരുടെ
സൈന്യത്തെ സ്റ്റാഫോർഡു് ബ്രിഡ്ജ് എന്ന സ്ഥ
ലത്തുവെച്ചു തോല്പിച്ചു. അതിനിടക്കു നോർമണ്ടിയിലെ
ഡ്യൂക്കായ വില്യം ഇംഗ്ലണ്ടിനെ ആക്രമിച്ചു. ഹേസ്റ്റി
ങ്ങ്സ് എന്ന സ്ഥലത്തുവെച്ചു് ഹാരോൾഡും വില്യവും
തമ്മിൽ ഒരു വലിയ യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ
ഹാരോൾഡു് തോല്ക്കുകയും മരിക്കുകയും ചെയ്തു. വില്യം
ഉടനെ ലണ്ടനിലേക്കു പോകുകയും ഭയവിഹ്വലരായ
ജനങ്ങൾ അദ്ദേഹത്തെ രാജാവായി സ്വീകരിക്കുകയും
ചെയ്തു. ഇദ്ദേഹമാണു് ആദ്യത്തെ നോർമൻ രാജാവു്.

വെസക്സിലെ പ്രധാന രാജാക്കന്മാർ.



അദ്ധ്യായം ൬൦

ആംഗ്ലോസാക്സൺഭരണസ്ഥാപനങ്ങൾ.

രാജാവു്.

ഇംഗ്ലീഷ്കാരുടെ വരവോടുകൂടി ഇംഗ്ലാണ്ടിൽ അനവധി ചെറുരാജ്യങ്ങളും രാജാക്കന്മാരുമുണ്ടായി എന്നു നാം മനസ്സിലാക്കിയല്ലൊ. ക്രമേണ ഈ രാജ്യങ്ങൾ തമ്മിലുള്ള കലഹം നിമിത്തം ഇംഗ്ലാണ്ടു മുഴുവനും ശക്തനായ ഒരു രാജാവിന്റെ കീഴിലായി. അങ്ങിനെ രാജാവായിത്തീർന്നു, രാജ്യത്തിലെ ഏറ്റവും പ്രധാനി. എന്നാൽ രാജാവിനെ തിരഞ്ഞെടുക്കുകയായിരുന്നു അന്നത്തെ പതിവു്. പക്ഷെ രാജകുടുംബത്തിൽപെട്ട ഒരാളെത്തന്നെയാണു് സാധാരണ തിരഞ്ഞെടുത്തുവരാറു്. ഒരു രാജാവിന്റെ മരണശേഷം പിന്നത്തെ അവകാശികൾ തീരെ കൊള്ളരുതാത്തവരാണെങ്കിൽ മാത്രമേ ഈ പതിവിനു വിപരീതമായി പുറമേനിന്നു ഒരാളെ തിരഞ്ഞെടുക്കാറുള്ളൂ.

വിറ്റനാജിമൂട്ട്.

രാജാവിനെ ഉപദേശംകൊണ്ടും മറ്റും സഹായിക്കുന്നതിനു രാജ്യത്തെ പ്രമാണികളടങ്ങിയ ഒരു സഭയുണ്ടായിരുന്നു. ഇതിനു വിറ്റനാജിമൂട്ട് എന്നാണു പേർ. അതായതു ബുദ്ധിമാന്മാരുടെ സഭ. ഇന്നത്തെ കോമൺസ്സഭപോലെ അതു പൊതുജനപ്രതിനിധികൾ അടങ്ങിയ ഒരു സഭയായിരുന്നില്ല. ഏതാണ്ടു് ഇന്നത്തെ

പ്രഭുസഭയെപ്പോലെ (ഹൌസ് ആഫ് ലാർഡ്സ്) പ്രഭുക്കന്മാർ, പ്രധാന ഉദ്യോഗസ്ഥന്മാർ, രാജാവിന്റെ ബന്ധുക്കൾ മുതലായവരടങ്ങിയ ഒരു സഭയായിരുന്നു അത്. രാജാവു് ഈ സഭയുടെ അനുമതിയോടുകൂടിയല്ലാതെ രാജ്യം ഭരിക്കുവാൻ പാടില്ലെന്നായിരുന്നു നിയമം. എന്നാൽ ഈ നിയമം അത്ര നിർബന്ധമായി ആരും അനുസരിക്കാറില്ല. രാജാവിനെ തിരഞ്ഞെടുത്തിരുന്നതും ഭരണസംബന്ധമായ പ്രധാന കാര്യങ്ങൾ നടത്തിയിരുന്നതും ഈ സഭതന്നെ ആണു്.

ഷയർ

ഭരണസൌകര്യത്തിനുവേണ്ടി അദ്ദേഹം രാജ്യത്തെ അനവധി ഷയറുകളായും, ഷയറുകളെ ഹൺഡ്രഡ്സുകളായും, അവയെ ടൌൺഷിപ്പുകളായും വിഭജിച്ചിരുന്നു. ഓരോ ഷയറിലും ഷെറിഫ് എന്ന ഓരോ പ്രധാന ഉദ്യോഗസ്ഥനും, ഷയർമൂട്ട് എന്ന ഓരോ സഭയും ഉണ്ടായിരുന്നു. ഷയറിൽ ഉള്ള പ്രധാനികളും, ഹൺഡ്രഡ്സിലുള്ള പ്രതിനിധികളും, അടങ്ങിയ ഒരു പ്രജാസഭയായിരുന്നു ഷയർമൂട്ട് അതിനു കേസുകൾ വിചാരണചെയ്യുന്ന ഒരു കോടതിയുടെ സ്ഥാനവും കൂടിയുണ്ടായിരുന്നു. ഷെറിഫായിരുന്നു ഈ സഭയുടെ അദ്ധ്യക്ഷനും പ്രധാന ന്യായാധിപതിയും ഷെറിഫിനു പുറമെ ഷയറിലുള്ള സൈന്യത്തിന്റെ നായകനായി ആൽഡർമാൻ എന്നൊരു ഉദ്യോഗസ്ഥനും ഉണ്ടായിരുന്നു.

ഹണ്ഡ്റഡ്

ഓരോ ഷയറിനേയും ഹൺഡ്രഡ്സു എന്നു പേരു

ള്ള അനവധി ഭാഗങ്ങളായി തിരിച്ചിരുന്നു. കൗരോ ഹൺഡ്റഡിലും അതിലെ പ്രധാനികളും, ടെൺഷിപ്പിലെ പ്രതിനിധികളും അടങ്ങിയ കൗരോ ഹൺഡ്റഡ് മൂട്ടം ഉണ്ടായിരുന്നു. ഈ കോടതിക്കു മറവള്ള ചുമതലകൾക്കു പുറമെ ഒരു നീതിന്യായക്കോടതിയുടെ സ്ഥാനവും ഉണ്ടായിരുന്നു.

ടെൺഷിപ്പ്

കൗരോ ഹൺഡ്റഡിനേയും അനവധി ടെൺഷിപ്പുകളായിത്തിരിച്ചിരുന്നു. അതായിരുന്നു ഏറ്റവും ചെറിയ ഭൂഭാഗം.

(ഭാഗം 2. നോമ്മൻ ഭരണകാലം)

അദ്ധ്യായം ൧൧

നോമ്മൻ ആക്രമണത്തിന്റെ പ്രധാന ഫലങ്ങൾ.

നോമ്മൻ ആക്രമണം ആംഗലരാജ്യചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സംഭവമാണ്. വില്യമിനു രാജ്യത്തിനു് അവകാശം ഉണ്ടായിരുന്നെങ്കിലും ഇല്ലെങ്കിലും വില്യമിന്റെ ആക്രമണം ഇംഗ്ലാണ്ടിന്റെ നിലക്കും വിലക്കും സാരമായ ചില വ്യത്യാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അന്നുമുതൽക്കാണു് ഇംഗ്ലാണ്ടു മുഴുവനും പൂർണ്ണമായി യോജിച്ചു ശക്തനായ ഒരു രാജാവിന്റെ കീഴിൽ

വത്തിക്കുവാൻ തുടങ്ങിയതു്. അതോടുകൂടി യഥാർത്ഥമായ ഐകൃവും സ്വാതന്ത്ര്യബോധവും ജനങ്ങളുടെ ഇടയിൽ ഉണ്ടാകുകയും ചെയ്തു. അന്നാണു്, ഇംഗ്ലാണ്ടിലെ ദേശീയസ്ഥാപനങ്ങൾക്കു് ഒരു പുതിയ ജീവൻ ഉണ്ടായതും, ഇംഗ്ലാണ്ടിനു ലോകചരിത്രത്തിൽ ഒരു സ്ഥാനമുണ്ടായതും.

കൂടിയായ്മ സമ്പ്രദായത്തിന്റെ ബീജം ഇംഗ്ലാണ്ടിൽ ആദ്യകാലം മുതൽക്കേ ഉണ്ടായിരുന്നു എങ്കിലും അതിനു വേണ്ടതായ ഭേദഗതികളോടുകൂടി രാജ്യരക്ഷകും രാജാവിന്റെ ശക്തിക്കും ഉപദ്രവകരമായിത്തീരാത്ത വിധത്തിൽ നോർമ്മൻ രാജാക്കന്മാർ വളത്തിക്കൊണ്ടു വന്നു. ഇംഗ്ലാണ്ടിൽ മതസംബന്ധമായ പലേ പരിഷ്കാരങ്ങളും ഉണ്ടായിത്തുടങ്ങി. മതസംബന്ധമായ കാര്യങ്ങളിൽ ഇംഗ്ലാണ്ടും പോപ്പും തമ്മിലുള്ള ബന്ധം കൂടുതൽക്കൂടി സ്ഥിരപ്പെടുകയും ചെയ്തു. നോർമ്മൻ രാജാക്കന്മാരുടെ വരവോടുകൂടി സാമ്പത്തികമായും സാമുദായികമായും, സാഹിത്യപരമായും ഇംഗ്ലാണ്ടിൽ പലേ മാറ്റങ്ങളും ഉണ്ടായിത്തുടങ്ങി. ഫ്രാൻസുമായുള്ള ബന്ധം ഇംഗ്ലാണ്ടിലെ കച്ചവടം, കൈത്തൊഴിൽ മുതലായവയുടെ വളർച്ചക്കു് ഒരു വലിയ സഹായമായിത്തീർന്നു.

അദ്ധ്യായം ൫൨

നോമ്മൻരാജാക്കന്മാരും കൂടിയായ്മ സമ്പ്രദായവും.

വില്യം ഒന്നാമൻ. 1066—1087

ഹേസ്റ്റിങ്ങ്സിലെ യുദ്ധത്തിൽ വില്യം വിജയിയായി എങ്കിലും ഇംഗ്ലാണ്ടു മുഴുവനും അദ്ദേഹത്തിന്റെ അധീനത്തിലായി എന്നു പറഞ്ഞുകൂടാ. ഹെറിവേർഡ് തുടങ്ങി ശക്തന്മാരായ പല പ്രഭുക്കന്മാർ വില്യമിന്റെ അധികാരത്തെ എതിർത്തുകൊണ്ടു പലദിക്കിലും ലഹള ക്കൊരുങ്ങി. വില്യമിന്റെ ആദ്യത്തെ ശ്രമം മുഴുവനും ഇവരെ കീഴടക്കുന്നതിനായിരുന്നു. 1071 ആയപ്പോ ഴെക്കും ഇംഗ്ലാണ്ടു മുഴുവനും ഏതാണ്ടു വില്യമിന്റെ ആധിപത്യത്തെ സ്വീകരിച്ചു. മേലിൽ ഇപ്രകാരമുള്ള ഉപദ്രവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വില്യം നാട്ടിലെങ്ങും അനവധി നോമ്മൻ കോട്ടകൾ പണിയിക്കുകയും അവയിൽ നോമ്മൻ ഭടന്മാരെ നിയമിക്കുകയും ചെയ്തു. ഇവയുടെ അവശിഷ്ടങ്ങൾ ഇംഗ്ലാണ്ടിൽ ഇന്നും കാണാവുന്നതാണ്.

കൂടിയായ്മ സമ്പ്രദായം

ഇംഗ്ലാണ്ടിന്റെ അധിപനായതോടുകൂടി വില്യം ഇംഗ്ലീഷുകാരുടെ പക്കൽനിന്നും അവരുടെ വസ്തുക്കളെല്ലാം തട്ടിപ്പറിച്ചു് തന്റെ സ്വന്തം കൂട്ടുകാർക്കു് വീതി

ച്ചുകൊടുത്തു. അതോടുകൂടി ഇംഗ്ലീഷുകാരിൽ മിക്കവരും നോമ്മൻ പ്രഭുക്കന്മാരുടെ വെറും അടിമകളായിത്തീർന്നു. ഇതാണ് കൂടിയായ്മസമ്പ്രദായത്തിന്റെ തുടക്കം. എന്നാൽ ഈ സമ്പ്രദായം വിലൃം അങ്ങിനെതന്നെ നോമ്മണ്ടിയിൽനിന്നു കൊണ്ടുവന്നതാണ് എന്നു പറഞ്ഞുകൂടാ. ആംഗ്ലോസാക്സൻ കാലത്തും ഈ സമ്പ്രദായം ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നു. വേണ്ടതായ ഭേദഗതികളോടുകൂടി പരിഷ്കരിച്ച രീതിയിൽ അതിനെ പോഷിപ്പിച്ചു കൊണ്ടുവന്നതു് വിലൃമാണ്. ഈ സമ്പ്രദായപ്രകാരം രാജൃത്തുള്ള സകല വസ്തുക്കളുടേയും ഉടമസ്ഥൻ എന്ന നിലയിൽ രാജാവു് ഏറ്റവും വലിയ ജന്മിയാണെന്നാണു സങ്കല്പം. ഈ വസ്തുക്കളെ രാജാവു തന്റെ കൂടെയുള്ള നോമ്മൻ പ്രഭുക്കന്മാക്കു വീതിച്ചുകൊടുത്തു. വേണ്ടസമയത്തു രാജാവിനുവേണ്ടി യുദ്ധംചെയ്യുകയായിരുന്നു അവരുടെ ഏറ്റവും പ്രധാനമായ ചുമതല. ഇവർ തങ്ങൾക്കു കിട്ടിയ വസ്തുക്കളെ പിന്നേയും ഇപ്രകാരംതന്നെ തങ്ങളുടെ കീഴിലുള്ള പ്രഭുക്കന്മാക്കു ഭാഗിച്ചുകൊടുത്തു. അവരും ഇപ്രകാരംതന്നെ പ്രവർത്തിച്ചതുകൊണ്ടു് അവക്കും കൂടിയാനവന്മാരുണ്ടായി. ഇങ്ങിനെ ഏറ്റവും നിസ്സാരനും ജന്മിക്കുവേണ്ടി എപ്പോഴും പാടത്തു നിന്നു ജോലിചെയ്യുന്നവനും ആയ അടിമ മുതൽ രാജാവുവരെ എല്ലാവക്കും ഈ സമ്പ്രദായത്തിൽ സ്ഥാനമുണ്ടായിരുന്നു. വസ്തുനടപ്പാണ് ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനമെന്നു പ്രത്യക്ഷത്തിൽതന്നെ കാണാവുന്നതാണ്. കൂടിയാനവൻ ജന്മിക്കുവേണ്ടി പ്രവർത്തി എടുക്കുക ജന്മി കൂടിയാനവനെ സംരക്ഷിക്കുക ഇപ്രകാരമുള്ള ചു

മതലകളാൽ ഇതിൽപെട്ട എല്ലാവരും അന്യോന്യം ബന്ധിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ നോമ്മൺഭിയിൽ ഈ സമ്പ്രദായംകൊണ്ടുണ്ടായ ഉപദ്രവങ്ങളും ഇംഗ്ലാണ്ടിലും ഉണ്ടാകാതിരിക്കാൻ വില്ല്യം ചില പ്രത്യേക മുൻകരുതലുകളും ചെയ്തു. തന്റെ കീഴിലുള്ള എല്ലാ കുടിയാനവന്മാരേയും വില്യം തന്റെ മുമ്പാകെ വരുത്തി, രാജാവിനെ അനുസരിക്കുക എന്നുള്ളതാണ് അവരുടെ പ്രഥമവും പ്രധാനവുമായ ചുമതല എന്നു് അവരെക്കൊണ്ടു സമ്മതിപ്പിച്ചു് സത്യം ചെയ്യിച്ചു. ഇതു നോമ്മൻ പ്രഭുക്കന്മാരുടെ ശക്തിക്കു് ഒരു വലിയ ഇടിവു വരുത്തി. പോരെങ്കിൽ തന്റെ അധികാരത്തെ ഈ പ്രഭുക്കന്മാർ ധിക്കരിക്കാതിരിക്കുവാൻ വേണ്ടിയാണു് വില്യം അവർക്കു വസ്തുക്കളും നാടിന്റെ പല ഭാഗത്തായി ഭാഗിച്ചുകൊടുത്തതു്.

ഡൂംസ്ഡേ ബുക്ക്

രാജ്യത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി വില്യം രാജ്യത്തിലുള്ള എല്ലാ വസ്തുക്കളും അളന്നു തിട്ടപ്പെടുത്തി അവയിൽ ആരൊക്കെയാണു് താമസിക്കുന്നതെന്നും അവരുടെ വരവു് എന്താണെന്നും മറ്റുമുള്ള വിസ്തൃതമായ ഒരു കണക്കു തയ്യാറാക്കി. ഇതിനെ ഡൂംസ്ഡേ ബുക്ക് എന്നാണു് വിളിച്ചുവരുന്നതു്.

എന്നാൽ ഈ ഏർപ്പാടുകളൊന്നും നോമ്മൻ പ്രഭുക്കന്മാർക്കു തീരെ രസിച്ചില്ല. അവരുടെ ഉദ്ദേശം രാജാ

വിന്റെ ശക്തി നശിപ്പിച്ച നാട്ടിൽ അരാജകത്വം ഉണ്ടാക്കണം എന്നായിരുന്നു. അതനുസരിച്ച റോജർ, റാൽഫ്, വാൽത്തിയോഫ് മുതലായ പ്രഭുക്കന്മാരും, വില്യമിന്റെ മകനായ റോബർട്ടുതന്നെയും ലഹളക്കൊരുങ്ങി. എന്നാൽ ഈ ഘട്ടത്തിലെല്ലാം ഇംഗ്ലീഷുകാർ വില്യമിനു അനല്പമായ സഹായം ചെയ്യിട്ടുണ്ട്. ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി വില്യം ഇവരെയെല്ലാം തോല്പിച്ചു കീഴടക്കുകയും തന്റെ അധികാരം നാട്ടിൽ സ്ഥിരമായി സ്ഥാപിക്കുകയും ചെയ്തു.

വില്യം രണ്ടാമൻ. 1087—1100.

വില്യം ഒന്നാമന്റെ നയത്തെത്തന്നെയാണ് വില്യം രണ്ടാമനും അനുവർത്തിച്ചുപോന്നതു്. അദ്ദേഹം ശക്തനാണെങ്കിലും മഹാ ക്രൂരനും നിഷ്ഠുരനും ആയിരുന്നു. തന്റെ പ്രധാന മന്ത്രിയായ റാനൽഫ് ഫ്ലാംബാർഡിന്റെ സഹായത്തോടുകൂടി വില്യം ഫ്യൂഡൽ പ്രഭുക്കന്മാരെ അടക്കുവാനുള്ള ശ്രമങ്ങളെല്ലാം ചെയ്തു. 1088-ൽ റോബർട്ടിനെ സഹായിച്ചുകൊണ്ടു കെൻറിലെ പ്രഭുവായ കാഡോ ലഹളക്കൊരുങ്ങി. എന്നാൽ വില്യം ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി ലഹളക്കാരുടെ ശക്തി നിഷ്പ്രയാസം നശിപ്പിച്ചു. 1095-ൽ നോർത്തംബർലാണ്ടിലെ പ്രഭുവായ റോബർട്ട് മൌബ്രേ ലഹളക്കൊരുങ്ങി. അതും വില്യം നിഷ്പ്രയാസം കെടുക്കുകയും അയാളെ ജീവപര്യന്തം തടവിലിടുകയും അയാളുടെ സ്വത്തെല്ലാം പിടിച്ചെടുക്കുകയും ചെയ്തു.

ഹെൻറി ഒന്നാമൻ. 1100—1135.

വില്യം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഇളയസഹോദരനായ ഹെൻറി ഒന്നാമൻ ഇംഗ്ലാണ്ടിലെ രാജാവായി. അദ്ദേഹം ശക്തനും കായ്പ്രാപ്തിയുള്ളവനും ഒരു ഭരണകുശലനും ആയിരുന്നു. അദ്ദേഹവും ഫ്യൂഡൽ പ്രഭുക്കന്മാരോട് തന്റെ അച്ഛന്റെ നയത്തെത്തന്നെയാണ് അനുവർത്തിച്ചു പോന്നതു്. ഫ്യൂഡൽ പ്രഭുക്കന്മാരുടെ ശക്തി കുറച്ചു, നാട്ടിൽ സമാധാനവും സന്തുഷ്ടിയും സ്ഥാപിക്കുന്നതിനു് അദ്ദേഹം പ്രധാനമായി മൂന്നു വഴിക്കാണു പ്രവർത്തിച്ചതു്. ഒന്നാമതായി, ഇംഗ്ലീഷുകാരെ തന്റെ സ്വാധീനത്തിലാക്കി അവക്കു പലവിധത്തിലുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു. എഡ്വേർഡ് ദി കൺഫസറുടെ കാലത്തുണ്ടായിരുന്ന നിയമങ്ങൾ അനുസരിച്ചതന്നെയാണു് താനും ഭരണം നടത്തുവാൻപോകുന്നതെന്നു് അവരെ മനസ്സിലാക്കി. ജനങ്ങളുടെ പരമശത്രുവായ ഫ്ലാംബാർഡിനെ അദ്ദേഹം ജയിലിലിട്ടു. തന്റെ അച്ഛൻ നാട്ടിൽനിന്നും ഓടിച്ചുകളഞ്ഞ ആച്ച് ബിഷപ്പ് ആൻസ്ലത്തെ അദ്ദേഹം തിരിയെ വിളിച്ചു. പോരെങ്കിൽ ഇംഗ്ലീഷ് രാജകുടുംബത്തിൽപ്പെട്ട ഒരു സ്ത്രീയായ മാറിൽഡയെ അദ്ദേഹം വിവാഹം ചെയ്കയും ചെയ്തു.

എന്നാൽ ഈ നയങ്ങളൊക്കെ നോർമ്മൻപ്രഭുക്കന്മാർ ഒരു പുച്ഛരസത്തോടുകൂടിയാണു് നോക്കിക്കൊണ്ടിരുന്നതു്. അവർ ഹെൻറിയുടെ അധികാരത്തെ എതിർത്തു. ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി ഹെൻറി ആദ്യം റോബർട്ടിനെ തോല്പിച്ചു നോർമ്മണ്ടിയും ഇംഗ്ലാ

ണ്ടിനോട് ചേർത്തു. ഇതുപോലെതന്നെ മറ്റു പ്രഭുക്കന്മാരേയും ഹെൻറി തോല്പിച്ചു കീഴടക്കി. അവരുടെ സ്വത്തു കണ്ടുകെട്ടിയും മറ്റു പലവിധത്തിലും അദ്ദേഹം അവരെ ഉപദ്രവിച്ചു. പോരെങ്കിൽ അവരുടെ ശക്തി കുറയ്ക്കുന്നതിനു ഹെൻറി പുതിയ ഒരുതരം പ്രഭുക്കന്മാരെ സൃഷ്ടിക്കുകയും, അവർക്കു ധാരാളം വസ്തുക്കളും ഉദ്യോഗങ്ങളും, സ്ഥാനമാനങ്ങളും കൊടുക്കുകയും ചെയ്തു.

എന്നാൽ ഇതിനെല്ലാറ്റിലും പ്രധാനമായതു ഭരണസംബന്ധമായ ഹെൻറിയുടെ പുതിയ പരിഷ്കാരങ്ങളാണ്. പ്രധാന ഉദ്യോഗസ്ഥന്മാർ ഈ പുതിയ പ്രഭുക്കന്മാരായിരുന്നതുകൊണ്ട്, ഫ്യൂഡൽപ്രഭുക്കന്മാർക്ക് ആ വഴിക്കുള്ള അധികാരവും ഇല്ലാതെയായി. ഈ പുതിയ പ്രഭുക്കന്മാരുടെ ഇടയിൽനിന്നുതന്നെ, തന്റെ പ്രധാനമന്ത്രിയായി ഹെൻറി സാലിസ്ബറിയിലെ മെത്രാനായ റോജറിനെ തിരഞ്ഞെടുത്തു. ഹെൻറിയുടെ പൂർണ്ണമായ വിശ്വാസത്തിനു പാത്രമായ ഇദ്ദേഹവും ഹെൻറിയെപ്പോലെ ഒരു ഭരണതന്ത്രജ്ഞനായിരുന്നു. ഇദ്ദേഹത്തിനു പുറമെ ചാൻസലർ എന്നും ട്രഷറർ എന്നും രണ്ടു ഉദ്യോഗസ്ഥന്മാരെക്കൂടി ഹെൻറി നിയമിച്ചിട്ടുണ്ടായിരുന്നു. ഭരണസംബന്ധമായ രണ്ടു പ്രധാന ചുമതലകളും വഹിക്കുന്നതിനു രണ്ടു പുതിയ സ്ഥാപനങ്ങളും ഹെൻറി സൃഷ്ടിച്ചു. ഇതിൽ ഒന്നിന്റെ പേർ "കൂറിയ റെജിസ്" എന്നായിരുന്നു. ഏതാണ്ടു് ഒരു നീതിന്യായക്കോടതിയുടെ സ്ഥാനമാണ് ഇതു വഹിച്ചിരുന്നതു്. ഫ്യൂഡൽപ്രഭുക്കന്മാരെ സംബന്ധിച്ച കേസ്സുകളും കീഴ്ക്കോടതിയിൽനിന്നുള്ള അപ്പീലുകളും ആണ് ഇതിൽ പ്രധാന

മായി വിചാരണക്കെട്ടത്തിരുന്നതു്. ഈ ക്യൂരിയ റജിസിൽനിന്നും ഇടക്കിടക്കു് ചില ന്യായാധിപന്മാർ നാടിന്റെ നാനാഭാഗങ്ങളിലും ചുറ്റിസ്സഞ്ചരിച്ചു്, അവരുടെ സക്കീട്ടുകോടതികളിൽ പ്രാദേശികമായ കേസ്സുകളും വിചാരണചെയ്യാറുണ്ടു്. രാജ്യത്തെ വരവുചിലവുകളെ സംബന്ധിച്ചു പ്രധാന ചുമതലകളും ഈ ക്യൂരിയ റജിസിനുണ്ടായിരുന്നു. ധനസംബന്ധമായ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ അതിനു "എക്സ്ചെക്കർ" എന്നായിരുന്നു പേർ. ഇതാണു് രണ്ടാമത്തെ സ്ഥാപനം. ഹെൻറിയുടെ ഏതാദൃശമായ പ്രവൃത്തികളാണു് അദ്ദേഹത്തിനു "ലയൺ കാഫ് ഓഫ് ദൈറിയസ് നസ്" എന്ന സ്ഥാനംകൂടി സമ്പാദിച്ചതു്.

സ്റ്റീഫൻ 1135—1154.

ഹെൻറിയുടെ പിൻഗാമിയായ സ്റ്റീഫന്റെ ഭരണം വളരെ നിന്ദ്യമായിട്ടുള്ള ഒന്നാണു്. അദ്ദേഹത്തിന്റെ ചരിത്രംതന്നെ സിംഹാസനത്തിനുവേണ്ടി ഹെൻറിയുടെ മകളായ മാറ്റിൽഡയുമായുണ്ടായ ഒരു കലഹത്തിന്റെ ചരിത്രമാണു്. ഇരുകൂട്ടരും തമ്മിൽ വാലിങ്ങ്ഫോർഡിൽവെച്ചുണ്ടായ സന്ധിയോടുകൂടി ഈ കലഹം അവസാനിച്ചു. തന്റെ മരണംവരെ സ്റ്റീഫൻ രാജ്യം ഭരിച്ചുകൊള്ളുവാനും മരണശേഷം മാറ്റിൽഡയുടെ മകനായ ഹെൻറി രാജാവാകുവാനും ആയിരുന്നു സന്ധിയിലെ നിശ്ചയം. എന്നാൽ അശക്തനും, അപ്രാപ്തനും, ബുദ്ധിശൂന്യനുമായ സ്റ്റീഫന്റെ കുറഞ്ഞൊരു ഭരണകാലത്തിനിടക്കു ഫ്യൂഡൽ പ്രഭുക്കന്മാരുടെ ശ

കതി പൂർവ്വാധികം വർദ്ധിച്ചുവരികയും അവർ നാട്ടിൽ സർവ്വത്ര അന്തഃഛിദ്രവും അരാജകത്വവും സ്ഥാപിക്കുകയും ചെയ്തു. നോർമ്മൻ കോട്ടകൾ നാടെങ്ങും നിറഞ്ഞു. അവ സാധുക്കളെ ഉപദ്രവിക്കുന്നതിനുള്ള സങ്കേതങ്ങളായിത്തീർന്നു. അവരുടെ അക്രമങ്ങൾ അമർത്തുന്നതിന് സ്റ്റീഫൻ ശക്തനായില്ല. ഹെൻറി സ്ഥാപിച്ച നീതിന്യായക്കോടതികൾതന്നെ തീരെ അശക്തങ്ങളായിത്തീർന്നു. പോരെങ്കിൽ, റോജർ മുതലായ ഹെൻറിയുടെ പ്രധാന ഉദ്യോഗസ്ഥന്മാരെ സ്റ്റീഫൻ പിരിച്ചയക്കുകയും ചെയ്തു. ചുരുക്കത്തിൽ, സ്റ്റീഫന്റെ കാലത്തു നാട്ടിൽ സമാധാനമേ ഉണ്ടായിരുന്നില്ല.

അദ്ധ്യായം പന്ത്രണ്ട്

നോർമ്മൻരാജാക്കന്മാരും കുസ്തന്തീൻ ദേവാലയങ്ങളും.

കുസ്തന്തീൻ ദേവാലയങ്ങളുടെ ചരിത്രത്തിൽ നോർമ്മൻ ആക്രമണം വളരെ പ്രധാനമായ ഒരു സംഭവമാണ്. ഹിൽഡിബ്രാൻഡ് എന്ന മഹാൻ തടപ്പിൽവരുത്തിയ മതപരിഷ്കരണത്തിന്റെ കാറ്റു യൂറോപ്പു മുഴുവനും വീശിത്തുടങ്ങി. അതു ജനങ്ങളുടെ വിശ്വാസത്തിലും ആദർശത്തിലും ഒരു വലിയ വിപ്ലവംതന്നെയുണ്ടാക്കി. ഭരണസ്ഥാപനങ്ങൾകൂടി ദേവാലയങ്ങൾക്കധീനങ്ങളാകണമെന്നുള്ളതായിരുന്നു ഈ പുതിയ പ്രസ്ഥാനത്തിന്റെ പ്രധാനമായ ഒരു ഉദ്ദേശം. നോർമ്മൻ

രാജാക്കന്മാരാകട്ടെ ഈ പുതിയ പ്രസ്ഥാനത്തെ തീരെ വകവെക്കാതെ ദേവാലയങ്ങളെ അവരുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുവാൻ സദാ ശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി വളരെക്കാലത്തേക്കു രാജാക്കന്മാരും ദേവാലയങ്ങളും തമ്മിൽ കലഹിച്ചുകൊണ്ടിരുന്നു.

വില്യം ഒന്നാമൻ

എന്നാൽ, വില്യം ഒന്നാമൻ ദേവാലയങ്ങളുടെ ഒരു ബന്ധുവായിരുന്നു. പോപ്പിന്റെ അനുമതിയോടും അനുഗ്രഹത്തോടുംകൂടി ആണ് അദ്ദേഹം ഇംഗ്ലാണ്ടിനെ ആക്രമിച്ചതുതന്നെ. ഹിൽഡിബ്രാൻഡിന്റെ ആജ്ഞകളെ ഇംഗ്ലാണ്ടിൽ പരത്തിയതും അദ്ദേഹംതന്നെയാകുന്നു. ഇംഗ്ലാണ്ടും റോമും തമ്മിലുള്ള ബന്ധം കുറേക്കൂടി ഉറപ്പിച്ചു എങ്കിലും അനാവശ്യമായി പോപ്പിനു അദ്ദേഹം ഒരിക്കലും കീഴടങ്ങിയിരുന്നില്ല. പോപ്പിന്റെ അധികാരങ്ങൾക്കുതന്നെ അദ്ദേഹം ഒരു അതിരു കല്പിച്ചു. ദേവാലയങ്ങളെ വില്യം സ്വതന്ത്രസ്ഥാപനങ്ങളാക്കിത്തീർക്കുകയും ആച്ച് ബിഷപ്പ് ലാൻഫ്രാങ്കിന്റെ സഹായത്തോടുകൂടി മതസംബന്ധമായ പലേ പരിഷ്കാരങ്ങളും നടപ്പിൽവരുത്തുകയും ചെയ്തു.

വില്യം രണ്ടാമൻ

അത്യാഗ്രഹിയും ക്രൂരനും ആയ വില്യം രണ്ടാമന്റെ പ്രവൃത്തികൾ ഇതിനു തീരെ വിപരീതമായിരുന്നു. തന്റെ പ്രധാനമന്ത്രിയായ ഫ്ലാംബാർഡിന്റെ സഹായത്തോടുകൂടി അദ്ദേഹം ദേവാലയങ്ങളുടെ സ്വാത

ന്ത്യമെല്ലാം നശിപ്പിച്ചു, അവയിൽനിന്നും കിട്ടിയ ധനം അപഹരിച്ചു. 1089-ൽ ലാൻഫ്രാങ്ക് മരിച്ചു എങ്കിലും പിന്നീട നാലു കൊല്ലത്തേക്കു വിലും ആ സ്ഥാനത്തു ആരേയും നിയമിച്ചില്ല. അതിന്റെ ഉദ്ദേശം ദ്രവ്യാപഹരണംമാത്രം ആയിരുന്നു. 1093-ൽ അദ്ദേഹം ആ സ്ഥാനത്തു ആൻസ്ലം എന്ന മഹാനെ നിയമിച്ചു. എന്നാൽ അധികം താമസിയാതെ അവർ തമ്മിൽ കലഹിക്കുകയും നാടുവിട്ടു പോകുന്നതിനു ആൻസ്ലം നിബ്ബന്ധിതനാകുകയും ചെയ്തു.

ഹെൻറി ഒന്നാമൻ

ഹെൻറി ഒന്നാമന്റെ ആദ്യത്തെ പ്രവൃത്തി ആൻസ്ലത്തെ തിരികെ വിളിക്കുക എന്നുള്ളതായിരുന്നു. ഹിൽഡി ബ്രാൻഡിന്റെ ആദർശങ്ങളിൽ പൂർണ്ണമായി വിശ്വസിച്ചിരുന്ന ആൻസ്ലം ദേവാലയങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ദേവാലയങ്ങൾ പൂർണ്ണമായി തനിക്കു കീഴടങ്ങണം എന്നുള്ളതായിരുന്നു ഹെൻറിയുടെ മുഖ്യ ഉദ്ദേശം. ബിഷപ്പുമാക്കു മഠാധിപത്യം ആ സ്ഥാനം കൊടുക്കുക എന്നുള്ളതു തന്റെ അധികാരമാണെന്നും, അവരും മറ്റുള്ള പ്രജകളെപ്പോലെ തനിക്കധീനരാണെന്നും ഹെൻറി വാദിച്ചു. ആൻസ്ലം ഇതനുസരിച്ചില്ല. ഉടനെ ഇരുകൂട്ടരും തമ്മിൽ വഴക്കുണ്ടായി. അവസാനം 1103-ൽ ആൻസ്ലം നാടുവിട്ടു പോയി. 1107-ൽ അവർ തമ്മിൽ രാജിയാകുകയും ആൻസ്ലം മടങ്ങിവരികയും ചെയ്തു.

സ്റ്റീഫൻ

അശക്തനായ സ്റ്റീഫന്റെ മരണകാലത്തു ദേവാലയങ്ങൾക്കു പൂർണ്ണസ്വാതന്ത്ര്യം കിട്ടി എന്നുമാത്രമല്ല അവയ്ക്കുള്ള അധികാരങ്ങൾ പതിന്മടങ്ങു വർദ്ധിക്കുകയും ചെയ്തു. പുരോഹിതന്മാരേയും മറ്റും സംബന്ധിച്ച കേസുകൾ ദേവാലയങ്ങളുടെ പ്രത്യേകം കോടതികളിൽത്തന്നെ വിചാരണചെയ്യുവാൻ തുടങ്ങി. ഇംഗ്ലീഷുകോടതികളിൽനിന്നും റോമിലേക്കുള്ള അപ്പീലുകളുടെ എണ്ണവും വർദ്ധിക്കുവാൻ തുടങ്ങി.

നോർമ്മൻ രാജാക്കന്മാർ.

വിലും ഒന്നാമൻ — ഭാര്യ ഫ്ളാൻഡേർസിലെ മാറ്റിൽഡ
1066—1087,

റോബർട്ട്. | വിലും രണ്ടാമൻ 1087-1100, | ഹെൻറി ഒന്നാമൻ 1100-1135. | അഡീല

ഹെൻറി രണ്ടാമൻ
1154-1189.

സ്റ്റീഫൻ
1135-1154

മാറ്റിൽഡ് — ഭർത്താവു ആൻജോവിലെ ജിയോഫ്റി

അദ്ധ്യായം ൧൮.

(ഭാഗം മൂന്നു്. പ്ലാൻറജനററ് ഭരണകാലം)

ഹെൻറി രണ്ടാമൻ 1154—1189.

ഹെൻറി ൧ന്നാമൻറെ മരണശേഷം വാലിങ്ങ്ഫോർഡിലെ സന്ധിയനുസരിച്ചു, ഹെൻറി രണ്ടാമൻ ഇംഗ്ലാണ്ടിലെ രാജാവായി. മദ്ധ്യകാലത്തു ഇംഗ്ലാണ്ടിനെ ഭരിച്ചിരുന്ന രാജാക്കന്മാരിൽ, ഹെൻറി രണ്ടാമൻ എന്തുകൊണ്ടും പ്രഥമഗണനീയനാണു്. അദ്ദേഹം ശക്തനും, ബുദ്ധിമാനും കായ്പ്രാപ്തിയുള്ളവനും ൧ു ഭരണതന്ത്രജ്ഞനും ആയിരുന്നു.

സാമ്രാജ്യം

അമ്മയായ മാററിൽഡവഴി ഹെൻറിക്കു നോമ്മണ്ടിയും, അച്ഛനായ ആഞ്ജോവിലെ ജിയോഫ്റി വഴിക്കു ആഞ്ജോവും കിട്ടി. അതോടുകൂടി ചിരകാലമായി നോമ്മണ്ടിയും ആഞ്ജോവും തമ്മിലുണ്ടായിക്കൊണ്ടിരുന്ന കലഹം അവസാനിക്കുകയും ചെയ്തു. പോരെങ്കിൽ അക്വിറൈനിലെ ഇലീനറുമായുള്ള വിവാഹബന്ധം ഹെൻറിക്കു ആ രാജ്യത്തിലെ യജമാനത്വവും നൽകി. തൻറെ മക്കളിൽ ൧രാളായ ജിയോഫ്റിയെക്കൊണ്ടു ബ്രിട്ടനിയിലെ രാജകുമാരിയെ വിവാഹം ചെയ്യിച്ചപ്പോൾ, ബ്രിട്ടനിയും അദ്ദേഹത്തിൻറെ അധീനത്തിലായി. ഇങ്ങിനെ ആദ്യം മുതൽക്കുതന്നെ ഹെൻറി വമ്പിച്ച ൧ു സാമ്രാജ്യത്തിൻറെ ഉടമസ്ഥനായിത്തീർന്നു.

എന്നാൽ ഹെൻറി ഇതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടി ല്ല. വെയിൽസ്, സ്കോട്ട്ലാണ്ട് മുതലായ രാജ്യങ്ങളിലുള്ള ജനങ്ങളെക്കൊണ്ടും അദ്ദേഹം തന്റെ ആധിപത്യത്തെ അനുസരിപ്പിച്ചു. 1171-ൽ അദ്ദേഹം അയർലാണ്ടിലേ ക്കു പോകുകയും അയർലാണ്ടും അദ്ദേഹത്തിന്റെ ആധി പത്യം അനുസരിക്കുകയും ചെയ്തു. അന്നു മുതൽക്കു ഇം ഗ്ലീഷ് രാജാക്കന്മാർക്കു "ലോർഡ്സ് ആഫ് അയർലാ ണ്ട്" എന്ന സ്ഥാനം കിട്ടിയെങ്കിലും അയർലാണ്ടിനെ പൂർണ്ണമായി കീഴടക്കുവാൻ ഹെൻറിക്കെന്നല്ല ഒരു ഇംഗ്ലീ ഷ് രാജാവിനും ഇതുവരെ സാധിച്ചിട്ടില്ല.

ഹെൻറിയും ഫ്യൂഡൽപ്രഭുക്കന്മാരും

ഹെൻറിക്കു വേറും ഒരു സാമ്രാജ്യസ്ഥാപകൻ എ ന്നുള്ള നിലയിൽ മാത്രമല്ല പ്രാധാന്യമുള്ളതു്. സ്റ്റീഫ നെറ കാലത്തുണ്ടായിരുന്ന അരാജകത്വം എല്ലാം നശി പ്പിച്ചു പ്രബലന്മാരായ ഫ്യൂഡൽ പ്രഭുക്കന്മാരേയും, സ്വത ന്ത്രസ്ഥാപനങ്ങളായിത്തീർന്ന ദേവാലയങ്ങളേയും കീഴട ക്കി, രാജാവിന്റെ ശക്തി പൂർവ്വാധികം വർദ്ധിപ്പിച്ചു. അ തിനെ അടിസ്ഥാനമാക്കിയിട്ടുള്ള ശരിയായ ഒരു ഭരണസ മ്പ്രദായം രൂപീകരിക്കുകയെന്നായിരുന്നു ഹെൻറിയുടെ പ്രധാനമായ ഉദ്ദേശം.

ആദ്യമായി അദ്ദേഹം ഫ്യൂഡൽ പ്രഭുക്കന്മാർ സ്റ്റീ ഫന്റെ കാലത്തു നാട്ടിൽ സ്ഥാപിച്ചിരുന്ന കോട്ടകളിൽ മിക്കവയും അടിച്ചുടച്ചു; ശേഷിച്ചവയിൽ തന്റെ സ്വ ന്തം പട്ടാളക്കാരെ നിയമിച്ചു. ഇതിനെ തുടർന്നു ഈ പ്രഭു ക്കന്മാരുടെ ശക്തി കുറക്കുന്നതിനു വേറെയും ചില ഏർപ്പാടു കളും അദ്ദേഹം ചെയ്തു. നോർമ്മൻ പ്രഭുക്കന്മാർ ലഹള

കൊരുങ്ങിയെങ്കിലും ഹെൻറി അതെല്ലാം നിഷ്പ്രയാസം അമർത്തി.

ഭരണപരിഷ്കാരങ്ങൾ

ഭരണസമ്പ്രദായം പരിഷ്കരിക്കുന്നതിനും പ്രഭുക്കന്മാരുടെ ശക്തി കുറക്കുന്നതിനും മറ്റുമായി ഹെൻറി അനവധി നിയമങ്ങൾ * നടപ്പിൽ വരുത്തി. 1166-ൽ "അസൈസ് ഓഫ് ക്ലാറണ്ടൺ" എന്ന നിയമംകൊണ്ടു കുലകുറ്റക്കാരേയും മാറ്റം വിചാരണ ചെയ്യുന്നതിനു ഒരു പുതിയ ഏർപ്പാടു അദ്ദേഹം ചെയ്തു. കുറിയ റജിസീൽ നിന്നും ന്യായാധിപന്മാർ കാരോ പ്രദേശത്തും പോകുമ്പോൾ ആ പ്രദേശത്തുള്ള കുറ്റക്കാർ ആരാണെന്നന്വേഷിച്ചറിഞ്ഞു, അവരെ ഈ ന്യായാധിപന്മാരുടെമുമ്പിൽ ഹാജരാക്കുന്നതിന് "ജൂറി" എന്ന പേരുള്ള സംഘങ്ങൾ അദ്ദേഹം സ്ഥാപിച്ചു. ഇതുപോലെ, "ഗ്രാൻഡ് അസൈസ്" എന്ന നിയമംകൊണ്ടു വസ്തുക്കളുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച തർക്കങ്ങൾ തീർക്കുന്നതിനു ഒരു പ്രത്യേക ജൂറിയേയും ഹെൻറി നിയമിച്ചു. ഇതിനു മുമ്പു കയ്യൂക്കുള്ളവൻ കായ്ക്കാരൻ എന്നായിരുന്നു നിയമം.

1181-ൽ ഹെൻറി, അസൈസ് ആഫ് ആംസ്, എന്ന പുതിയ നിയമം നടപ്പിൽ വരുത്തി. ഈ പുതിയ നിയമപ്രകാരം സ്വതന്ത്രരായ എല്ലാ ഇംഗ്ലീഷുകാരും രാജാവിനും രാജ്യത്തിനും വേണ്ടി യുദ്ധം ചെയ്യുവാൻ കടപ്പെട്ടിരായിത്തീർന്നു. ഇങ്ങിനെ ഹെൻറി രണ്ടാമതും പണ്ടത്തെ ദേശസൈന്യത്തെ സ്ഥാപിക്കരിച്ചു. ഫ്യൂഡൽ

* Assizes

പ്രഭുക്കന്മാർ യുദ്ധംചെയ്യുന്നതിനു പകരം "സ്കൂട്ടേജ്" എന്ന ഒരു നികുതി കൊടുത്താൽ മതി എന്നും അദ്ദേഹം സമ്മതിച്ചു.

ദേവാലയങ്ങൾ

അക്കാലത്തു ക്രിസ്ത്യൻ ദേവാലയങ്ങളുടെ ശക്തി വളരെ അധികം വർദ്ധിച്ചിട്ടുണ്ടായിരുന്നു. രാജാവിന്റെ ആജ്ഞകളെ ധിക്കരിക്കുന്നതിനുകൂടി ഈ ദേവാലയങ്ങൾ തയ്യാറായിരുന്നു. ഈ ദേവാലയങ്ങളുമായി സൌഹാർദ്ദനിലയിൽ വർത്തിക്കുന്നതിനു വളരെ സഹായമായിത്തീരുമെന്നു കരുതി, ഹെൻറി, ഭരണവിഷയത്തിൽതന്നെ സഹായിച്ചിരുന്ന തോമസ്സ് ബെക്കറ്റിനെ കാൻറർബറിയിലെ ആർച്ച് ബിഷപ്പായി നിയമിച്ചു. എന്നാൽ ആർച്ചുബിഷപ്പായ ഉടനെ, ബെക്കറ്റ്, ഈ ദേവാലയങ്ങളുടെ അധികാരാവകാശങ്ങളെ സംരക്ഷിക്കുന്നതു തന്റെ കടമയാണെന്നു കരുതി അതിന്നായി പ്രയത്നിച്ചുതുടങ്ങി. അക്കാലത്തു കുറക്കാരായ പുരോഹിതന്മാരെ വിസ്തരിക്കുന്നതിനു പ്രത്യേകം കോടതികളും ഉണ്ടായിരുന്നു. അവിടെ അവക്കു കിട്ടിയിരുന്ന ശിക്ഷ, സാധാരണക്കാക്കു രാജാവിന്റെ കോടതികളിൽ കിട്ടാവുള്ളതിൽ തുലോം നിസ്സാരങ്ങളായിരുന്നു. പുരോഹിതന്മാരായാലും, എല്ലാവരും തന്റെ പ്രജകളാണെന്നും, ആ നിലക്കു ശരിയായ നീതിന്യായം പരിപാലിക്കേണ്ടതു തന്റെ ചുമതലയാണെന്നും ഹെൻറി വാദിച്ചു. അദ്ദേഹം "കൊൺസ്റ്റിറ്റ്യൂഷൻസ് ആഫ് ക്ലാറണ്ടൺ" എന്ന ഒരു പുതിയ നിയമമുണ്ടാക്കി. അതനുസരിച്ചു ദേവാലയങ്ങളിൽ തനിക്കു ചില അധികാരങ്ങളും ഉണ്ടെന്നു അദ്ദേഹം സ്ഥാപിച്ചു. ബെക്ക

റ്റ് ഇതു സമ്മതിച്ചില്ല. ഉടനെ ഹെൻറിയും ബെക്കറും തമ്മിൽ ഒരു കലഹമുണ്ടാകുകയും ബെക്കറിനു നാടുവിട്ടു പോകേണ്ടിവരുകയും ചെയ്തു. അവകൊല്ലം കഴിഞ്ഞു രണ്ടു കൂട്ടരും തമ്മിൽ രാജിയാകുകയും ബെക്കറു മടങ്ങിവരുകയും ചെയ്തു. എന്നാൽ ഉടനെതന്നെ ചില കാരണത്തിന്മേൽ രണ്ടു കൂട്ടരും തമ്മിൽ വീണ്ടും കലഹിക്കുകയും കുപിതനായ ഹെൻറി തന്റെ ആളുകളെക്കൊണ്ടു ബെക്കറിനെ വധിപ്പിക്കുകയും ചെയ്തു. ഭേവാലയങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി പ്രാണനുപേക്ഷിച്ച ബെക്കറിനെ ജനങ്ങൾ ആരാധിക്കുവാൻ തുടങ്ങി.

അദ്ധ്യായം ൧൬

റിച്ചേർഡ് ഒന്നാമൻ (1189—1199)

1189-ൽ ഹെൻറിയുടെ മകനായ റിച്ചേർഡ് സിംഹാസനത്തിൽ കയറി എങ്കിലും അദ്ദേഹത്തിന്റെ താമസം അധികവും ഫ്രാൻസിലായിരുന്നു. തന്റെ പത്തു കൊല്ലത്തെ ഭരണത്തിനിടക്കു രണ്ടു പ്രാവശ്യം മാത്രമെ അദ്ദേഹം ഇംഗ്ലാണ്ടു സന്ദർശിച്ചിട്ടുള്ളു. അതുതന്നെയും പണത്തിന്റെ ആവശ്യത്തിനു വേണ്ടിയാണ്. ആവശ്യമുള്ള പണം ഇംഗ്ലാണ്ടിൽനിന്നും അയച്ചുകൊടുത്തിരുന്നതുകൊണ്ടു അദ്ദേഹം തൃപ്തിപ്പെട്ടിരുന്നു. എങ്കിലും രാജാവില്ലാത്ത ന്യൂനത ഇംഗ്ലാണ്ടിനുണ്ടായിരുന്നില്ല. ഹെൻറി രണ്ടാമൻ സ്ഥാപിച്ച ഭരണസമ്പ്രദായം അന്നും ഒരു കുറ

വുകൂടാതെ നിലനിന്നിരുന്നതുകൊണ്ടു രാജ്യത്തിനു പൊതുവെ ക്ഷേമംതന്നെ ആയിരുന്നു.

ക്രൂസേഡ്

റിച്ചേർഡിന്റെ കാലത്തു നടന്ന ഏറ്റവും പ്രധാന സംഭവം ചരിത്രപ്രസിദ്ധമായ മൂന്നാമത്തെ ക്രൂസേഡ് ആയിരുന്നു. ക്രിസ്ത്യാനികൾക്കു ഏറ്റവും പ്രധാനമായ ജറുസലം തുർക്കികൾ പിടിച്ചടക്കി. അതോടുകൂടി ക്രിസ്ത്യാനികൾക്കു ബത്ലഹീം, ജറുസലം തുടങ്ങിയ പരിശുദ്ധസ്ഥലങ്ങളിലേക്കു തീർത്ഥയാത്ര ചെയ്യുകയെന്നതു അസാദ്ധ്യമായിത്തുടങ്ങി. ഈ സംഭവം ക്രിസ്തീയലോകത്തിൽ മുഴുവൻ വലിയ ക്ഷോഭം ഉണ്ടാക്കിത്തീർത്തു. യൂറോപ്പിലുള്ള ക്രിസ്ത്യാനികൾ ഒത്തൊരുമിച്ചു ജറുസലത്തെ വീണ്ടെടുക്കുന്നതിനു തുർക്കികളുമായി അനവധി യുദ്ധം ചെയ്തു. ഈ യുദ്ധത്തെ ആണു ക്രൂസേഡ് എന്നു പറയുന്നതു്. ഇങ്ങിനെ രണ്ടു ക്രൂസേഡ് ഇതിനുമുമ്പുതന്നെ കഴിഞ്ഞിട്ടുണ്ടായിരുന്നു. അതിന്റെ ഫലമായി ക്രിസ്ത്യാനികൾക്കു പാലസ്തീനയിൽനിന്നു തുർക്കികളെ ഓടിച്ചുകളയുവാനും ജറുസലം വീണ്ടെടുക്കുവാനും സാധിച്ചു. എന്നാൽ തുർക്കികളുടെ ശക്തി പൂർവ്വാധികം വർദ്ധിക്കുകയും, ഈജിപ്തിലെ സുൽത്താനായ സാലഡ്ഡിന്റെ കീഴിൽ അവർ ക്രിസ്ത്യാനികളെ ഓടിച്ചുകളയുകയും ജറുസലത്തിൽ രണ്ടാമതും അവരുടെ ശക്തി സ്ഥാപിക്കുകയും ചെയ്തു. ജറുസലത്തെ വീണ്ടെടുക്കുന്നതിനു മൂന്നാമതും ഒരു ക്രൂസേഡ് തുടങ്ങി. ഇത്തവണ ഇതിന്റെനേതാക്കന്മാരിൽ ഏറ്റവും പ്രധാനി റിച്ചേർഡു രാജാവായിരുന്നു. ഈ യുദ്ധത്തിൽ റിച്ചേർഡ് വളരെ പ്രശസ്തി സ

ന്വാദിച്ചു. അവസാനം സാലഡീനുമായി സന്ധിചെയ്തു റിച്ചേർഡ് ഇംഗ്ലാണ്ടിലേക്കു മടങ്ങി.

എന്നാൽ ഫ്രാൻസിലെ ഫിലിപ്പ് റിച്ചേഡുമായി ശണ്ഠ തുടങ്ങിയതുകൊണ്ടു റിച്ചേർഡിനു ഫ്രാൻസിൽ കൂടി ഇംഗ്ലണ്ടിലേക്കു മടങ്ങുവാൻ സാധിച്ചില്ല. അഡ്രിയാറിക്ക് സമുദ്രത്തിൽകൂടി ജർമ്മനിവഴിക്കു അദ്ദേഹം പുറപ്പെട്ടു. ഇടയ്ക്കുവെച്ചു ജർമ്മൻ ചക്രവർത്തി അദ്ദേഹത്തെ തടവുകാരനായി പിടിച്ചു. ഇംഗ്ലാണ്ടിൽനിന്നു വളരെ പണം കൊടുത്തതിനുശേഷമേ അദ്ദേഹത്തെ ജർമ്മൻ ചക്രവർത്തി വിട്ടയച്ചുള്ളു. അവസാനം 1196-ൽ റിച്ചേർഡ് ഇംഗ്ലാണ്ടിൽ വന്നെത്തി. ഉടനെ ഒരു സൈന്യം ശേഖരിച്ചു അദ്ദേഹം ഫ്രാൻസിനോടു യുദ്ധത്തിനു പുറപ്പെട്ടു. അതിടയ്ക്കുവെച്ചു തന്റെ സ്വന്തം സാമന്തന്മാരിൽ ഒരാളോടുണ്ടായ മത്സരത്തിൽ അദ്ദേഹം മരിക്കുകയുംചെയ്തു.

അദ്ധ്യായം പന്ത്രണ്ട്

ജോൺ. 1190—1216.

റിച്ചേർഡിനു ശേഷം ഇംഗ്ലാണ്ടിലെ രാജാവാകുവാനുള്ള അവകാശം ബ്രിട്ടനിലെ ആർതർ രാജകുമാരനായിരുന്നു. എന്നാൽ ആർതർ ഒരു കുട്ടിയായിരുന്നതുകൊണ്ടു പ്രഭുക്കന്മാർ ഹെൻറി രണ്ടാമന്റെ മകനായ ജോണിനെ രാജാവാക്കി. ജോൺ അകട്ടെ സ്വാർത്ഥിയും, ക്രൂരനും, ഒരു മുഴുമടിയനും, കൂടാതെയും സ്ഥിരത ഇല്ലാത്തവനും ആയിരുന്നു. അദ്ദേഹത്തിനു ഭരണത്തെപ്പുണ്യം തീരെ ഉ

ണ്ടായിരുന്നില്ലെന്നു മാത്രമല്ല തന്റെ പ്രജകളെ അദ്ദേഹം പലവിധത്തിലും ഉപദ്രവിക്കുകയും ചെയ്തിരുന്നു. ഈവക അക്രമപ്രവൃത്തികളും, മിഥ്യാഭിമാനം ആദിയായ അദ്ദേഹത്തിന്റെ ദുർഗ്ഗുണങ്ങളും നിമിത്തം കുറഞ്ഞൊരു കാലത്തിനുള്ളിൽ ഹെൻറി രണ്ടാമൻ സ്ഥാപിച്ചതായ വമ്പിച്ച സാമ്രാജ്യം തീരെ നശിച്ചു എന്നു മാത്രമല്ല, സകല ജനങ്ങളും ജോണിന്റെ ശത്രുക്കളായിത്തീരുകയും, അവർ അവരുടെ അവകാശാധികാരങ്ങൾ സംരക്ഷിക്കുന്നതിനു ജോണിന്റെ കയ്യിൽനിന്നു് ഒരു അധികാരപത്രം എഴുതി വാങ്ങുകയും ചെയ്തു.

ജോണും ഫ്രാൻസും.

ജോണിന്റെ അക്രമമായ പ്രവൃത്തികൾ ഫ്രാൻസിലുള്ള അദ്ദേഹത്തിന്റെ പ്രജകളെ ക്ഷുഭിതരാക്കി. അവർ ഫിലിപ്പിനോടു സങ്കടം പറഞ്ഞു. ഫിലിപ്പ് ഉടനെതന്നെ ഫ്രാൻസിലേക്കു ചെല്ലുവാൻ ജോണിനു ഒരു കല്പന അയച്ചു. ജോൺ അതനുസരിച്ചില്ല. ഉടനെ ഫിലിപ്പ് ഫ്രാൻസിലുള്ള ഇംഗ്ലീഷ് രാജ്യങ്ങളുടെ ഭരണാധികാരിയായി ആർതറിനെ നിയമിച്ചു. ആ സ്ഥലങ്ങൾ പിടിച്ചടക്കുവാൻ അദ്ദേഹം ആർതറിനെ പ്രേരിപ്പിച്ചു. എന്നാൽ ജോൺ ആർതറിനെ തോല്പിച്ചു തടവുകാരനായി പിടിക്കുകയും, ഏറ്റവും നിഷ്ഠുരമായ വിധത്തിൽ ആ കുട്ടിയെ കൊല്ലുകയും ചെയ്തു. ജോണിന്റെ ഈ പ്രവൃത്തി ഫ്രാൻസിൽ വലിയ ക്ഷോഭം ഉണ്ടാക്കി. ഉടനെ ഫിലിപ്പ് ജോണിനോടു യുദ്ധത്തിനു പുറപ്പെടുകയും ഫ്രാൻസിൽ ഇംഗ്ലീഷുകാരുടെവകയായുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളും പിടിച്ചടക്കുകയും ചെയ്തു.

ജോണും പോപ്പും

ഈ കരുനിലയിൽ മാത്രമല്ല ജോണിനു പരാജയം നേരിട്ടതു്. 1205-ൽ കാൻറർബറിയിലെ ആച്ച്ബിഷപ്പായ ഹൂബർട്ട് വാൾട്ടർ മരിച്ചു. ആരെയാണു് പിന്നീടു് ആ സ്ഥാനത്തേക്കു നിയമിക്കേണ്ടതു് എന്നുള്ളതിനെക്കുറിച്ചു തർക്കം തുടങ്ങി. അവിടെയുള്ള സന്യാസിമാരെല്ലാംകൂടി, റജിനാൾഡ് എന്ന ആളെ ആച്ച്ബിഷപ്പായി തിരഞ്ഞെടുത്തു, പോപ്പിൻെറ അനുമതിക്കായി അദ്ദേഹത്തെ റോമിലേക്കയച്ചു. ഇതറിഞ്ഞപ്പോൾ ജോൺ കോപാന്ധനായി, അവരെക്കൊണ്ടു നോർവിച്ചിലെ ബിഷപ്പായ ജോൺ ഡിഗ്രേ എന്ന ആളെ തിരഞ്ഞെടുപ്പിച്ചു റോമിലേക്കു് അയച്ചു. എന്നാൽ പോപ്പാകട്ടെ ഈ രണ്ടു സ്ഥാനാർത്ഥികളേയും വേണ്ടെന്നുവെച്ചു് സ്റ്റീഫൻ ലാങ്ങ്ടൺ എന്ന മഹാനെ ആ സ്ഥാനത്തു നിയമിച്ചു. ഇതറിഞ്ഞപ്പോൾ ജോണിൻെറ കോപത്തിനു അതിരുണ്ടായില്ല. ഉടനെ ജോണും പോപ്പും തമ്മിൽ കരുകലഹം തുടങ്ങി. അവസാനം ഗത്യന്തരമില്ലെന്നു കണ്ടു്, ഏറ്റവും നിന്ദ്യമായവിധത്തിൽ ജോൺ പോപ്പിനു കീഴടങ്ങുകയും, സ്റ്റീഫൻ ലാങ്ങ്ടനെ ആച്ച്ബിഷപ്പായി സ്വീകരിക്കുകയും ചെയ്തു.

വളരെക്കാലമായി ജോണിൻെറ അക്രമങ്ങൾകൊണ്ടു വല്ലാതെ കുഴങ്ങിയിരുന്ന ജനങ്ങൾ ഇപ്പോൾ സ്റ്റീഫൻ ലാങ്ങ്ടൻെറ നേതൃത്വത്തിൽ ജോണിനോടു് എതിർത്തു. 1215-ൽ റണ്ണിമീഡ് എന്ന സ്ഥലത്തുവെച്ചു ജോൺ അവർക്കു കീഴടങ്ങുകയും, അവരുടെ ഹിതം അനു-

സരിച്ച് അവർ തയ്യാറാക്കിക്കൊണ്ടു വന്നിരുന്ന 'മാഗ്ന കാർട്ട' എന്ന അധികാരപത്രം സമ്മതിച്ച് അതിൽ ഒപ്പിട്ടു കൊടുക്കുകയും ചെയ്തു.

മാഗ്നകാർട്ട.

ഇതനുസരിച്ചു, താനോ തന്റെ മുൻഗാമികളോ ഇതിനു മുമ്പു പ്രവൃത്തിച്ചതുപോലുള്ള അക്രമങ്ങൾ താൻ മേലിൽ തുടരുകയില്ലെന്നു ജോൺ വാഗ്ദത്തം ചെയ്തു. ക്രിസ്ത്യൻ ദേവാലയങ്ങൾക്കു പൂർണ്ണസ്വാതന്ത്ര്യം അദ്ദേഹം അനുവദിച്ചുകൊടുത്തു. അക്രമമായ നികുതികൾ പിരിച്ചും മറ്റും പ്രജകളെ ഒരുവിധത്തിലും ഉപദ്രവിക്കയില്ലെന്നും ജോൺ സമ്മതിച്ചു. പട്ടണങ്ങൾക്കു കച്ചവടത്തിനും മറ്റുമുള്ള സ്വാതന്ത്ര്യം ലഭിച്ചു. കാട്ടുകളെ സംബന്ധിച്ചു നിയമങ്ങൾ ജനങ്ങൾക്കുപദ്രവകരമാകാത്തവിധത്തിൽ, അവയിൽ പലഭേദഗതികളും അദ്ദേഹം ചെയ്തു. പ്രഭുസഭയുടെ അനുമതി കൂടാതെ പുതുതായി ഒരു നികുതിയും താൻ പിരിക്കുന്നതല്ലെന്നും നിയമാനുസൃതമല്ലാതെ കരാളെ തടവിലിടുകയോ നാട്ടുകടത്തുകയോ ചെയ്യുന്നതല്ലെന്നും, നീതിന്യായപരിപാലനം ശരിക്കും നിർവ്വഹിക്കുന്നതാണെന്നും മറ്റും ജോൺ സമ്മതിച്ചു.

ജോണിന്റെ മരണശേഷവും, കുറയാതെ മുപ്പത്തി എട്ടു രാജാക്കന്മാർ ഈ മാഗ്നകാർട്ടയെ സമ്മതിച്ചിട്ടുണ്ടെന്നു് അറിയുമ്പോൾതന്നെ അതിന്റെ പ്രാധാന്യം ഏറെക്കുറെ അനുമാനിക്കാവുന്നതാണു്. ഇംഗ്ലീഷുകാർ ഇന്നു അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തുടക്കമായി കണക്കാക്കി വരുന്നതു് ഈ "മാഗ്നകാർട്ട"യെ ആണു്. ശരി

യായ സ്വാതന്ത്ര്യത്തിന്റെ വിത്തു ജോണിന്റെ കാല ത്തു മുളച്ചു. കാലാന്തരത്തിൽ അതു മുളച്ചു തഴച്ചു നാടിനു മുഴുവനും തണലും ആശ്വാസവും നൽകുന്ന കൂരാന്നാംതരം വൃക്ഷമായി പരിണമിച്ചു.

ജോൺ വാശത്തം ചെയ്യു എങ്കിലും, അതനുസരിച്ചു പ്രവർത്തിക്കണം എന്ന ഉദ്ദേശം അദ്ദേഹത്തിനുണ്ടായിരുന്നില്ല. പോപ്പിന്റെ സഹായത്തോടുകൂടി അദ്ദേഹം തന്റെ പ്രതിജ്ഞയെ ലംഘിക്കുവാൻ തുടങ്ങി. കരുവമ്പിച്ച സേനയോടുകൂടി ജോൺ പ്രഭുക്കന്മാരോടു യുദ്ധത്തിനു പുറപ്പെട്ടു. ഫ്രാൻസിലെ ലൂയിയുടെ സഹായത്തോടുകൂടി അവരും യുദ്ധത്തിനു സന്നദ്ധരായി. ഇരുകൂട്ടരും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ ജോൺ മരിക്കുകയും ചെയ്തു.

അദ്ധ്യായം 17

ഹെൻറി മൂന്നാമൻ (1216—1272)

ജോൺ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകനായ ഹെൻറിക്കു പത്തു വയസ്സുമാത്രമെ പ്രായമായിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ഉടനെതന്നെ അദ്ദേഹത്തെ രാജാവായി അഭിഷേകം ചെയ്തു. ഹൃഡൽ പ്രഭുക്കന്മാർ ഹെൻറിയുടെ സിംഹാസനാരോഹണത്തിനു വിരോധികളായിരുന്നു എങ്കിലും ക്രമേണ അവരുടെ ശക്തി ക്ഷയിച്ചുതന്നെ വന്നു. നാട്ടിലുള്ള മിക്ക പ്രമാണികളും ഇപ്പോൾ ഹെൻറിയുടെ

ഭാഗത്തുചേർന്നു. അവരുടെ പ്രേരണനിമിത്തം, മാഗ്ന കാർട്ടയിലെ നിശ്ചയങ്ങൾ താൻ അനുസരിക്കുന്നതാണ എന്നു ഹെൻറീ പ്രഖ്യാപനം ചെയ്തു. ഹെൻറിയുടെ ഭാഗത്തു ചേർന്നവരിൽ ഏറ്റവും പ്രധാനികൾ സ്റ്റീഫൻ ലാങ്ങ്ടൺ, വില്യം മാഷൽ, എന്നിവരായിരുന്നു.

ഹെൻറീ രാജാവായി എങ്കിലും വാസ്തവത്തിൽ ഇക്കാലത്തു രാജ്യം ഭരിച്ചിരുന്നതു വില്യം മാഷൽ ആയിരുന്നു. ശക്തനായ അദ്ദേഹം അന്തച്ഛിദ്രം മുതലായ കുഴപ്പങ്ങളെല്ലാം നശിപ്പിച്ചു നാട്ടിൽ സമാധാനവും സന്തുഷ്ടിയും സ്ഥാപിച്ചു. 1219-ൽ അദ്ദേഹം മരിച്ചു. ഉടനെ ആ സ്ഥാനത്തു ഹ്യൂബർട്ട് ഡിബർ എന്ന ആൾ കയറി. പതിമൂന്നു കൊല്ലത്തിനിടക്കു ഹെൻറി രണ്ടാമന്റെ കാലത്തുണ്ടായിരുന്നപോലെ ഉജ്ജ്വിതമായ ഒരു ഭരണം അദ്ദേഹം ഇംഗ്ലാണ്ടിൽ സ്ഥാപിച്ചു. ഹെൻറിയെ ആശ്രയിച്ചു ഇംഗ്ലാണ്ടിൽ താമസിച്ചിരുന്ന അന്യാഗ്രഹികളായ വിദേശിയരെ ഹ്യൂബർട്ട് നാട്ടിൽനിന്നും കൊടിച്ചുകളഞ്ഞു.

1234-ൽ രാജ്യഭരണം ഹെൻറി തന്നെത്താൻ കയ്യേറ്റെടുത്തു. എന്നാൽ ഹെൻറിയുടെ ഭരണം ഏറ്റവും നിന്ദ്യമായിട്ടുള്ള ഒന്നായിരുന്നു. അദ്ദേഹം അശക്തനും, ആത്മശ്ചിഹീനനും, ഒരിക്കലും വിശ്വസിക്കാൻ കൊള്ളരുതാത്തവനും ആയിരുന്നു. അതു മാത്രമല്ല, വിദേശിയരായ തന്റെ സ്നേഹിതന്മാരുടേയൊ, പോപ്പിന്റേയൊ ഹിതം അനുസരിച്ചു എന്തും പ്രവർത്തിക്കുവാൻ അദ്ദേഹം സന്നദ്ധനമായിരുന്നു. ഇംഗ്ലാണ്ടിനെയൊ ഇംഗ്ലീഷുകാരേയൊ അദ്ദേഹം തീരെ സ്നേഹിച്ചിരു

ന്നില്ല. വിശ്വസിച്ചിരുന്നുമില്ല. 1236-ൽ ഹെൻറി പ്രോവൻസിലെ ഇലീനറെ വിവാഹം ചെയ്തു. അതോടുകൂടി പ്രൊവൻസിൽനിന്നും അനവധി ആളുകൾ ഇംഗ്ലാണ്ടിലേക്കു തിരക്കിക്കയറിത്തുടങ്ങി. ഇവരുടെ കൂട്ടത്തിൽ സൈമൺ ഡി മോണ്ട്ഫോർട്ട് എന്ന ഒരു ഫ്രഞ്ചുകാരനും ഉണ്ടായിരുന്നു. അയാൾ ഹെൻറിയുടെ സഹോദരിയെ വിവാഹം ചെയ്കയും ഹെൻറി അയാളെ ലീസ്റ്ററിലെ പ്രഭുവാക്കുകയും ചെയ്തു.

തന്റെ സിംഹാസനാരോഹണത്തിൽ ചെയ്ത പ്രതിജ്ഞയെല്ലാം ഹെൻറി ഇപ്പോൾ ലംഘിക്കാൻ തുടങ്ങി. അദ്ദേഹം ഇക്കാലത്തു ചെയ്ത അക്രമങ്ങൾക്കു കയ്യും കണക്കുമില്ല. പണത്തിനുള്ള അത്യാഗ്രഹം നിമിത്തം ജനങ്ങളെ വളരെ ബുദ്ധിമുട്ടിച്ചു പലതരത്തിലും ഹെൻറി അതു കൈക്കലാക്കിയിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതന്മാരും പോപ്പും ഇതിനു സഹായികളായിരുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ പോപ്പും ഹെൻറിയുംകൂടി നാട്ടുകാരുടെ ജീവരക്തം ഊറ്റിക്കുടിച്ചിരുന്നു. *

സൈമൺ ഡി മോണ്ട്ഫോർട്ട്

ഈ വക പ്രവൃത്തികളും പ്രഭുക്കന്മാരെ ക്ഷുഭിതരാക്കി. ഹെൻറിയുടേയും സ്നേഹിതന്മാരുടേയും മറവും അക്രമങ്ങളും തിരുത്തൽ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവർ ആലോചന തുടങ്ങി. അവർക്കു ഇപ്പോൾ തക്കതായ ഒരു നേതാവിനേയും കിട്ടി. അതു മറ്റാരുമല്ല, ഹെൻറിയുടെ ഉറ്റ ബന്ധുവായ സൈമൺതന്നെ ആയിരു

* England during the reign of Henry was sucked dry like an orange by king and Pope combined (Waken.)

ന്നു. അദ്ദേഹം ജനങ്ങളെ അതിയായി സ്നേഹിച്ചിരുന്നു. ഹെൻറിയുടെ അക്രമങ്ങളെ വെറുക്കുകയും ചെയ്തിരുന്നു. അതുകൊണ്ടു് അദ്ദേഹം ഹെൻറിയോടു വഴക്കടിച്ചു ജനങ്ങളുടെ ഭാഗത്തുചേർന്നു. സൈമണിന്റെ നേതൃത്വത്തിൽ 1258-ൽ ഓക്സ്ഫോർഡിൽവെച്ചു ഒരു പാർലിമെണ്ടുകൂടി. പാർലിമെണ്ടു എന്ന സ്ഥാനം ചരിത്രകാരന്മാർ ഇതിനു കൊടുത്തിട്ടുണ്ടെങ്കിലും സാക്സൺ ഭരണകാലത്തെ വിറ്റാനിൽനിന്നോ, നോർമ്മൻകാരുടെ കൌൺസിലിൽനിന്നോ ഇതു വളരെ വ്യത്യസ്തപ്പെട്ട ഒന്നായിരുന്നില്ല. ഹെൻറിയുടെ സ്നേഹിതന്മാർ പരിഹാസമായി ഇതിനെ ഭ്രാന്തന്മാരുടെ പാർലിമെണ്ടു എന്നു വിളിച്ചുവന്നു. ഇംഗ്ലണ്ടിലെ പിന്നീടുള്ള ഭരണത്തെ സംബന്ധിച്ചു ചില നിയമങ്ങൾ പ്രഭുക്കന്മാർ ഈ പാർലിമെണ്ടിൽ പാസാക്കി. ഈ നിയമങ്ങളെ "ഓക്സ്ഫോർഡിലെ നിശ്ചയങ്ങൾ" എന്നു പറഞ്ഞുവരുന്നു.

ഓക്സ്ഫോർഡിലെ നിശ്ചയങ്ങൾ

ഈ നിശ്ചയങ്ങൾകൊണ്ടു പാർലിമെണ്ടു വിദേശീയരെ എല്ലാം നാട്ടിൽനിന്നു കൊടിച്ചുകളയുകയും, രാജ്യഭരണാധികാരം രാജാവിൽനിന്നെടുത്തു്, പതിനഞ്ചുപ്രഭുക്കന്മാരടങ്ങിയ ഒരു നിർവ്വാഹകസംഘത്തിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ വാസ്തവത്തിൽ കാര്യങ്ങളെല്ലാം നടത്തിയിരുന്നതു സൈമൺ ആണു്. പ്രഭുക്കന്മാർക്കു് ഇതിൽ അസൂയ ജനിച്ചു. താമസിയാതെ അവരുടെ ഇടയിൽ രണ്ടു കക്ഷിക്കാരുണ്ടായി. ഹെൻറി ഇതുവരെ ഓക്സ്ഫോർഡിലെ നിശ്ചയങ്ങളെ അനുസരിച്ചിരുന്നതു് അതിനു

വിപരീതമായി പ്രവർത്തിക്കുവാൻ ശക്തി ഇല്ലാഞ്ഞതു കൊണ്ടാണ്. എന്നാൽ ജനങ്ങളുടെ ഇടയിൽ കക്ഷിവഴക്കു തുടങ്ങിയപ്പോൾ, ഇതുതന്നെ നല്ല അവസരമെന്നു കരുതി, ഹെൻറി, മകനായ എഡ്വേർഡിന്റെ സഹായത്തോടുകൂടി ഈ നിശ്ചയങ്ങളെ ലംഘിക്കുവാൻ തുടങ്ങി. ഇതു കരു യുദ്ധത്തിനു കാരണമായിത്തീർന്നു. പ്രഭുക്കന്മാരാകട്ടെ ഇപ്പോൾ പൂർണ്ണമായി യോജിച്ചു. സൈമണിന്റെ നേതൃത്വത്തിൽ ഹെൻറിയോടെതിർത്തു. 1264-ൽ ലൂയിസ് എന്ന സ്ഥലത്തുവെച്ച് കരു യുദ്ധമുണ്ടാകുകയും സൈമൺ ഹെൻറിയേയും എഡ്വേർഡിനേയും തോല്പിച്ചു തടവുകാരായി പിടിക്കുകയും ചെയ്തു.

ഈ യുദ്ധത്തിനുശേഷം വാസ്തവത്തിൽ സൈമൺ ആയിരുന്നു ഇംഗ്ലാണ്ടിലെ രാജാവ്. എന്നാൽ അദ്ദേഹം ഈ അവസരം സ്വാർത്ഥത്തിനുവേണ്ടി വിനിയോഗിച്ചില്ല. രാജ്യം ഭരിക്കുന്നതിനുള്ള ശരിയായ അവകാശികൾ നാട്ടുകാർതന്നെയാണ് എന്നു സൈമണിനു ബോധം ഉണ്ടായിരുന്നതുകൊണ്ടു, ഭരണവിഷയത്തിൽ ജനങ്ങൾക്കു പരിശീലനം കൊടുക്കുന്നതിനുവേണ്ടി 1265-ൽ അദ്ദേഹം കരു പാർലിമെന്റു വിളിച്ചുകൂട്ടി. 1258-ലെ പാർലിമെണ്ടിൽനിന്നും ഇതു പലതരത്തിലും വ്യത്യസ്തപ്പെട്ടതായിരുന്നു. വാസ്തവത്തിൽ ഇതിനെ നാമത്തെ ഹൌസ് ഓഫ് കാമൺസ് ആയി കണക്കാക്കാവുന്നതാണ്. ആ നിലക്കു സൈമൺ ആണ് ഇംഗ്ലാണ്ടിലെ ഇന്നത്തെ ഹൌസ് ആഫ് കാമൺസിന്റെ സൃഷ്ടികർത്താവ്. 1265-ലെ പാർലിമെണ്ടിന്റെ വിശേഷതതന്നെ ആദ്യമായി ഷയറിൽ നിന്നും ബറോവിൽനിന്നും

ഉള്ള പ്രതിനിധികൾ ഒന്നിച്ചുചേർന്നു പ്രധാനമായ രാജ്യകാര്യങ്ങളെക്കുറിച്ചാലോചിക്കാൻതുടങ്ങി എന്നുള്ളതാണ്.

സൈമണിന്റെ ഭരണം അധികം നിലനിന്നില്ല. 1265-ൽതന്നെ ക്ലെയറിലെ സെസിൽ സൈമണിന്റെ നേരെ ലഹളക്കൊരുങ്ങി. മറെറ ചില പ്രഭുക്കന്മാരും അയാളുടെ ഭാഗത്തു ചേർന്നു. ഈ തരംകണ്ടു എഡ്വേർഡ് തടവിൽനിന്നു ചാടിപ്പോകുകയും ലഹളക്കാരുടെ ഭാഗത്തു ചേരുകയും ചെയ്തു. ഉടനെ സൈമൺ അവരോടു യുദ്ധത്തിനു പുറപ്പെട്ടു. ഐവിഷാം എന്ന സ്ഥലത്തുവെച്ചുണ്ടായ യുദ്ധത്തിൽ സൈമണിന്റെ എതുകക്ഷിക്കാർ അദ്ദേഹത്തെ തോല്പിക്കുകയും കൊല്ലുകയും ചെയ്തു.

എഡ്വേർഡ് ഉടനേതന്നെ ഹെൻറിയെ തടവിൽനിന്നു വിമുക്തനാക്കി സിംഹാസനത്തിൽ കയറ്റി. 1272-ൽ എഡ്വേർഡ് പാലസ്തൈനിൽ മുഹമ്മദീയരുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഹെൻറി പരലോകപ്രാപ്തനായി.

.....

അദ്ധ്യായം ൫൮

എഡ്വേർഡ് ഒന്നാമൻ. 1272—1307

ഹെൻറിയുടെ നിര്യാണത്തിനുശേഷം അദ്ദേഹത്തിന്റെ മകനായ എഡ്വേർഡ് ഒന്നാമൻ ഇംഗ്ലാണ്ടിലെ രാജാവായി. എഡ്വേർഡ് സൈമണിന്റെ ആദർശങ്ങളിൽ വിശ്വസിച്ചിരുന്ന കരാളാകകൊണ്ടു കഴിയുന്നതും ജനങ്ങളോടു രഞ്ജിപ്പോടുകൂടിയാണു പെരുമാറിയിരുന്നതു്.

ഭരണവിഷയത്തിൽ അവരേക്കൂടി കഴിയുന്നതും ഭാഗഭാക്കാക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശം. അതിന്റെ ഫലമായി ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്തിരുന്നു. മൻകോപം ആദിയായ ചില ദോഷങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിലും ഇംഗ്ലാണ്ടിലെ പ്രമാണികളായ രാജാക്കന്മാരുടെ ഇടയിൽ കട്ടം അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അദ്ദേഹം അഹിക്കുന്നുണ്ട്.

എഡ്വേർഡും വെയിൽസും

എഡ്വേർഡ് രാജാവായ ഉടനെതന്നെ വെയിൽസിലെ പ്രമാണിയായ ല്യൂലിൻ അദ്ദേഹത്തിന്റെ ആധിപത്യത്തെ ധിക്കരിക്കുവാൻ തുടങ്ങി. നോമ്മൻപ്രഭുക്കന്മാർ വെയിൽസിനെ ആക്രമിച്ചപ്പോൾ അവരോടു പൊരുതീക്കൊണ്ടു വെയിൽസിന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടിരുന്ന സ്നോഡനിലെ പ്രഭുക്കന്മാരുടെ വംശത്തിൽപ്പെട്ട കരാളായിരുന്ന ല്യൂലിൻ. 1277-ൽ എഡ്വേർഡ് ഒരു സൈന്യത്തോടുകൂടി വെയിൽസിലേക്കു പോകുകയും ല്യൂലിനെ തോല്പിച്ചു കീഴടക്കുകയും ചെയ്തു. 1282-ൽ രണ്ടാമതും എഡ്വേർഡ് വെയിൽസിനെ ആക്രമിച്ചു ല്യൂലിനെ യുദ്ധത്തിൽ നിഗ്രഹിക്കുകയും അയാളുടെ സ്ഥലങ്ങളെല്ലാം പിടിച്ചടക്കുകയും ചെയ്തു. ഈ സ്ഥലങ്ങളെല്ലാം എഡ്വേർഡ് അങ്ങു കൌണ്ടികളായി തിരിച്ചു, ഇംഗ്ലാണ്ടിലെപ്പോലെയുള്ള ഒരു ഭരണസമ്പ്രദായം അവിടെ സ്ഥാപിച്ചു. വെയിൽസ് പിന്നീട് ഒരിക്കലും തല പൊക്കാതിരിക്കുവാൻവേണ്ടി അദ്ദേഹം അനവധി

കോട്ടകളും അവിടെ പണിയിക്കുകയും അവയിൽ ഇംഗ്ലീഷു പട്ടാളക്കാരെ നിയമിക്കുകയും ചെയ്തു. ഇങ്ങിനെ പണിയിച്ച കരു കോട്ടയിൽവെച്ചാണ് എഡ്വർഡിന്റെ മകനായ എഡ്വർഡ് രണ്ടാമൻ ജനിച്ചതു്. അധികം താമസിയാതെ എഡ്വർഡ് തന്റെ മകനെ വെയിൽസിലെ രാജകുമാരനായി നിയമിച്ചു. അന്നുമുതല്ലാണ് ഇംഗ്ലണ്ടിലെ രാജാവിന്റെ മൂത്ത പുത്രനെ വെയിൽസിലെ രാജകുമാരനാക്കുക എന്ന സമ്പ്രദായം തുടങ്ങിയതു്. ഈ സമ്പ്രദായം ഇന്നും നടന്നുവരുന്നുണ്ടു്.

സ്കോട്ട്ലാണ്ടു്

1286-ൽ സ്കോട്ട്ലാണ്ടിലെ രാജാവായിരുന്ന അലക്സാണ്ടർ മൂന്നാമൻ മരിച്ചു. അടുത്ത അവകാശി അദ്ദേഹത്തിന്റെ പൌത്രിയായ മാർഗററ് ആയിരുന്നു. സ്കോട്ട്ലാണ്ടിനെയും കീഴടക്കുവാൻ എഡ്വേഡ് കുറേസമയം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഉടനേതന്നെ എഡ്വേഡ് തന്റെ മകനെക്കൊണ്ടു മാർഗററിനെ വിവാഹം ചെയ്യിക്കുവാൻ ഉള്ള ആലോചന തുടങ്ങി. സ്കോട്ട്ലാൻഡുകാർ ഇതു സമ്മതിക്കുകയും 1290-ൽ ഇരുകൂട്ടരും തമ്മിൽ ഒരുടമ്പടി ചെയ്കുകയും ചെയ്തു. എന്നാൽ മാർഗററ് അക്കൊല്ലത്തിൽതന്നെ മരിക്കുകയും ആ സ്ഥാനത്തേക്കു് അനവധി അവകാശികൾ പുറപ്പെട്ടുകയും ചെയ്തു. ഇവരിൽ പ്രമാണി ജോൺ ബാലിയൽ, റോബർട്ട് ബ്രൂസ് എന്നിവരായിരുന്നു. സ്കോട്ട്ലാണ്ടിൽ അന്തഃഛിദ്രം തുടങ്ങി. ഈ കുഴപ്പങ്ങളെല്ലാം തീർത്തു, ആരാണ് ശരിയായ അവകാശി എന്നു സ്ഥാപിക്കുവാൻ

സ്കോട്ട്ലാണ്ടുകാർ എഡ്വേർഡിനോടഭ്യർത്ഥിച്ചു. എഡ്വേർഡിനെ അവർ അവരുടെ മേൽക്കോയ്മയായി സ്വീകരിച്ചു. അവകാശത്തർക്കം തീർക്കുന്നതിനു് അദ്ദേഹം ഒരു കമ്മീഷനെ നിയമിക്കുകയും ആ കമ്മീഷൻ ബാലിയൊൾ ആണ ശരിയായ അവകാശി എന്നു സ്ഥാപിക്കുകയും ചെയ്തു. അതനുസരിച്ചു ബാലിയൊൾ സ്കോട്ട്ലണ്ടിലെ രാജാവായി. സ്കോട്ട്ലാണ്ടിന്റെ മേൽക്കോയ്മ എന്ന നിലക്കു് അവിടെനിന്നും ഉള്ള അപ്പീലുകൾ തന്റെ അടുക്കലേക്കു കൊണ്ടുചെല്ലേണ്ടതാണെന്നു് എഡ്വേർഡു് നിർബ്ബന്ധിക്കുവാൻ തുടങ്ങി. എന്നാൽ ബാലിയൊൾ ഇതനുവദിക്കാൻ തയ്യാറായിരുന്നില്ല. ക്ഷുഭിതനായ എഡ്വേർഡു് 1296-ൽ ഒരു വലിയ സൈന്യത്തോടുകൂടി സ്കോട്ട്ലാണ്ടിനെ ആക്രമിച്ചു കീഴടക്കുകയും അതിനെ ഭരിക്കുവാൻ ഇംഗ്ലീഷുപ്രഭുക്കന്മാരെ നിയമിക്കുകയും ചെയ്തു.

സ്കോട്ട്ലാണ്ടുകാർ ഇംഗ്ലീഷുകാരുടെ ഭരണത്തെ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ഇംഗ്ലീഷു ആധിപത്യം ഇല്ലാതെയാക്കുന്നതിനു 1297-ൽ വില്യം വാലസ് എന്നാളുടെ നേതൃത്വത്തിൽ അവർ ലഹളക്കൊരുങ്ങി. അവർ ഇംഗ്ലീഷുകാരെ തോല്പിച്ചു നാട്ടിൽനിന്നു് ഓടിച്ചു കളഞ്ഞു. 1298-ൽ എഡ്വേർഡ് രണ്ടാമതും സൈന്യസമേതം സ്കോട്ട്ലാണ്ടിനെ ആക്രമിച്ചു. ഫാല്ക്കിർക്കിൽ വെച്ചുണ്ടായ യുദ്ധത്തിൽ വാലസ് തോല്ക്കുകയും അയാൾ ഓടിപ്പോകുകയും ചെയ്തു. അധികം താമസിയാതെ ഇംഗ്ലീഷുകാർ വാലസിനെ തടവുകാരനായി പിടിക്കുകയും അയാളുടെ ശിരച്ഛേദം ചെയ്കയും ചെയ്തു.

സ്കോട്ട്ലാണ്ടിനെ കീഴടക്കി ഭരിക്കുക എന്നതു

അത്ര എളുപ്പമായ കായ്മയിരുന്നില്ല. 1306-ൽ അവിടത്തെ ജനങ്ങൾ രണ്ടാമതും ഇംഗ്ലീഷു് ആധിപത്യത്തെ എതിർത്തു. ഇത്തവണ അവരുടെ നേതാവു ചരിത്രപ്രസിദ്ധനായ റോബർട്ട് ബ്രൂസ് ആയിരുന്നു. ഉടനെ സ്കോട്ട്ലാണ്ടിനെ കീഴടക്കുവാൻ എഡ്വർഡ്സൈന്യസമേതം അങ്ങോട്ടു പുറപ്പെട്ടു. എന്നാൽ വൃദ്ധനായ അദ്ദേഹം ഇടക്കുവെച്ചു തന്നെ ഇഹലോകം വെടിഞ്ഞു.

മരണം

ഇതിനിടക്കു് എഡ്വർഡു് ഇംഗ്ലാണ്ടിൽ ഭരണസംബന്ധമായി പലേ പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. അദ്ദേഹത്തിന്റെ പ്രധാനമായ ഉദ്ദേശം ഫ്യൂഡൽ പ്രഭുക്കന്മാരുടേയും ദേവാലയങ്ങളുടേയും ശക്തി കുഴിയുന്നതും കുറച്ചു, സാധാരണ ജനങ്ങളെ സംരക്ഷിക്കുക എന്നുള്ളതായിരുന്നു. ഒന്നാമതായി, അദ്ദേഹം ഫ്യൂഡൽപ്രഭുക്കന്മാരുടേയും ദേവാലയങ്ങളുടേയും ശക്തി കുറക്കുന്നതിനു പലേ നിയമങ്ങളും നടപ്പിൽവരുത്തി. പോപ്പിനു് അദ്ദേഹം ഒരിക്കലും കീഴടങ്ങിയിരുന്നില്ല. അദ്ദേഹത്തിനു് ഇംഗ്ലാണ്ടിൽ ഒരധികാരവും അനുവദിച്ചുകൊടുക്കുകയും ചെയ്തില്ല.

പൊതുജനങ്ങളുടെ നന്മക്കുവേണ്ടി എഡ്വർഡ് പലതും പ്രവർത്തിച്ചിട്ടുണ്ടു്. ഊർജ്ജിതമായ ഒരു ഭരണം നാട്ടിൽ സ്ഥാപിച്ചതോടുകൂടി സമ്പൂർണ സമാധാനവും സന്തുഷ്ടിയും പ്രത്യക്ഷമായി. കുറ്റപ്പുള്ളികളുടെ എണ്ണവും ചുരുങ്ങി. വഴിയാത്രക്കാർക്കു കള്ളന്മാരെക്കുറിച്ചും മറ്റുമുള്ള ഭയം കൂടാതെ സമാധാനത്തോടുകൂടി യാത്ര ചെയ്തു

വാൻ സാധിച്ചതുടങ്ങി. ഹെൻറി രണ്ടാമന്റെ ദേശസൈന്യത്തെ എഡ്വേർഡ് രണ്ടാമതും ജീവിപ്പിച്ചു. സമാധാനസംരക്ഷണത്തിനായി പ്രത്യേകം പോലീസിനേയും അദ്ദേഹം ഏർപ്പെടുത്തി. എന്നാൽ എഡ്വേർഡിന്റെ പ്രവൃത്തികളിൽ ഏറ്റവും മഹനീയമായതു് അദ്ദേഹം പൊതുജനങ്ങൾക്കു പാർലിമെൻറിൽ കരു സ്ഥാനം നല്കി എന്നുള്ളതാണു്. 1295-ൽ എഡ്വേഡ്ഡ് കരു പാർലിമെണ്ടു വിളിച്ചുകൂട്ടി. ഇതാണു ചരിത്രപ്രസിദ്ധമായ "മാതൃകാപാർലിമെണ്ടു"[1] ഈ പാർലിമെണ്ടായിരുന്നുവരെ പിന്നീടു് ഇംഗ്ലണ്ടിൽ ഉണ്ടായിട്ടുള്ള പാർലിമെണ്ടിനെല്ലാം കരു മാതൃക. ഇംഗ്ലീഷു സമുദായത്തിൽപ്പെട്ട ഫ്യൂഡൽ ബാറൺസ്, ക്ലർജി, കോമൺസ് എന്നീ എല്ലാ കക്ഷിക്കാരുടേയും പ്രതിനിധികളെ എഡ്വേർഡ്ഡ് ഈ പാർലിമെണ്ടിൽ വിളിച്ചുകൂട്ടിയിട്ടുണ്ടായിരുന്നു.

ഇങ്ങിനെ കരു പാർലിമെണ്ടു വിളിച്ചുകൂട്ടിയതുകൊണ്ടു മാത്രം എഡ്വേർഡ്ഡ് തൃപ്തിപ്പെട്ടില്ല. 1297-ൽ അദ്ദേഹം മാഗ്നകാർട്ടയെ കുറുകൂടി സ്ഥിരപ്പെടുത്തുകയും[2] അതിൽ പലേ ഭാഗങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തു. തങ്ങളുടെ അധികാരാവകാശങ്ങൾ സ്ഥാപിക്കുന്നതിനു ജനങ്ങൾ റണ്ണിമീഡിൽവെച്ചു തുടങ്ങിയ സമരം ഏതാണ്ടു ഇപ്പോൾ കലാശിച്ചു എന്നു പറയാം. രാജാവു് എത്ര ശക്തനായാലും വേണ്ടില്ല നാട്ടിലെ നിയമങ്ങൾ അനുസരിച്ചല്ലാതെ സേച്ഛപോലെ രാജ്യം ഭരിക്കുവാൻ പാടുള്ളതല്ലെന്നു തീർച്ചയായി.

---

1 Model Parliament. 2 Confirmatio Cartarum.

അദ്ധ്യായം ൧൯

ഇംഗ്ലാണ്ടും സ്കോട്ട്ലാണ്ടും (1307—1310)

എഡേപഡ്ഡ് രണ്ടാമൻ 1307—1327

1307-ൽ എഡേപഡ്ഡ് ഒന്നാമന്റെ മകൻ എഡേപഡ്ഡ് രണ്ടാമൻ ഇംഗ്ലണ്ടിലെ സിംഹാസനത്തിൽ കയറി. സ്വഭാവത്തിലും കായ്പ്രാപ്തിയിലും അച്ഛനും മകനും തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. ഒരു മടിയനും ഭീരുവും സുന്ദരവിഡ്ഢിയും ആയ എഡേപഡ്ഡ് രണ്ടാമനും ഫ്യൂഡൽ പ്രഭുക്കന്മാരും തമ്മിൽ സദാ കലഹിച്ചിരുന്നതുകൊണ്ടു അദ്ദേഹത്തിനു തന്റെ അച്ഛന്റെ അന്ത്യവചനങ്ങളെ നിറവേറ്റാൻ ആദ്യം സാധിച്ചില്ല. റോബട്ട് ബ്രൂസാകട്ടെ സ്കോട്ട്ലാണ്ടിലുണ്ടായിരുന്ന എഡേപർഡിന്റെ മിക്ക കോട്ടകളും പിടിച്ചടക്കുകയും സ്കോട്ട്ലണ്ടിലെ യജമാനനാകുകയും ചെയ്തു. അവസാനം സ്റ്റർലിങ്ങ് കോട്ടയുംകൂടി അദ്ദേഹത്തിനു കീഴടങ്ങും എന്നുള്ള നിലയിലായി. 1314-ൽ എഡേപഡ്ഡ് ഒരു സൈന്യം ശേഖരിച്ചു സ്കോട്ടലാണ്ടിനെ ആക്രമിച്ചു. ബാനക്ക്ബൺ എന്ന സ്ഥലത്തുവെച്ചു് അതിഭയങ്കരമായ ഒരു യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ ബ്രൂസു് വിജയിയാവുകയും സ്റ്റർലിങ്ങ് അദ്ദേഹത്തിനു കീഴടങ്ങുകയും ചെയ്തു. അങ്ങിനെ സ്കോട്ടലാണ്ടു് സ്വതന്ത്രയായി. അതിനുശേഷം പന്ത്രണ്ടു കൊല്ലവുംകൂടി എഡേപഡ്ഡ് രാജ്യം ഭരിച്ചു. അവസാനം തന്റെ സ്വന്തം ഭാര്യയായ ഇസബല്ലയും കൂട്ടുകാരുംകൂടി അദ്ദേഹത്തെ സിംഹാസനത്തിൽനിന്നി

റക്കുകയും കൊല്ലുകയും ചെയ്തു.

എഡ്വേർഡ് മൂന്നാമൻ 1327-1377

1327-ൽ എഡ്വേഡ് മരിച്ചു എങ്കിലും, മകനായ എഡ്വേഡ് മൂന്നാമൻ അന്നൊരു കുട്ടിയായിരുന്നതുകൊണ്ട് ആദ്യത്തെ മൂന്നുകൊല്ലം രാജ്യം ഭരിച്ചിരുന്നതു വാസ്തവത്തിൽ മോർട്ടിമർ എന്നാളായിരുന്നു. അദ്ദേഹം 1328-ൽ യോർക്കുഷയറിൽവെച്ചു സ്കോട്ടലാണ്ടുമായി ഒരു സന്ധിചെയ്തു. അതനുസരിച്ചു മോർട്ടിമർ ബ്രൂസാണ സ്കോട്ടലാണ്ടിലെ രാജാവു് എന്നു സമ്മതിച്ചു. 1333-ൽ എഡ്വേഡ് മോർട്ടിമറെ കൊല്ലുകയും രാജ്യഭാരം താൻതന്നെ കയ്യേറ്റുകയും ചെയ്തു. ശക്തനും വീരനും, യശസ്സു് സമ്പാദിക്കുന്നതിൽ അത്യുത്സുകനും ആയ അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രമം, തന്റെ അച്ഛന്റെ കാലത്തു നശിച്ചുപോയ നാടിന്റെ യശസ്സു് രണ്ടാമതും സ്ഥാപിക്കുന്നതിനായിരുന്നു. അക്കാലത്തു സ്കോട്ടലാണ്ടിലെ സിംഹാസനത്തിനു് ഒരു അവകാശത്തർക്കം നടന്നുകൊണ്ടിരുന്നു. റോബർട്ട് ബ്രൂസിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകനായ ഡേവിഡ് ബ്രൂസ് അവിടത്തെ രാജാവായി. അദ്ദേഹം ഒരു കുട്ടി ആയിരുന്നു. റോബർട്ട് ബ്രൂസ് നാടുകടത്തിയ ചില പ്രഭുക്കന്മാർ 1332-ൽ എഡ്വേഡ് ബാലിയൊ എന്നാളുടെ കീഴിൽ മടങ്ങിവരികയും ഡേവിഡ് ബ്രൂസിനെ ഡപ്ലിൻമൂർ എന്ന സ്ഥലത്തുവെച്ചു തോല്പിക്കുകയും ചെയ്തു. അധികം താമസിയാതെ ബാലിയൊ സ്കോട്ടലണ്ടിലെ രാജാവായി. എന്നാൽ ബ്രൂസിന്റെ കക്ഷിക്കാർ ഉടനെ അയാളെ തോല്പിച്ചു് ഇംഗ്ലാണ്ടിലേക്കു് ഓടിച്ചുകള

ഞ്ഞു. ബാലിയൊ എഡ്വേർഡിന്റെ സഹായം ആവശ്യപ്പെട്ടു. എഡ്വേർഡ് ഒരു സൈന്യത്തോടുകൂടി സ്കോട്ടലാണ്ടിനെ ആക്രമിച്ചു. ഡേവിഡിനെ ഓടിച്ചുകളഞ്ഞു ബാലിയളിനെ അവിടത്തെ രാജാവാക്കി. എന്നാൽ അട്ടത്തു് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ഉണ്ടായ ഘോരയുദ്ധത്തിനിടക്കു ബ്രൂസ്തിരികെ സ്കോട്ടലാണ്ടിലേക്കു പോകുകയും സ്കോട്ടലാണ്ടിനെ മുഴുവൻ കീഴടക്കി അവിടത്തെ രാജാവാകുകയും ചെയ്തു. ഇങ്ങിനെ സ്കോട്ട്ലാണ്ടു ഇംഗ്ലാണ്ടിനോടു കൂട്ടിച്ചേർക്കുന്നുള്ള എഡ്വേർഡ് മൂന്നാമന്റെ ശ്രമവും വെറുതെ ആയി.

ഹെൻറി രണ്ടാമൻ മുതൽ എഡ്വേർഡു മൂന്നാമൻ വരെയുള്ള ഇംഗ്ലീഷ്രാജാക്കന്മാർ.

ഹെൻറി രണ്ടാമൻ—ഭാര്യ അകൂപ്പൈറെനിലെ ഇലീനർ

(ഹെൻറി) 1189-1199 (റിച്ചർഡ് ഒന്നാമൻ) (ജോഫ്രി) ജോൺ 1199-1216

ബ്രിട്ടനിയിലെ ആർതർ

ഹെൻറി മൂന്നാമൻ 1216-1272

ഇലീനർ ഭർത്താവു സൈമൺ ഡിമോണ്ടെ ഫർട്ട്

എഡ്വേർഡ് ഒന്നാമൻ 1272-1307

എഡ്വേർഡ് രണ്ടാമൻ 1307-1327

എഡ്വേർഡ് മൂന്നാമൻ 1327-1377

അദ്ധ്യായം ൨൦

ഇംഗ്ലാണ്ടും ഫ്റാൻസും. (1338-1453)

ഒരു നൂറാണ്ടത്തെ യുദ്ധം

എഡ്വർഡ് മൂന്നാമൻ സ്കോട്ട്ലാണ്ടിൽനിന്നും മടങ്ങിവന്ന ഉടനെ ഇംഗ്ലാണ്ടും ഫ്റാൻസും തമ്മിൽ അതിഭയങ്കരമായ ഒരു യുദ്ധം തുടങ്ങി. ഈ യുദ്ധം ഒരു നൂറാണ്ടു കാലം നീണ്ടുനിന്നു. എന്നാൽ ഈ നൂറുകൊല്ലം ഇടവിടാതെ യുദ്ധം നടന്നുകൊണ്ടിരുന്നില്ല. ഇടക്കിടക്കു രണ്ടു രാജ്യങ്ങളും തമ്മിൽ സന്ധിചെയ്യുകയും കുറച്ചുകാലമൊക്കെ സമാധാനമായി വർത്തിക്കുകയും ചെയ്യിട്ടുണ്ട്. അവസാനം ഈ യുദ്ധത്തിന്റെ ഫലമായി ഇംഗ്ലീഷുകാർക്കു ഫ്റാൻസിൽ ഉണ്ടായിരുന്ന സകല സ്ഥലങ്ങളും നഷ്ടമായിപ്പോയി.

യുദ്ധത്തിനുള്ള കാരണങ്ങൾ.

യുദ്ധം തുടങ്ങുന്നതിനു പലേ കാരണങ്ങളും ഉണ്ട്. ഫ്റാൻസിലെ രാജാക്കന്മാർ എപ്പോഴും ഫ്റാൻസു മുഴുവനും കീഴടക്കി ഭരിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ ഇംഗ്ലീഷുകാർക്കും ഫ്റാൻസിൽ ചില സ്ഥലങ്ങളുണ്ടായിരുന്നതുകൊണ്ട് ഇംഗ്ലീഷുകാരും ഫ്റഞ്ചുകാരും തമ്മിൽ പതിമൂന്നാം നൂറാണ്ടിന്റെ ആരംഭം മുതൽ കലഹം തുടങ്ങിയിരുന്നു. എഡ്വർഡ് മൂന്നാമന്റെ കാലത്തു് ഇംഗ്ലീഷുകാർക്കു് ഫ്റാൻസിൽ ഉ

ണ്ടായിരുന്ന രാജ്യങ്ങളിൽ ഏറ്റവും പ്രധാനമായതു ഗാസ്കണി ആയിരുന്നു. എന്നാൽ ഫിലിപ്പ് ഇംഗ്ലീഷുകാരെ ഗാസ്കണിയിൽനിന്നു് ഓടീച്ചുകളയുവാൻ ശ്രമിച്ചു. പോരെങ്കിൽ എഡ്വേർഡ് സ്കോട്ടലാണ്ടിൽനിന്നും ഓടിച്ചുകളഞ്ഞ ഡേവിഡു് ബ്രൂസിനു ഫിലിപ്പു അഭയം നല്കി, എന്നുമാത്രമല്ല സ്കോട്ടലാണ്ടിനെ വീണ്ടെടുക്കുവാനുള്ള അദ്ദേഹത്തിന്റെ സംരംഭങ്ങളെ സഹായിക്കുകയും ചെയ്തു. ഇതു എഡ്വേർഡിനു തീരെ രസിച്ചില്ല. ഫ്രാൻസിൽനിന്നു് ഇതുപോലെതന്നെ എന്തോ കുറ്റത്തിന്മേൽ ഫിലിപ്പു ഓടിച്ചുകളഞ്ഞ റോബട്ടിനു് എഡ്വേർഡു് അഭയം നൽകി. ഇതു ഫിലിപ്പിനും തീരെ രസിച്ചില്ല.

ഫ്ളാൻഡേർസ് അക്കാലത്തു് അവിടത്തെ പ്രധാനമായ കൈത്തൊഴിലിനു് ഇംഗ്ലാണ്ടിനെ ആണു് ആശ്രയിച്ചിരുന്നതു്. ഇംഗ്ലാണ്ടിൽ ഉണ്ടാകുന്ന കമ്പിളിരോമം മുഴുവനും ഫ്ളാൻഡേർസിലേക്കാണു് കയറ്റി അയച്ചിരുന്നതു്. ഫ്ളാൻഡേർസിലെ കൌണ്ടും ഇംഗ്ലാണ്ടും തമ്മിൽ ഒരു യുദ്ധം തുടങ്ങി. ഇംഗ്ലീഷുകാർ അങ്ങോട്ടു രോമം കയറ്റി അയക്കാതെ ആയി. നാട്ടുകാക്കു വയറ്റിൽ പിഴപ്പിനു വഴിയില്ലാതായപ്പോൾ അവർ അവരുടെ കൌണ്ടിനെ നാട്ടിൽനിന്നോടിച്ചുകളഞ്ഞു് ഇംഗ്ലീഷുകാരുമായി ഒരു സഖ്യം ചെയ്തു. ഇംഗ്ലീഷുകാർ ഫ്ളാൻഡേർസിലും അവരുടെ പ്രാബല്യം സ്ഥാപിച്ചതു ഫിലിപ്പിനു് കുറ്റം പിടിച്ചില്ല. ഈ വക കാരണങ്ങൾക്കു പുറമേ എഡ്വേർഡു് ഈ അവസരത്തിൽ ഫ്രാൻസിലെ സിംഹാസനത്തിനു് ഒരു അവകാശം പുറപ്പെട്ട

വിച്ചു. തന്റെ അമ്മയായ ഇസബല്ല വഴിക്ക് എഡ്വേർഡിനു ഫ്രാൻസിലെ സിംഹാസനത്തിനു വാസ്തവത്തിൽ കുറവകാശം ഉണ്ടായിരുന്നുവത്രേ.

പ്രധാന സംഭവങ്ങൾ

എഡ്വേർഡും ഫിലിപ്പും തമ്മിലുള്ള വൈരം മൂത്തു മൂത്ത് അവസാനം അതു യുദ്ധത്തിൽ കലാശിച്ചു. 1340-ൽ ഇരുകൂട്ടരും തമ്മിൽ സ്ലൂയിസിൽ വെച്ചുണ്ടായ യുദ്ധത്തിൽ ഇംഗ്ലീഷു നാവികസൈന്യം ഫ്രഞ്ചു സൈന്യത്തെ തോല്പിച്ചു. അതോടുകൂടി ഇംഗ്ലാണ്ടിനെ ആക്രമിക്കാനുള്ള ഫ്രഞ്ചുകാരുടെ ഉദ്ദേശമെല്ലാം ഫലിക്കാതെ പോയി. എഡ്വേർഡു ഫ്രാൻസിനെ ആക്രമിച്ചു എങ്കിലും ഇരുകൂട്ടരും തമ്മിൽ സന്ധിചെയ്കയും അദ്ദേഹം ഇംഗ്ലാണ്ടിലേക്കു മടങ്ങിപ്പോകുകയും ചെയ്തു.

ക്രെസി. 1346

1346-ൽ എഡ്വേർഡു നോർമ്മണ്ടിയെ ആക്രമിച്ചു. ഇംഗ്ലീഷു സൈന്യം പാരിസുവരെ എത്തി. എന്നാൽ പാരീസിനെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നതിനു വേണ്ട കരുക്കളെല്ലാം ഫ്രഞ്ചുകാർ ചെയ്തിരുന്നതുകൊണ്ട് എഡ്വേർഡു സൈന്യസമേതം ക്രസിയിലേക്കു പിൻവാങ്ങുകയും അവിടെവെച്ചു കരു ഫ്രഞ്ചുസൈന്യത്തോടു യുദ്ധം ചെയ്വാൻ നിർബ്ബന്ധിതനാകുകയും ചെയ്തു. ക്രസിയിലെ യുദ്ധം ചരിത്രപ്രസിദ്ധമായ ഒന്നാണ്. എഡ്വേർഡിന്റെ വീരന്മാരായ പട്ടാളക്കാരുടെ കൂത്തശരങ്ങളേറു ഫ്രഞ്ചു പട്ടാളക്കാർ ചിന്നിച്ചിതറി തോ

രോടി. എഡ്വർഡിന്റെ മകനായ ബ്ളാക്ക് പ്രിൻസും ഈ യുദ്ധത്തിൽ പങ്കുകൊണ്ടിരുന്നു. യുദ്ധത്തിനു ശേഷം എഡ്വർഡ് കലയിലേക്കു പോകുകയും അതിനെ ആക്രമിക്കുകയും ചെയ്തു. അവസാനം 1347-ൽ അതും അദ്ദേഹത്തിനു കീഴടങ്ങി. എന്നാൽ കയ്യിൽ പണമില്ലാതിരുന്നതുകൊണ്ടു തൽക്കാലം ഫ്രാൻസുമായി സന്ധിചെയ്ത് എഡ്വർഡ് ഇംഗ്ലണ്ടിലേക്കു മടങ്ങി.

പോയിറ്റിയേർസ് 1356.

1355-ൽ അദ്ദേഹം ബ്ളാക്ക്പ്രിൻസിനെ ഗാസ്കണിയിലെ ഗവണ്ണർ ആയി നിയമിച്ചു. സൈന്യസമേതം ഫ്രാൻസിൽ കാരോ സ്ഥലങ്ങളും കൊള്ളചെയ്തുകൊണ്ടുവരുന്നവഴിക്കും, 1353-ൽ പോയിറ്റിയേർസ് എന്ന സ്ഥലത്തുവെച്ചു ഫിലിപ്പിന്റെ പിൻഗാമിയായ ജോൺ ബ്ളാക്ക്പ്രിൻസിനെ എതിർത്തു. യുദ്ധത്തിൽ ഇംഗ്ലീഷുകാർ വിജയികളായി. അവർ ജോണിനേയും മകനേയും തടവുകാരായി പിടിച്ചു. ഈ യുദ്ധവും ക്രസിയേപ്പോലെ തന്നെ ചരിത്രപ്രസിദ്ധമായ ഒന്നാണ്. അവസാനം 1360-ൽ കലയിൽവച്ചു രണ്ടു രാജ്യക്കാരും തമ്മിൽ ഒരു സന്ധിയുണ്ടായി. എഡ്വർഡ് ഫ്രാൻസിലെ സിംഹാസനത്തിനു തനിക്കുള്ള അവകാശം പിൻവലിച്ചു. എന്നാൽ കലെ, പോന്ത്യൂ, അകിറ്റെയിൻ മുതലായ സ്ഥലങ്ങൾ അദ്ദേഹത്തിന്റെ അധീനത്തിൽ തന്നെ വെച്ചുകൊണ്ടിരുന്നു. ഈ സന്ധി അധികകാലം നിലനിന്നില്ല. 1370-ൽ യുദ്ധം രണ്ടാമതും തുടങ്ങുകയും എഡ്വർഡ് മരിക്കുന്നതിനു മുമ്പിൽ കലെ, ബോർ

ഡോ എന്ന ചില സ്ഥലങ്ങൾ ഒഴികെ, ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരുടെ അടുക്കൽനിന്നും പിടിച്ചടക്കിയ എല്ലാ സ്ഥലങ്ങളും എഡ്വേർഡിനു നഷ്ടമാകുകയും ചെയ്തു. അവസാനം 1375-ൽ രണ്ടു രാജ്യക്കാരും തമ്മിൽ സന്ധിയായി.

പിന്നീടു കുറെകാലത്തേക്കു ഫ്രാൻസും ഇംഗ്ലാണ്ടും തമ്മിൽ യുദ്ധമൊന്നുംകൂടാതെ കഴിഞ്ഞു. അവസാനം ഹെൻറി അഞ്ചാമൻ സിംഹാസനത്തിൽ കയറിയപ്പോൾ വീണ്ടും യുദ്ധം തുടങ്ങി. യുദ്ധവീരൻ എന്ന ഖ്യാതി സമ്പാദിക്കുവാനുള്ള ഹെൻറിയുടെ അത്യാഗ്രഹം ആയിരുന്നു, ഇത്തവണ യുദ്ധത്തിനുള്ള പ്രധാന കാരണം. അതിഭയങ്കരമായ കക്ഷിവഴക്കുമൂലം ഫ്രാൻസിന്റെ അന്നത്തെ സ്ഥിതി ഏറ്റവും ശോചനീയമായിരുന്നു. ഇതു ഹെൻറിയുടെ ഉദ്ദേശത്തെ വളരെ സഹായിച്ചു. എഡ്വേഡ് മൂന്നാമനു ഫ്രാൻസിലെ സിംഹാസനത്തിനുണ്ടായിരുന്ന അവകാശം ഹെൻറി രണ്ടാമതും പുറപ്പെടുവിച്ചു. എന്നാൽ ഫ്രാൻസിലെ രാജാവു ചാൾസു ഈ അവകാശങ്ങളെ തീരെ ഗണ്യമാക്കാതിരുന്നതുകൊണ്ടു 1415-ൽ ഹെൻറി ഫ്രാൻസിനോടു യുദ്ധത്തിനു പുറപ്പെട്ടു.

അജിൻകോർട്ട് 1415.

1415-ൽ ഹെൻറി സൈന്യസമേതം ഫ്രാൻസിനെ ആക്രമിച്ചു സീൻനദിയുടെ മുഖത്തുള്ള ഹാർഫ്ളർ എന്ന പട്ടണം പിടിച്ചടക്കി. അവിടെനിന്നു അദ്ദേഹം സൈന്യസമേതം നോർമ്മണ്ടിയിൽകൂടി കലയിലേക്കു

പോകുകയാണു് ചെയ്തു്. ഫ്രഞ്ചുസൈന്യം അദ്ദേഹത്തെ പിൻതുടരുന്നുണ്ടായിരുന്നു. അജിൻകോട്ട് എന്ന സ്ഥലത്തുവെച്ചു ഈ ഫ്രഞ്ചുസൈന്യം പെട്ടന്നു ഹെൻറിയോടു നേരിടുകയും അവിടെവെച്ചു ഇരുകക്ഷിക്കാരും തമ്മിൽ അതിഭയങ്കരമായ ഒരു യുദ്ധം ഉണ്ടാകുകയും ചെയ്തു. ക്രസിയുദ്ധത്തിലെന്നപോലെ ഇവിടേയും ഇംഗ്ലീഷുപട്ടാളക്കാരുടെ കൂത്ത ശരങ്ങൾ ഏറെ പ്രാണവേദനയോടുകൂടി ഫ്രഞ്ചുസൈന്യം നാലുപാടും ഓടിത്തുടങ്ങി. എന്നാൽ ഇംഗ്ലീഷുകാക്കു് ഈ വിജയം തുടർന്നുകൊണ്ടു പോകുവാൻ സാധിച്ചില്ല. ഹെൻറി ഉടനെ സൈന്യസമേതം കലയിലേക്കുള്ള തന്റെ യാത്ര തുടരുകയും ആ വഴിക്കു് ഇംഗ്ലാണ്ടിലേക്കു മടങ്ങുകയും ചെയ്തു.

1417-ൽ ഹെൻറി രണ്ടാമതും ഫ്രാൻസിലേക്കു ഒരു സൈന്യത്തെ നയിച്ചു നോർമ്മണ്ടി പിടിച്ചടക്കി. ഈ അത്യാപത്തു കണ്ടു ഫ്രാൻസിലെ ഭിന്നകക്ഷിക്കാർ യോജിച്ചു പ്രവർത്തിക്കാനാരംഭിച്ചു. അതനുസരിച്ചു് ഒരു കക്ഷിയുടെ നേതാവായ ചാൾസും മറേറ കക്ഷിയുടെ നേതാവായ ബർഗണ്ടിയിലെ ജോണും തമ്മിൽ ഒരു കൂടിയാലോചന നടന്നു. ഈ ആലോചന നടക്കുമ്പോൾ ജോൺ ചതിയിൽ വധിക്കപ്പെട്ടു. തന്റെ അച്ഛന്റെ വധത്തിനു പ്രതികാരം ചെയ്യുവാൻ ജോണിന്റെ മകനായ ഫിലിപ്പ് ഉടനെ ഹെൻറിയുടെ ഭാഗത്തു ചേർന്നു. ഹെൻറിയുടെ ശക്തി വർദ്ധിച്ചുവരുന്നതു കണ്ടു ഫ്രഞ്ചുകാർ 1420-ൽ ട്രോയിസിൽവെച്ചു് ഇംഗ്ലീഷുകാരുമായി സന്ധിചെയ്തു. ചാൾസു് തന്റെ പുത്രിയെ ഹെൻറിക്കു വിവാഹം ചെയ്തുകൊടുക്കുകയും തന്റെ മരണശേഷം ഫ്രാൻസിലെ

രാജാവാകുവാനുള്ള അവകാശം ഹെൻറിയിലും അദ്ദേഹത്തിന്റെ സന്താനങ്ങളിലും സമർപ്പിക്കുകയും ചെയ്തു.

എന്നാൽ ഈ തീരുമാനം ഫ്രാൻസിൽ എല്ലാവർക്കും അത്ര പിടിച്ചില്ല. ലോയർനദിയുടെ തെക്കുഭാഗത്തുള്ളവർ ചാൾസിന്റെ മകനെത്തന്നെ അവരുടെ രാജാവായി സ്വീകരിച്ചു. 1422-ൽ ഹെൻറി മൂന്നാമതും ഫ്രാൻസിനെ ആക്രമിച്ചു. എന്നാൽ ആ കൊല്ലത്തിൽതന്നെ അദ്ദേഹം മരിച്ചു. ആ കൊല്ലത്തിൽതന്നെ ചാൾസും മരിച്ചു. ഹെൻറിയുടെ മകനായ ഹെൻറി ആറാമൻ രണ്ടു രാജ്യങ്ങളിലേയും രാജാവായി.

ഹെൻറി ആറാമൻ. 1422—1461

ഹെൻറി ആറാമൻ ഒരു കുട്ടി ആയിരുന്നതുകൊണ്ട് ആദ്യകൊല്ലങ്ങളിൽ രണ്ടു രാജ്യങ്ങളിലേയും ഭരണം നടത്തിയിരുന്നത് അദ്ദേഹത്തിന്റെ അമ്മാമനായ ജോൺ ആയിരുന്നു. (ബെഡ്ഫോർഡിലെ ഡ്യൂക്ക്) ഇംഗ്ലീഷ് ആധിപത്യം ഫ്രാൻസിൽ നിലനിറുത്തിക്കൊണ്ടുപോകുന്നതിനു ജോൺ വളരെയൊക്കെ ശ്രമിച്ചു. അദ്ദേഹത്തിനു ബർഗണ്ടിയിലെ ഫിലിപ്പിന്റെ സഹായവുംകൂടി ഉണ്ടായിരുന്നു. ഇവർ രണ്ടുപേരുംകൂടി ഇംഗ്ലീഷ് ആധിപത്യത്തിനു് എതിരായി നില്ക്കുന്നവരെ പല യുദ്ധത്തിലും തോല്പിച്ചു. അവസാനം അവർ ഫ്രാൻസിലെ ഒരു പ്രധാന പട്ടണമായ ഓർലിയൻസിനെ വളഞ്ഞു. അതുകൂടി അവക്കു കീഴടങ്ങിയാൽ ഫ്രാൻസു് മുഴുവനും ഇംഗ്ലീഷുകാരുടെ അധീനത്തിലാകും എന്ന സ്ഥിതിയിലായി.

ജോവൻ ആഫ് ആക്ക്

ആ ഘട്ടത്തിൽ നിരാശിതനായ ചാൎൽസിന്റെ മുമ്പിൽ പെട്ടന്നു ഒരു പെൺകിടാവു് ആവിൎഭവിച്ചു, നിരാശയ്ക്കു തീരെ അവകാശമില്ലെന്നും, ഫ്രാൻസിനെ രക്ഷിച്ചു ചാൎൽസിനെ രാജാവായി അഭിഷേകം ചെയ്യുവാൻ ദൈവം നിയോഗിച്ചയച്ചവളാണു താനെന്നും മാവും അദ്ദേഹത്തെ അറിയിച്ചു. ഈ സാധ്വിയാണു ചരിത്രപ്രസിദ്ധയായ "ജോവൻ ആഫ് ആക്ക്." ചാൎൽസിനു ഉത്സാഹം ജനിച്ചു. അധികം താമസിയാതെ ജോവൻ പുരുഷന്മാരെപ്പോലെതന്നെ കവചം ധരിച്ചു, ദേശീയപതാക കയ്യിലേന്തി, ഒരു വലിയ സൈന്യത്തിന്റെ നേതൃത്വം വഹിച്ചു, കാൎലിയൻസിനെ വീണ്ടെടുക്കുവാൻ ശത്രുക്കളുടെ ഇടയിൽകൂടി നിഷ്പ്രയാസം തള്ളിക്കയറി. ഗത്യന്തരമില്ലെന്നു കണ്ടു് ഇംഗ്ലീഷുകാർ കാൎലിയൻസിനെ ഉപേക്ഷിച്ചു മടങ്ങി. ജോവൻ അവരെ വെറുതെ വിട്ടില്ല. പട്ടേ എന്ന സ്ഥലത്തുവെച്ചു് ഫ്രഞ്ചുസൈന്യം ഇംഗ്ലീഷുകാരോടു നേരിടുകയും അവരെ തോല്പിച്ചോടിക്കുകയും ചെയ്തു. ഉടനെ ജോവൻ ചാൎൽസിനെ റീയിംസിലേക്കു കൂട്ടിക്കൊണ്ടു പോകുകയും അവിടെ വെച്ചു് അദ്ദേഹത്തെ ഫ്രാൻസിലെ രാജാവായി അഭിഷേകം ചെയ്കയും ചെയ്തു. ഇതുകൊണ്ടു മാത്രം അവർ തൃപ്തിപ്പെട്ടില്ല. ഇംഗ്ലീഷുകാരെ മുഴുവിയതെ ഫ്രാൻസിൽനിന്നും കാടിച്ചുകളഞ്ഞല്ലാതെ താൻ വിശ്രമിക്കുകകൂടി ചെയ്യുന്നതല്ലെന്നു് അവർ ശപഥം ചെയ്തു. എന്നാൽ 1430-ൽ ജോവൻ എങ്ങിനെയൊ ഇംഗ്ലീഷുകാരുടെ കയ്യിൽപ്പെടുകയും അവർ നിൎല്ലജ്ജം ആ വനിതാരത്നത്തെ കുവന്തിൽ

വെച്ചു പുട്ടകളയുകയും ചെയ്തു. എന്നാലും ജോവന്റെ നാമധേയം ചരിത്രം നിലനില്ക്കുന്ന കാലത്തോളം നില നില്ക്കുന്നതാണു്.

1435-ൽ ബെഡ്ഫോർഡ്ഡ് മരിച്ചു. ഉടനെ ബർഗണ്ടി ചാൾസിന്റെ ഭാഗത്തു ചേരുകയും പാരീസ് ചാൾസിനെ രാജാവായി സ്വീകരിക്കുകയും ചെയ്തു. നോമ്മണ്ടിയും ഗാസ്കണിയും മാത്രമെങ്കിലും പോകാതെ സൂക്ഷിക്കണമെന്നു കരുതി ഇംഗ്ലീഷുകാർ ചാൾസുമായി ഒരു ഉടമ്പടി ചെയ്തു. എന്നാൽ ഈ ഉടമ്പടി അധികം നിലനിന്നില്ല. ഫ്രഞ്ചുകാർ രണ്ടാമതും യുദ്ധം തുടങ്ങി. അവർ ഇംഗ്ലീഷുകാരെ നോമ്മണ്ടിയിൽനിന്നും കാടിച്ചു കളഞ്ഞു ഗാസ്കണിയെ ആക്രമിച്ചു. 1453-ൽ ഗാസ്കണിയും ചാൾസിനു കീഴടങ്ങി. യുദ്ധം അവസാനിച്ചപ്പോൾ ഇംഗ്ലീഷുകാക്കു ഫ്രാൻസിൽ കലൈമാത്രം ശേഷിച്ചു.

യുദ്ധത്തിന്റെ പ്രധാന ഫലങ്ങൾ.

ഫ്രാൻസിനെ കീഴടക്കി ഒരു സാമ്രാജ്യം സ്ഥാപിക്കുവാനുള്ള ഇംഗ്ലീഷുകാരുടെ ശ്രമങ്ങളെല്ലാം ശിഥിലങ്ങളായതോടുകൂടി അവക്കു നിർബ്ബാധമായി കടലിൽ പ്രവേശിക്കുവാനും, പുതിയ പല സ്ഥലങ്ങളും മാർഗ്ഗങ്ങളും കണ്ടുപിടിക്കുവാനും സാധിച്ചു. യുദ്ധംകൊണ്ടു തല്ക്കാലം ചില ലാഭങ്ങളെല്ലാം ഇംഗ്ലാണ്ടിനു സിദ്ധിച്ചു എങ്കിലും താമസിയാതെ സാമൂഹ്യമായികമായിട്ടും, മതപരമായിട്ടും, രാഷ്ട്രീയമായിട്ടും പലേ കുഴപ്പങ്ങളും ഇംഗ്ലാണ്ടിലുണ്ടായി. അടുത്തുണ്ടായ മഹാമാരിയും, കുടിയാൻ ലഹളയും, ലോളാർഡിയും ഈ യുദ്ധത്തിന്റെ ഫലങ്ങൾ തന്നെ ആണു്

എന്നു പറയാം. യുദ്ധം അവസാനിച്ചതോടുകൂടി ജനങ്ങളിൽ പുതിയ ഒരു രാഷ്ട്രീയബോധം ഉദിക്കുകയും അതിന്റെ ഫലമായി പതിന്നാലു പതിനഞ്ചു എന്നീ നൂറാണ്ടുകളിൽ ഇംഗ്ലീഷ് പാർലിമെണ്ടു് അതിശീഘ്രമായി വളരുവാൻ തുടങ്ങുകയും ചെയ്തു. വളരെക്കാലത്തേക്കു് ഇംഗ്ലാണ്ടിന്റെ സമാധാനത്തെ നശിപ്പിച്ചുകൊണ്ടിരുന്ന "വാർസ് ആഫ് ദി റോസസും" ഈ യുദ്ധത്തിന്റെ ഒരു ഫലംതന്നെ ആണു്.

അദ്ധ്യായം ൨൮

മഹാമാരിയും കുടിയാൻലഹളയും*

1348—1381

ഇംഗ്ലാണ്ടും ഫ്രാൻസും തമ്മിൽ ഒരു നൂറാണ്ടുകാലം ഉണ്ടായിക്കൊണ്ടിരുന്ന യുദ്ധത്തിന്റെ ചരിത്രമാണല്ലോ നാം കഴിഞ്ഞ അദ്ധ്യായത്തിൽ പഠിച്ചതു്. ഇക്കാലത്തു ഇംഗ്ലാണ്ടിന്റെ ആഭ്യന്തരമായ സ്ഥിതി എന്തായിരുന്നു എന്നും അറിയേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു എഡ്വേഡ്സു് മൂന്നാമന്റെ കാലം മുതല്ക്കുള്ള ചില പ്രധാന സംഗതികൾകൂടി നമുക്കു പരിശോധിച്ചു നോക്കാം.

മഹാമാരി 1348—49.

അതിൽ ഒന്നാണു് 1347-നോടുകൂടി യൂറോപ്പിനെ മുഴുവനും ബാധിച്ച മഹാമാരി. 1348 മുതൽ 49 വരെ

---

* The Black Death and The Peasants' Revolt.

ഇതു ഇംഗ്ലാണ്ടിനെ അതികഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്നു. ഉദ്ദേശം മൂന്നിലൊരു ഭാഗം ജനങ്ങൾ ഇതിൽ നശിച്ചുപോയി. മരിച്ചവരെ മറവുചെയ്യുന്നതിനുകൂടി മറവുള്ളവർക്കു സാധിച്ചിരുന്നില്ല. അത്ര ഭയങ്കരമായ മരണമാണു നടന്നുകൊണ്ടിരുന്നതു്. മിക്ക സ്ഥലങ്ങളിലും കുടുംബങ്ങൾ അങ്ങിനെതന്നെ നാമാവശേഷമായിപ്പോയിട്ടുണ്ടു്. ഈ മഹാമാരികൊണ്ടു് അധികവും ഉപദ്രവം തട്ടിയതു ഗ്രാമങ്ങൾക്കാണു്. പ്രവൃത്തിയെടുക്കാൻ കൂലിക്കാരില്ലാതെയായിത്തുടങ്ങി. കൃഷിയിൽ ജനങ്ങളുടെ ശ്രദ്ധ പതിയാതെ ആയപ്പോൾ ധാന്യങ്ങൾക്കും ക്ഷാമം ബാധിച്ചുതുടങ്ങി. അതോടുകൂടി സാധനങ്ങളുടെ വിലയും വർദ്ധിച്ചു. വേലക്കാർ ചുരുങ്ങുകയും സാമാനങ്ങളുടെ വില വർദ്ധിക്കുകയും ചെയ്യുപ്പോൾ വേലക്കൂലിയും വർദ്ധിച്ചു.

ഇതുകൊണ്ടു കൂടുതൽ ഉപദ്രവം തട്ടിയതു ജന്മികൾക്കാണു്. നോർമ്മൻ ആക്രമണത്തിനുശേഷം ഇംഗ്ലാണ്ടിലെ കൃഷിപ്പണി അധികവും നടത്തിയിരുന്നതു സമുദായത്തിൽ ഏറ്റവും താഴ്ന്ന പടിയിൽ നിന്നിരുന്ന അടിമകളായിരുന്നു. അവരുടെ ജന്മികൾ അവർക്കനുവദിച്ചുകൊടുത്തിട്ടുള്ള പൂരയിടങ്ങളിൽ താമസിച്ചു് അവർ ജന്മികൾക്കുള്ള കൃഷിപ്പണി ചെയ്തിരുന്നു. അവർക്കു ജന്മികളോടുള്ള ബന്ധത്തെക്കാൾ കൂടുതൽ ബന്ധം അവർ താമസിച്ചിരുന്ന സ്ഥലത്തിനോടായിരുന്നു. ജന്മികൾക്കു് കരിക്കലും അവരുടെ വസ്തു കഴിപ്പിക്കാനൊ അവരെ കുടിയിറക്കാനൊ ഉള്ള അധികാരം ഉണ്ടായിരുന്നില്ല. എന്നാൽ ഈ അടിമകളുടെ എണ്ണം ഇപ്പോൾ തുലോം കുറഞ്ഞു.

ശേഷിച്ചവർതന്നെ ജന്മികൾക്കുവേണ്ടി പ്രവൃത്തി എടുക്കുക എന്ന ഏർപ്പാടു നിരത്തൽചെയ്തു. അതിനുപകരം അവർക്കു പ്രത്യേകം കരം നികുതി കൊടുക്കുക എന്ന ഏർപ്പാടു തുടങ്ങിയിരുന്നു. തുടക്കത്തിൽ ഈ ഏർപ്പാടു ജന്മികൾക്കു നല്ലതായിരുന്നു എങ്കിലും, വേലക്കൂലിയും മറ്റും വർദ്ധിച്ചപ്പോൾ അതുകൊണ്ടവർക്കു നഷ്ടമാണുണ്ടായതു്. അതുകൊണ്ടു ജന്മികൾ ഈ സമ്പ്രദായത്തെ അനുവദിക്കാതായി. സ്വതന്ത്രരായ വേലക്കാർക്കുകൊടുക്കേണ്ട സാധനങ്ങളുടെ വിലയും മറ്റും വർദ്ധിച്ചതനുസരിച്ചുള്ള കൂലി കൊടുക്കാനും ജന്മികൾ തയ്യാറായിരുന്നില്ല. അങ്ങനെ നാട്ടിൽ വലിയ ക്ഷോഭം ഉണ്ടായി. പണക്കാരും സാധുക്കളും തമ്മിൽ ഒരു വലിയ കലഹം തുടങ്ങി.

കൃഷിയാൾലഹള 1381

വേലക്കൂലി വർദ്ധിക്കാതിരിക്കുന്നതിനു പാർലിമെണ്ടു പല നിയമങ്ങളും പാസ്സാക്കിയെങ്കിലും, ഈ നിയമങ്ങളെ അനുസരിക്കാത്തവരെ കഠിനമായി ശിക്ഷിച്ചു എങ്കിലും, ഫലമൊന്നുമുണ്ടായില്ല. അതു ഫലിച്ചില്ലെന്നു കണ്ടപ്പോൾ അടിമകളെല്ലാം പണ്ടത്തെപ്പോലെ ജോലി ചെയ്യണം എന്നു ജന്മികൾ നിർബ്ബന്ധിക്കാൻ തുടങ്ങി. ജനങ്ങളുടെ ക്ഷോഭത്തിനു് അതിരില്ലാതായി. പോരെങ്കിൽ അന്നത്തെ ഭരണസമ്പ്രദായവും അവർക്കു തീരെ പിടിച്ചില്ല. റിച്ചേഡ്ു് രണ്ടാമൻ ഒരു കുട്ടി ആയിരുന്നതുകൊണ്ടു രാജ്യഭരണം നടത്തിയിരുന്നതു വാസ്തവത്തിൽ അദ്ദേഹത്തിന്റെ അമ്മാമൻ "ജോൺ ആഫ്ഗാണ്ടു്" ആയിരുന്നു. പണത്തിനുള്ള ബുദ്ധിമുട്ടു നിമിത്തം

1377-ൽ അദ്ദേഹം കരു പുതിയ നികുതി ജനങ്ങളിൽ ചുമത്തി. അടുത്ത കൊല്ലം രണ്ടാമതും അതു ആവർത്തിച്ചു. അതോടുകൂടി ജനങ്ങളുടെ ക്ഷമയെല്ലാം അവസാനിച്ചു. സകല ദിക്കിലും അവർ ലഹളക്കൊരുങ്ങി ഏറ്റവും വലിയ ലഹള കെൻറിലായിരുന്നു. വാട്ട് ടൈലറിന്റെ നേതൃത്വത്തിൽ ലഹളക്കാർ പലേ അക്രമങ്ങളും പ്രവൃത്തിച്ചുകൊണ്ടു ലണ്ടനിലെത്തി. അവർ "ജോൺ ആഫ് ഗാണ്ടിന്റെ" കൊട്ടാരത്തിനു തീവെച്ചു. റിച്ചേഡു കുട്ടിയായിരുന്നു എങ്കിലും, ഉടനെ സങ്കോചം കൂടാതെ ലഹളക്കാരുടെ ഇടയിൽ ചെന്നു അവരെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. വാട്ട് ടൈലർ രാജാവിനെ ഭയപ്പെടുത്തുവാൻ തുനിഞ്ഞപ്പോൾ ലണ്ടനിലെ മേയർ അയാളെ കൊന്നുകളഞ്ഞു. ഇതു ലഹളക്കാരെ വല്ലാതെ ക്ഷോഭിപ്പിച്ചു എങ്കിലും, താനാണ് അവരുടെ നേതാവു് എന്നും അവരെയെല്ലാം താൻ അടിമത്വത്തിൽനിന്നു വിമുക്തരാക്കുന്നുണ്ടെന്നും മറ്റും പറഞ്ഞു റിച്ചേഡ്ഡ് അവരെ ആശ്വസിപ്പിച്ചു. എന്നാൽ പറഞ്ഞപോലെ പ്രവൃത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. സ്വാതന്ത്ര്യം കിട്ടുന്നതിനു പകരം തല്ക്കാലം അടിമകളുടെ സ്ഥിതി കുറെക്കൂടി കഷ്ടത്തിലാകുകയാണു ചെയ്തതു്. എങ്കിലും വഴിയെ അവർ സ്വതന്ത്രരായി.

അദ്ധ്യായം ൨൨.

വിക്ലിഫും ലോള്ളാർഡിയും.

യേശുക്രീസ്തുവിന്റെ പരിപാവനങ്ങളായ ആദേശങ്ങളെ തുണവൽകരിച്ചു, ദ്രവ്യസമ്പാദനം ആദിയായ ലൌകികവ്യാപാരങ്ങളിൽമാത്രം ലയിച്ചു മതിമറന്നു കിടന്നിരുന്ന കത്തോലിക്കാലോകത്തെ പെട്ടെന്നുണത്തിയ ഒരു മതപ്രസ്ഥാനമാണു ലോള്ളാർഡി. റിച്ചേർഡു രണ്ടാമന്റെ കാലത്തു ഓക്സ്ഫോഡ്ഡ് സർവ്വകലാശാലയിലെ ഒരു പ്രൊഫസ്സർ ആയിരുന്ന വിക്ലിഫ് എന്ന മഹാനാണു ഈ പുതിയ പ്രസ്ഥാനം നടപ്പിൽ വരുത്തിയതു്. അദ്ദേഹത്തിന്റെ അനുയായികളെ "സാധുപുരോഹിതന്മാർ" എന്നർത്ഥമുള്ള "ലോള്ളാഡ്സ്" എന്നാണു വിളിച്ചുവന്നിരുന്നതു്. അവരിൽനിന്നാണു ലോള്ളാർഡി" എന്ന പേർ ഉണ്ടായതു്.

പോപ്പു തുടങ്ങി, ഏറ്റവും നിസ്സാരനായ പുരോഹിതൻവരെയുള്ള മതാചാര്യന്മാരെല്ലാം വളരെക്കാലമായി ഒരു പോലെ നീചവും നിന്ദ്യവുമായ ജീവിതമാണു നയിച്ചിരുന്നതു്. മതത്തിന്റെ പേരും പറഞ്ഞു അന്നു നടന്നിരുന്ന അക്രമങ്ങൾക്കു കയ്യും കണക്കുമില്ല. കാരോ പേരും പറഞ്ഞു പോപ്പു് അന്നു ഇംഗ്ലാണ്ടിൽനിന്നും വളരെ അധികം പണം അപഹരിച്ചുകൊണ്ടുപോയിരുന്നു. അജ്ഞന്മാരും അന്ധവിശ്വാസികളും ആയ സാധുജനങ്ങൾ പലതരത്തിലും വഞ്ചിക്കപ്പെട്ടു. ബൈബിൾ എന്താണെന്നുകൂടി അവർ മനസ്സിലാക്കിയിരുന്നില്ല. സന്ന്യാസിമാ

ങ്ങളിലും മറവും ആത്മീകജീവിതത്തിനു സ്ഥാനമില്ലാതായി.

വീക്ലിഫ് ഈ വക അക്രമങ്ങൾക്കൊരുതി വരുത്തുവാൻ തീച്ചയാക്കി. കുസൂവിന്റെ ആദർശങ്ങളെക്കുറിച്ചും മറവുള്ള അദ്ദേഹത്തിന്റെ ഉത്തേജകങ്ങളായ സവ്വകലാശാലപ്രസംഗങ്ങൾ വിദ്യാത്ഥികളുടെ ഇടയിൽ ഒരു പുതിയ ഉത്സാഹം ജനിപ്പിച്ചു. കുസൂവിന്റെ സേച്ഛാകൃതമായ കഠോരദാരിദ്ര്യവ്രതത്തെ സന്യാസിമാരും പുരോഹിതന്മാരും മറവും മാതൃകയായി സ്വീകരിക്കേണ്ടതാണെന്നും പരിശുദ്ധവും ആത്മീകവും ആയ ജീവിതമാണു അവർ നയിക്കേണ്ടതെന്നും മറവും വീക്ലിഫ് ജനങ്ങളെ മനസ്സിലാക്കി. സന്യാസിമാർ സ്വത്തു സമ്പാദിക്കുന്നതിനേയും അനാവശ്യമായ ലൌകികകാര്യങ്ങളിൽ ഇടപെടുന്നതിനേയും അദ്ദേഹം കഠിനമായി ആക്ഷേപിച്ചു. തന്റെ ഈ പുതിയ ആശയങ്ങൾ സവ്വകലാശാലയിലുള്ള വിദ്യാത്ഥികളെ മാത്രം ധരിപ്പിച്ചതുകൊണ്ടു അദ്ദേഹം തൃപ്തിപ്പെട്ടില്ല. അദ്ദേഹത്തിന്റെ അനുയായികൾ (ലോളാഡ്സ്) ക്രമേണ നാടെങ്ങും നടന്നു പ്രസംഗിക്കാൻ തുടങ്ങി. യഥാത്ഥമായ മതബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിനു വീക്ലിഫ് തന്നെ പലേ ലഘുലേഖനങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തി. പോപ്പോ മെത്രാനോ പറയുന്നതു ഒരിക്കലും വേദവാക്യമായിക്കരുതരുതെന്നും, ബൈബിൾ ആണ എല്ലാറ്റിനേറയും അടിസ്ഥാനമെന്നും വീക്ലിഫ് ജനങ്ങളെ മനസ്സിലാക്കി. സാധാരണ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി അദ്ദേഹം ബൈബിൾ ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തു.

പോപ്പു തുടങ്ങിയ യാഥാസ്ഥിതിക കക്ഷിക്കാർ ഈ പുതിയ മതത്തെ നശിപ്പിക്കുന്നതിനു ആവുന്നതെല്ലാം പ്രയത്നിച്ചുകൊണ്ടിരുന്നു. എന്നാൽ വിക്ലിഫിനു ജോൺ ആഫ് ഗാണ്ടു തുടങ്ങിയ മഹാന്മാരുടെ സഹായം ഉണ്ടായിരുന്ന കാലത്തോളം യാഥാസ്ഥിതികകക്ഷിക്കാരുടെ ശ്രമങ്ങൾ ഫലിച്ചില്ല. പക്ഷെ ജോൺ ആഫ് ഗാണ്ടിന്റേയും മറ്റും സഹായം വിക്ലിഫിനു അധികകാലം ലഭിച്ചില്ല. 1382-ൽ കാൻറർബറിയിലെ ആച്ച് ബിഷപ്പു ഒരു സഭ വിളിച്ചുകൂട്ടുകയും ആ സഭയിലെ തീരുമാനമനുസരിച്ചു വിക്ലിഫിനേയും മറ്റും ഓക്സ്ഫോർഡിൽനിന്നു ഓടിച്ചുകളകയും ചെയ്തു. വിക്ലിഫ് ലീസ് റർഷയറിലുണ്ടായിരുന്ന തന്റെ പാരിഷിലേക്കു പോകുകയും അവിടെവെച്ചു 1384-ൽ മരിക്കുകയും ചെയ്തു.

വിക്ലിഫിന്റെ മരണശേഷവും കുറേകാലത്തേക്കുകൂടി ലോളാർഡിക്കു ഇംഗ്ലാണ്ടിൽ പ്രാബല്യം ഉണ്ടായിരുന്നു. ഹെൻറി നാലാമൻ അതിനെ വിരോധിച്ചുകൊണ്ടു പലേ നിയമങ്ങളും നടപ്പിൽ വരുത്തി. അവസാനം ഹെൻറി അഞ്ചാമൻ, ലോർഡ് കോബ്ഹാം തുടങ്ങിയ അതിന്റെ നേതാക്കന്മാരെ കൊന്നതോടുകൂടി ഈ പുതിയ പ്രസ്ഥാനം ഇംഗ്ലാണ്ടിൽനിന്നും മാഞ്ഞുപോകുകയും ചെയ്തു.

അദ്ധ്യായം ൨൧

ലങ്കാസ്റ്ററും യോക്കും.

(രണ്ടാംഭാഗം)

ഇംഗ്ലാണ്ടും ഫ്രാൻസും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്ന ഇക്കാലത്തു ഇംഗ്ലാണ്ടിൽതന്നെ അതിഭയങ്കരമാകുന്ന ആഭ്യന്തരകലഹം നടന്നുകൊണ്ടിരുന്നു. എഡ്വേഡ്മൂന്നാമനുശേഷം രാജകുടുംബത്തോടു് ഏതാണ്ടു് ബന്ധമുള്ളവരും ധനികന്മാരും ആയ അനവധി പ്രഭുക്കന്മാർ ഇംഗ്ലാണ്ടിൽ ഉയർന്നവന്നു. ഇവരിൽ കാരോരുത്തരും സിംഹാസനം കൈവശപ്പെടുത്തണം എന്നാഗ്രഹിച്ചുകൊണ്ടിരുന്നു. അതാണു കലഹത്തിനുള്ള കാരണം. ഈ കലഹവും ഏകദേശം നൂറു കൊല്ലത്തോളം നീണ്ടുനിന്നിട്ടുണ്ടു്. (1387—1497) ഇതിന്റെ അവസാനഘട്ടത്തെ ആണു "വാർസ് ആഫ് ദി റോസസ്" എന്നു പറയുന്നതു്.

റിച്ചേർഡ് രണ്ടാമൻ. 1377—1399.

എഡ്വേഡു് മൂന്നാമൻ മരിച്ചപ്പോൾ റിച്ചേഡു് ഒരു കുട്ടി ആയിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ അമ്മാമനായ ജോൺ ആഫ് ഗാണ്ടു് ആണു വാസ്തവത്തിൽ ഭരണം നടത്തിയിരുന്നതു്. ഇക്കാലത്തു രാജകക്ഷിക്കാരും ജോണിന്റെ ലങ്കാസ്ടിയൻകക്ഷിക്കാരും തമ്മിൽ സദാ കലഹിച്ചുകൊണ്ടിരുന്നു. അവസാനം ജോണിന്റെ മകനായ ഹെൻറി, സ്നേഹിതന്മാരായ ഗസ്റ്റർ, ഡാർവിക്കു് മുതലായവരോടുകൂടി രാജകക്ഷിക്കാരെ റാഡ്കോട്ട് ബ്രി

ഡ്ജ് എന്ന സ്ഥലത്തുവെച്ചു തോല്പിച്ചു. അവരുടെ പ്രേരണനിമിത്തം പാർലിമെണ്ടു രാജകക്ഷിക്കാരിൽ പലരുടേയും ശിരച്ഛേദംചെയ്തു.

1389-ൽ റിച്ചേഡ്ഡു രാജ്യഭരണം കയ്യേറെടുത്തു. എട്ടു കൊല്ലത്തേക്കു അദ്ദേഹം ഒരുവിധം നല്ലപോലെ ഭരണം നടത്തി. 1397-ൽ അദ്ദേഹം തന്റെ ശത്രുക്കളായ ഗ്ലൗസ്റ്റർ, വാർവിക്ക മുതലായവരുടെ പേരിൽ രാജദ്രോഹക്കുറ്റം ചുമത്തി. അവരിൽ ചിലരെ തൂക്കിക്കൊല്ലുകയും മറ്റു ചിലരെ നാടുകടത്തുകയുംചെയ്തു. അതിനുശേഷം റിച്ചേർഡ് സ്വേച്ഛപോലെ രാജ്യം ഭരിക്കാൻ തുടങ്ങി. എന്നാൽ റിച്ചേർഡിന്റെ പഴയ ശത്രുക്കളിൽ ഒന്നരണ്ടുപേർ ഇപ്പോഴും ഇംഗ്ലാണ്ടിൽ ഉണ്ടായിരുന്നു. അവരിൽ ഏറ്റവും പ്രധാനി ജോൺ ആഫ്ഗാണ്ടിന്റെ മൂത്തപുത്രനും ഹെറിഫോർഡിലെ ഡ്യൂക്കും ആയ ഹെൻറി ആയിരുന്നു. ഹെൻറിക്കു റിച്ചേർഡ് തല്ക്കാലം മാപ്പുകൊടുത്തു എങ്കിലും അദ്ദേഹം അയാളെ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. എന്നുതന്നെയല്ല അധികം താമസിയാതെ അദ്ദേഹം ഹെൻറിയെ നാടുകടത്തുകയും ചെയ്തു. അടുത്തതന്നെ ജോൺ ആഫ്ഗാണ്ടു മരിച്ചു. ലങ്കാസ്റ്ററിന്റെ പിന്നത്തെ അവകാശി വാസ്തവത്തിൽ ജോണിന്റെ മകനായ ഹെൻറി ആയിരുന്നു. എന്നാൽ റിച്ചേർഡ് ഉടനെ ലങ്കാസ്റ്റർസ്വത്തെല്ലാം കൈവശപ്പെടുത്തി. കൂപിതനായ ഹെൻറി റിച്ചേർഡിനാൽ നാടുകടത്തപ്പെട്ട മറ്റു ആളുകളുടെ സഹായത്തോടുകൂടി തന്റെ പിതൃസ്വത്തു കരസ്ഥമാക്കാനായി ഇംഗ്ലാണ്ടിനെ ആക്രമിച്ചു. 1399-ൽ ഹെൻറി റാവൻസ്പുർ എന്ന സ്ഥലത്തു കപ്പലി

റങ്ങി. അനവധി ആളുകൾ അയാളുടെ ഭാഗത്തുചേർന്നു. റിച്ചേർഡ് ആ സമയത്ത് അയർലണ്ടിൽ ആയിരുന്നു. ഈ വർത്തമാനം കേട്ട ഉടനെ അദ്ദേഹം ഇംഗ്ലാണ്ടിലേക്കു മടങ്ങി. അതുകൊണ്ടു വിശേഷമൊന്നുമുണ്ടായില്ല. റിച്ചേർഡിന്റെ അക്രമമായ ഭരണം അവസാനിപ്പിക്കാൻ ഉറച്ചു ജനങ്ങളെല്ലാം ഹെൻറിയെ സഹായിച്ചു. റിച്ചേർഡ് ഹെൻറിക്കു കീഴടങ്ങുവാൻ നിർബ്ബന്ധിതനായി. ഹെൻറി ഇപ്പോൾ തന്റെ പിതൃസ്വത്തിനു മാത്രമല്ല ഇംഗ്ലാണ്ടിലെ സിംഹാസനത്തിനുകൂടി അവകാശം പുറപ്പെടുവിച്ചു. ഉടനെ ഒരു പാർലിമെണ്ടു കൂടുകയും അതു റിച്ചേർഡിനെ രാജാവിന്റെ സ്ഥാനത്തുനിന്നും നീക്കി ആ സ്ഥാനത്തു ഹെൻറിയെ ഹെൻറി നാലാമനായി നിയമിക്കുകയുംചെയ്തു. അടുത്ത കൊല്ലത്തിൽതന്നെ റിച്ചേർഡ് വധിക്കപ്പെട്ടു.

രണ്ടാം ഭാഗം

ഹെൻറി നാലാമൻ. 1399—1413

റിച്ചേർഡ് രണ്ടാമനു സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഹെൻറി നാലാമനായിരുന്നില്ല ശരിക്കു പിന്നത്തെ അവകാശി. എഡ്വേർഡ് മൂന്നാമന്റെ രണ്ടാമത്തെ മകനായ ലയണൽവഴിക്കു എഡ്മണ്ട് മോർട്ടിമർ എന്നൊരാളുണ്ടായിരുന്നു. അദ്ദേഹമായിരുന്നു കുറേക്കൂടി അടുത്ത അവകാശി. എന്നാൽ വെറും ബാലനായിരുന്നതുകൊണ്ടല്ല ഹെൻറി സിംഹാസനത്തിൽ കയറിയതു്. പാർലിമെണ്ടിന്റെ ആനുകൂല്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഏതായാലും ഹെൻറി സിംഹാസനത്തിൽ കു

യറി അധികം താമസിയാതെ, അദ്ദേഹം കാണിച്ചുകൊ
ടുത്ത ആദേശത്തെ തുടർന്നതന്നെ പല പ്രഭുക്കുടുംബക്കാരും
ലഹളക്കൊരുങ്ങി. മോർട്ടിമർ, പെർസി, എന്നീ കുടും
ബക്കാരും കാവൻഡിഷ്ഗ്ലണ്ടോവറും, ഒന്നിച്ചുകൂടി ഹെൻറി
യെ കാടിച്ചുകളഞ്ഞു് ആ സ്ഥാനത്തു് എഡ്മണ്ട് മോർ
ട്ടിമറെ നിയമിക്കാനുള്ള ശ്രമങ്ങളെല്ലാം ചെയ്തു. ഷ്രൂസ്
ബറിയിൽവെച്ചുണ്ടായ യുദ്ധത്തിൽ ഹെൻറി അവരെ
തോല്പിച്ചു. ഈ യുദ്ധത്തിൽ ഹെൻറി പെർസി മരിച്ചു
പോയി. 1403-ൽ ബ്രാഹംമൂറിൽവെച്ചുണ്ടായ യുദ്ധത്തി
ൽ നോത്തംബർലാണ്ടും മരിച്ചു. കാവൻ കുറേക്കാലംകൂ
ടി എതിർത്തുനിന്നുവെങ്കിലും അവസാനം വെയിൽസി
ൽവെച്ചു മരിച്ചുപോയി.

ഹെൻറി അഞ്ചാമൻ. 1413—1422

ബ്രാഹംമൂറിലെ യുദ്ധത്തിനുശേഷം കുറെക്കാലത്തേ
ക്കു് ഇംഗ്ലണ്ടിൽ വലിയ ലഹളയൊന്നും ഉണ്ടായിരുന്നി
ല്ല. ഹെൻറി അഞ്ചാമനോടു ജനങ്ങൾക്കു് അതൃപ്തിയു
ണ്ടായിരുന്നുവെങ്കിലും അവർ അദ്ദേഹത്തോടു നേരിട്ടു
ലഹളക്കൊരുങ്ങിയില്ല. എന്നാൽ 1415-ൽ യോക്കിലെ
ഡ്യൂക്കായ എഡ്മണ്ടിന്റെ മകനും കേമ്പ്രിഡ്ജിലെ
പ്രഭുവും ആയ റിച്ചേഡ്സ് ഹെൻറിയുടെ സ്ഥാനം കൈവ
ശപ്പെടുത്തുന്നതിനു സഹകായ്മയായ ചില ഏർപ്പാടുകളെല്ലാം
ചെയ്തു. ഇതു ഹെൻറിക്കു മനസ്സിലാകുകയും അദ്ദേഹം ഉട
നതന്നെ റിച്ചേർഡിനെ കൊല്ലുകയും ചെയ്തു. റിച്ചേർ
ഡിനും സിംഹാസനത്തിനു ഒരു നല്ല അവകാശം ഉണ്ടാ
യിരുന്നു. റിച്ചേഡ്സ് മരിച്ചെങ്കിലും, മരണസമയത്തു,

തനിക്കുണ്ടായിരുന്ന അവകാശങ്ങളെ അദ്ദേഹം തന്റെ മകനും യോക്കിലെ ഡ്യൂക്കും ആയ റിച്ചേർഡിൽ സമർപ്പിച്ചിരുന്നു.

മൂന്നാം ഭാഗം

ഹെൻറി ആറാമൻ. 1422—1461

ഹെൻറി ആറാമന്റെ കാലത്തു ലങ്കാസ്റ്റർവംശത്തോടു ജനങ്ങൾക്കുണ്ടായിരുന്ന അതൃപ്തി വർദ്ധിച്ചുകൊണ്ടുതന്നെ വന്നു. രാജാവിന്റെ ശക്തിക്കുറവും, അതൃപ്തികരമായ ഭരണവും, ഫ്രഞ്ചുയുദ്ധത്തിൽ ഇംഗ്ലീഷുകാർക്കു പറ്റിയ ലജ്ജാവഹമായ പരാജയവും, സഫോക്ക് സോമർസറ് മുതലായ കുന്നിനംകൊള്ളാത്ത മന്ത്രിമാർക്കും രാജ്ഞിക്കും രാജാവിന്റെ മേൽ ഉണ്ടായിരുന്ന അധികാരവും ആണ് ഇതിനുള്ള മുഖ്യകാരണങ്ങൾ. പോരെങ്കിൽ ലങ്കാസ്റ്റർ യോർക്ക് കക്ഷിവഴക്കുകൾ നാടിന്റെ സമാധാനത്തെ നശിപ്പിച്ചുകൊണ്ടിരുന്നു. ജനങ്ങൾ അവസാനം റിച്ചേർഡിനെ ശരണം പ്രാപിച്ചു. അവർക്കും ആദ്യം റിച്ചേർഡിനെ രാജാവാക്കണം എന്ന ഉദ്ദേശം ഉണ്ടായിരുന്നില്ല. റിച്ചേർഡ് ഉടനെ ഹെൻറിയോടു തന്റെ മന്ത്രിമാരെ ഉപേക്ഷിക്കുവാൻ ആവശ്യപ്പെട്ടു. ഹെൻറി അതു വകവെച്ചില്ല. റിച്ചേർഡു് സൈന്യം ശേഖരിച്ചു. ഉടനെ തൽക്കാലശാന്തിക്കുവേണ്ടി മാത്രം ഹെൻറി അതു സമ്മതിച്ചു. അധികം താമസിയാതെ ഹെൻറിക്കു ഭ്രാന്തുപിടിച്ചു. അപ്പോൾ ജനങ്ങൾ റിച്ചേർഡിനെ റീജൻറായി തീയമിച്ചു. എന്നാൽ ഹെൻറിയുടെ ഭ്രാന്തു പെട്ടെന്നു മാറുകയും അദ്ദേഹം റിച്ചേർഡിനെ

റീജൻറസ്ഥാനത്തുനിന്നും കഴിവാക്കുകയും ചെയ്തു. പോരെങ്കിൽ ഹെൻറിക്ക് ഇപ്പോൾ ഒരു മകനും ഉണ്ടായി. തന്റെ മനോരാജ്യങ്ങൾ ശിഥിലങ്ങളായി എന്നറിഞ്ഞ റിച്ചേർഡ് രണ്ടാമതും ഹെൻറിയോട് യുദ്ധത്തിനു സന്നദ്ധനായി.

വാർസ് ആഫ് ദി റോസസ് 1455—1485

1455-ൽ സെൻറ് ആൽബാൻസ് എന്ന സ്ഥലത്തുവെച്ച് ഇരുകൂട്ടരും തമ്മിൽ ഒരു യുദ്ധമുണ്ടാകുകയും അതിൽ റിച്ചേർഡ് ഹെൻറിയെ തോല്പിച്ച തടവുകാരനായി പിടിക്കുകയും ചെയ്തു. ഇതാണ് വാർസ് ആഫ് ദി റോസസിന്റെ തുടക്കം. ലങ്കാസ്റ്റർ കുടുംബക്കാർക്ക് അവരുടെ കുടുംബചിഹ്നമായി ഒരു വെളുത്ത റോജാപുഷ്പവും യോർക്ക് കുടുംബക്കാർക്ക് ഒരു ചുകന്ന റോജാപുഷ്പവും ഉണ്ടായിരുന്നുവത്രെ. അതുകൊണ്ടായിരിക്കാം ഈ യുദ്ധത്തിനു 1455—1485 ഇങ്ങിനെ റോജാപുഷ്പങ്ങളുടെ യുദ്ധം എന്ന പേർ വന്നതു്. അധികം താമസിയാതെ റിച്ചേഡു് സിംഹാസനത്തിനു അവകാശം പുറപ്പെടുവിച്ചു. എന്നാൽ ഹെൻറിയുടെ ഭാര്യ മാർഗററ് തന്റെ ഭർത്താവിനുവേണ്ടി റിച്ചേർഡിനോട് യുദ്ധംചെയ്കയും വേക്കഫീൽഡിൽവെച്ച് അദ്ദേഹത്തെ തോല്പിക്കുകയും നിഗ്രഹിക്കുകയും ചെയ്തു. റിച്ചേർഡിന്റെ മൂത്ത പുത്രനായ എഡേവഡു് ഉടനെ സൈന്യസമേതം ലണ്ടനേ ആക്രമിക്കുകയും താനാണു ശരിയായ രാജാവു എന്നു പ്രഖ്യാപനം ചെയ്കയും ചെയ്തു. ഹെൻറിയും മാർഗററും ഉടനെ വടക്കോട്ടോടി. എഡേവഡ് അവരെ പിന്തുടരു

കയും 1461-ൽ ടൌട്ടൺ എന്ന സ്ഥലത്തുവെച്ചു അവരെ തോല്പിക്കുകയും ചെയ്തു. യോർക്കുവംശത്തിൽപ്പെട്ട എഡേവഡ്ഡ് നാലാമൻ ഇപ്പോൾ ഇംഗ്ലാണ്ടിലെ രാജാവായി മാർഗരറ്റ് സ്കോട്ട്ലാണ്ടുവഴി ഫ്റാൻസിലേക്കു കടിപ്പോയി. ഹെൻറി കുറേക്കാലം കളിച്ചു നടന്നു എങ്കിലും അവസാനം എഡേവഡ്ഡ് അദ്ദേഹത്തെ കണ്ടുപിടിക്കുകയും തടവിൽ പാപ്പിക്കുകയുംചെയ്തു.

എഡേവർഡു നാലാമൻ.

ഇംഗ്ലാണ്ടു മുഴുവനും ഇപ്പോൾ ലങ്കാസ്റ്റർ, യോർക്ക് എന്ന രണ്ടു കക്ഷിയായി പിരിഞ്ഞു. യോർക്കു വംശക്കാരനായ എഡേവഡ്ഡു നാലാമന്റെ സഹായികളിൽ ഏറ്റവും പ്രധാനികളും നെവില്ലി കുടുംബക്കാരായിരുന്നു. ആ കുടുംബത്തിന്റെ നേതാവും, ജനസ്വാധീനമുള്ളവനും, ധനികനും ആയ വാർവിക്കായിരുന്നു എഡേവർഡിന്റെ ഏറ്റവും അടുത്ത മിത്രം. അദ്ദേഹമായിരുന്നു എഡേവർഡിന്റെ പ്രധാന മന്ത്രി. വാർവിക്കിന്റെ വഴിച്ചുവരുന്ന ശക്തികണ്ടു ഭയപ്പെട്ടു, എഡേവഡ്ഡ് അയാളെ അകറ്റാനുള്ള വഴികളും ആലോചിച്ചുതുടങ്ങി. ഫ്റാൻസിനോടു സന്ധിചെയ്യണമെന്നും അവിടത്തെ ഒരു സ്ത്രീയെ വിവാഹം ചെയ്യണമെന്നും വാർവിക്കു ഇപ്പോൾ എഡേവർഡിനോടു ആവശ്യപ്പെട്ടു. എഡേവഡ്ഡു അതു കേൾക്കാതെ എലിസബത്തു എന്ന ഒരു സ്ത്രീയെ വിവാഹം ചെയ്തു. ക്രമേണ എഡേവർഡിനു വാർവിക്കിനേക്കാൾ കൂടുതൽ വിശ്വാസം രാജ്ഞിയുടെ സഹോദരന്മാരെയും ബന്ധുക്കളേയും ആയിത്തുടങ്ങി. വാർവിക്കു രാജാവിനു

വിരോധമായി ലഹളകളും ഉണ്ടാക്കിത്തുടങ്ങി. അയാളും, തന്റെ മകളെ എഡ്വേർഡിന്റെ സഹോദരനും ക്ലാറൻസിലെ ഡ്യൂക്കും ആയ ജോർജ്ജിനു വിവാഹം ചെയ്യുകൊടുത്തു. അദ്ദേഹത്തേയും തന്റെ പാട്ടിൽ ചേർത്തു എഡ്വേർഡിനു എതിരായി തിരിച്ചുവിട്ടു. 1470-ൽ എഡ്വേർഡ് ലഹളക്കാരെ തോല്പിക്കുകയും വാർവിക്കും കൂട്ടുകാരനായ ക്ലാറൻസും ഫ്രാൻസിലേക്കോടിപ്പോകുകയും ചെയ്തു. അവിടെവച്ചു അവർ ഹെൻറിയുടെ ഭാര്യയായ മാർഗരറ്റുമായി സന്ധിചെയ്യുകയും ഒരു ഫ്രഞ്ചുസൈന്യത്തോടുകൂടി ഇംഗ്ലാണ്ടിനെ ആക്രമിക്കുകയും ചെയ്തു. വാർവിക്കിനോടെതിർത്തുനില്ക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടു് എഡ്വേർഡ് നതർലാണ്ട്സിലേക്കു് ഓടിപ്പോയി. വാർവിക്കു് ഉടനെ ഹെൻറിയെ തടവിൽനിന്നു വിമുക്തനാക്കി സിംഹാസനത്തിൽ കയറ്റി. ഇങ്ങിനെ "കിങ്ങ്മേക്കർ" എന്ന സ്ഥാനം താൻ ശരിക്കും അർഹിക്കുന്നുണ്ടെന്നുള്ളതു വാർവിക്കു് പ്രത്യക്ഷമാക്കി. വൃദ്ധനും തലയ്ക്കു സ്ഥിരതയില്ലാത്തവനും ആയ ഹെൻറി രാജാവാണെന്നു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. വാസ്തവത്തിൽ കാര്യങ്ങളെല്ലാം നടത്തിയിരുന്നതു വാർവിക്കായിരുന്നു. 1471-ൽ എഡ്വേർഡ് ഇംഗ്ലാണ്ടിലേക്കു മടങ്ങിവരുകയും ചില പ്രമാണികളുടെ സഹായത്തോടുകൂടി ഹെൻറിയെ രണ്ടാമതും തടവുകാരനായി പിടിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം വാർവിക്കിനോടു നേരിട്ടു. ബാർനറിൽവെച്ചു രണ്ടുകൂട്ടരും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ വാർവിക്കു മരിച്ചു. താമസിയാതെ മാർഗരറ്റും, അവരുടെ പുത്രനും വെയിൽസിലെ രാജ


കുമാരനും ആയ എഡ്വേഡും ഇംഗ്ലാണ്ടിൽ വന്നെത്തി. എഡ്വേഡ് നാലാമൻ അവരെ ടൂക്ക്സ്ബറിയിൽ വെച്ചു തോല്പിക്കുകയും ഒരേദിവസംതന്നെ മാർഗററി ന്റെ ഭർത്താവിനേയും പുത്രനേയും വധിക്കുകയും ചെയ്തു. എന്നാൽ മാർഗററിനു ഫ്രാൻസിലേക്കു പോകുവാൻ അദ്ദേഹം അനുമതി നൽകി.

പിന്നീടുള്ള കാലം മുഴുവനും വലിയ ലഹളയൊന്നും കൂടാതെ എഡ്വേഡ് രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ മരണശേഷം എഡ്വേർഡ് അഞ്ചാമൻ സിംഹാസനത്തിൽ കയറി. അദ്ദേഹത്തിന്റെ അമ്മയുടേയും കൂട്ടുകാരുടേയും പ്രാബല്യത്തിൽ അസൂയാലുക്കളായ പ്രഭുക്കന്മാർ, സിംഹാസനം കൈവശപ്പെടുത്തുന്നതിനു കുറെ വർഷം കാത്തുകൊണ്ടിരുന്ന ഗ്ലസ്റററിലെ റിച്ചേർഡിനെ രാജാവിന്റെ സംരക്ഷകൻ എന്ന സ്ഥാനത്തു നിയമിച്ചു. എലിസബത്തും കൂട്ടുകാരും ഉടനെ റിച്ചേർഡിനെ ആ സ്ഥാനത്തുനിന്നു കൊടിച്ചുകളയുവാൻ ശ്രമിച്ചു. ഇതു മനസ്സിലാക്കിയപ്പോൾ റിച്ചേർഡ് എഡ്വേർഡിനേയും മറേറ തടവിലിട്ടു. എലിസബത്തു തന്റെ സഹോദരന്റെ ന്യായമായ ഭാഗ്യമല്ലെന്നും അതുകൊണ്ടു എഡ്വേർഡ് അഞ്ചാമനു കിരീടത്തിനു അവകാശമില്ലെന്നും മറേറ ചില വർത്തമാനങ്ങൾ റിച്ചേഡ് നാടെങ്ങും പരത്തി. ജനങ്ങൾ ഇതു വിശ്വസിക്കുകയും ഉടനെ റിച്ചേർഡിനെത്തന്നെ രാജാവായി സ്വീകരിക്കുകയും ചെയ്തു. എഡ്വേർഡ് അഞ്ചാമനേയും മറേറ അദ്ദേഹം ഉപായത്തിൽ കൊലപ്പെടുത്തി.

റിച്ചേർഡിനു അധികകാലം സ്വൈരമായിരിക്കാ

ൻ സാധിച്ചില്ല. ഹെൻറി ആറാമൻെറ മരണത്തോടു കൂടി ലങ്കാസ്ററർവംശം എതാണ്ടു നശിച്ചു എങ്കിലും ജോൺ ആഫ്ഗാണ്ടിൻെറ വംശത്തിൽപെട്ട ഹെൻറി ട്യൂഡർ എന്നൊരാൾ അപ്പോഴും ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. വളരെക്കാലമായി എതാണ്ടു നാടുകടത്തിയപോലെ ജീവിച്ചിരുന്ന ഹെൻറി ഇപ്പോൾ ഇംഗ്ലാണ്ടിലേക്കു വരികയും റിച്ചേർഡിനോടു തോറിടുകയും ചെയ്തു. 1485 ൽ ബോസ്വത്ത എന്ന സ്ഥലത്തുവെച്ചു് ഒരു യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ റിച്ചേർഡു് മരിക്കുകയും, ഹെൻറി ഏഴാമൻ എന്ന സ്ഥാനപ്പേരോടുകൂടി സിംഹാസനത്തിൽ കയറുകയുംചെയ്തു. ഇദ്ദേഹമാണു് ഒന്നാമത്തെ ട്യൂഡർ രാജാവു്.

ലങ്കാസ്റ്റർ യോർക്ക് വംശക്കാരുടെ അവകാശങ്ങൾ



അദ്ധ്യായം ഏഴ്

ആധുനികലോകചരിത്രത്തിന്റെ തുടക്കം

(പതിനഞ്ചാംനൂറ്റാണ്ടിന്റെ പ്രാധാന്യം)

പതിനഞ്ചാംനൂറ്റാണ്ടു ലോകചരിത്രത്തിൽ എപ്പോ കൊണ്ടും വളരെ പ്രധാനമായ ഒന്നാണു്. ഈ നൂറ്റാണ്ടിലാണു മദ്ധ്യകാലചരിത്രത്തിന്റെ അവസാനവും ആധുനികലോകചരിത്രത്തിന്റെ തുടക്കവും. മദ്ധ്യകാലത്തുണ്ടായിരുന്ന സ്ഥാപനങ്ങൾക്കും സമ്പ്രദായങ്ങൾക്കും എന്നുവേണ്ട, ജനങ്ങളുടെ അറിവിനുതന്നേയും വലുതായ ഒരു മാറ്റം ഇപ്പോൾ വന്നുകൂടി. ഒരു പുതിയ ജീവൻ- ഒരു പുതിയ ഉണർവ്വ് - സർവ്വത്ര പ്രത്യക്ഷമായി. ജ്ഞാനം സമ്പാദിക്കുന്നതിൽ ജനങ്ങൾക്കു ഒരു പുതിയ ജിജ്ഞാസ ജനിച്ചുതുടങ്ങി. സ്വാതന്ത്ര്യബോധവും, സ്വരാജ്യസ്നേഹവും അവരിൽ ഉദിച്ചുതുടങ്ങി. അതോടുകൂടി പഴയ സമ്പ്രദായങ്ങൾ അടിച്ചുടച്ചു പുതിയ സമ്പ്രദായങ്ങൾ സ്ഥാപിക്കുന്നതിൽ അവർ ഉൽസുകരായി.

മദ്ധ്യകാലത്തു യൂറോപ്പിൽ ഉണ്ടായിരുന്ന സ്ഥാപനങ്ങളിൽ ഒന്നാണല്ലൊ പരിശുദ്ധ റോമാസാമ്രാജ്യം. അതു ഇപ്പോൾ ശിഥിലമായിപ്പോകുകയും ശക്തന്മാരായ രാജാക്കന്മാരുടേയും, സ്വരാജ്യഭക്തന്മാരും, സ്വദേശാഭിമാനികളും ആയ പ്രജകളുടേയും കീഴിൽഫ്രാൻസ്, സ്പെയിൻ തുടങ്ങി അനവധി രാജ്യങ്ങൾ ഇപ്പോൾ ഉയർന്നുവരുകയും ചെയ്തു. മദ്ധ്യകാലത്തു പ്രധാനമായിരുന്ന മറ്റൊരു

സ്ഥാപനമാണു "പേപ്പസി." പോപ്പ് എന്നു മാത്രമല്ല കത്തോലിക്കാലോകം മുഴുവൻ തന്നെ ഇപ്പോൾ തീരെ ദുഷിച്ചുപോകുകയും അതിനെ പരിഷ്കരിക്കുന്നതിനു മഹാന്മാരായ പലരും ശ്രമിച്ചതിന്റെ ഫലമായി, താമസിയാതെ വലുതായ ഒരു മതപരിവർത്തനം കൃസ്തീയലോകത്തെ കുട്ടാതെ കുന്നിളക്കി മറിക്കുകയും ചെയ്തു.

ഇതും ഇതുപോലെയുള്ള മറ്റു മാറ്റങ്ങളും ഉണ്ടാകുന്നതിനു വളരെ സഹായിച്ചിട്ടുള്ള ഒരു സംഭവമാണു ജ്ഞാനോദയം അല്ലെങ്കിൽ "റിനേസ്സാൻസ്." മനുഷ്യജീവിതത്തിനു എന്നുമാത്രമല്ല ലോകത്തിന്റെ ചരിത്രഗതിക്കു തന്നെ അതുകമാനം ഒരു പരിവർത്തനം ഉണ്ടാക്കിയ സംഭവമാണിതു്. ജനങ്ങളുടെ മനസ്സിനും ബുദ്ധിക്കും ഒരു പുതിയ വികാസം ഉണ്ടായി. അവർ ആലോചിക്കാനും പ്രവർത്തിക്കാനും തുടങ്ങി. ഗ്രീസാണു് അന്നു ലോകത്തിൽ ഒരു ജ്ഞാനദീപമായി വിളങ്ങിയിരുന്നതു്. ഗ്രീസിലേയും മറ്റും പുരാതനഗ്രന്ഥങ്ങളും പഠിക്കുന്നതിൽ ജനങ്ങൾക്കുള്ള അഭിരുചി വർദ്ധിച്ചുതുടങ്ങി. ഇക്കാലത്താണു പ്രസിദ്ധമായ വാറ്റിക്കൻ ഗ്രന്ഥശാല സ്ഥാപിക്കപ്പെട്ടതു്. ഇക്കാലത്താണു് ജനങ്ങൾ അച്ചടിയന്ത്രം കണ്ടുപിടിച്ചതും. അതും ഈ ജ്ഞാനോദയത്തെ വളരെ സഹായിച്ചിട്ടുണ്ടു്. 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കി. അതോടുകൂടി അവിടങ്ങളിലെ പണ്ഡിതന്മാർ വിലയേറിയ അവരുടെ ഗ്രന്ഥങ്ങളുംകൊണ്ടു് ഇറാലി മുതലായ അന്യരാജ്യങ്ങളിൽ അഭയം പ്രാപിച്ചു. ഇറാലി ആയിരുന്നു ജ്ഞാനോദയത്തിന്റെ ആദ്യത്തെ വിളനിലം. സാ

ഹിത്യം എന്നല്ല സകല കലകളും ഒരു പുതിയ ജീവനോടുകൂടി ഇറാലിയിൽ പ്രചരിക്കാൻ തുടങ്ങി. മക്കിയവല്ലി അരിയോസ്റ്റോ തുടങ്ങിയ വിശ്രുതന്മാരായ സാഹിത്യകാരന്മാരും, ലിയോണാർഡു് റഫേൽ മുതലായ ചിത്രമെഴുത്തുകാരും മൈക്കൽ ആംജലോ തുടങ്ങിയ വിദഗ്ധന്മാരായ ശില്പവേലക്കാരും അന്നു ഇറാലിയിൽ ഉണ്ടായിട്ടുള്ളവരാണു്.

ഇംഗ്ലാണ്ടിലും ഈ ജ്ഞാനോദയംകൊണ്ടു പല വലിയ മാറ്റങ്ങളും ഉണ്ടായിട്ടുണ്ടു്. ഇംഗ്ലീഷു സർവ്വകലാശാലകളും ഗ്രീക്കു സാഹിത്യപഠനത്തിൽ അതിയായ ഉത്സാഹം പ്രദർശിപ്പിച്ചുതുടങ്ങി. ഈ പുതിയ സാഹിത്യം പഠിപ്പിക്കുന്നതിനു് ഈ സർവ്വകലാശാലകളിൽ നിയമിതരായവർ ഇറാസ്മസു, കോളറു് തുടങ്ങിയ പണ്ഡിതന്മാരായിരുന്നു. "ഉട്ടോപ്യ" എന്ന സുപ്രസിദ്ധ ഗ്രന്ഥമെഴുതിയ സർ തോമസ് മൂറും, മഹാകവി ഷേക്സ്പിയറും ഈ കാലത്തു് ഇംഗ്ലാണ്ടിൽ ഉണ്ടായിട്ടുള്ളവരാണു്.

എന്നാൽ ഇക്കാലത്തു ജ്ഞാനത്തിന്റെ ഉദയം ഉണ്ടായിട്ടുള്ളതു് ഈ ഒരു വഴിക്കു മാത്രമല്ല. കോൺസ്റ്റാന്റിനോപ്പിളും 1453-ൽ തുർക്കികൾക്കധീനയായതോടുകൂടി മദ്ധ്യധരണിക്കടലിന്റെ പ്രാധാന്യവും അസ്തമിച്ചു. ഇന്ത്യ മുതലായ കിഴക്കൻ രാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനു യൂറോപ്പുദേശക്കാർ അത്ലാണ്ടിക്കു സമുദ്രം വഴി പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ നിർബ്ബന്ധിതരായി. 1492-ൽ കൊളംബസ് വെസ്റ്റ് ഇൻഡീസ് കണ്ടുപിടിച്ചു. അഞ്ചു കൊല്ലത്തിനുശേഷം ജോൺ കാബ്ട്ട്

അമേരിക്ക കണ്ടുപിടിച്ചു. അക്കൊല്ലത്തിൽതന്നെ വാ സ്കോഡിഗാമ ആഫ്രിക്ക ചുറ്റി കോഴിക്കോട്ട വന്നു കപ്പലിറങ്ങി. ഈ വഴിക്കാണ് അധികം താമസിയാതെ ഡച്ചുകാർ, ഫ്രഞ്ചുകാർ ഇംഗ്ലീഷുകാർ മുതലായ യൂറോപ്യൻരാജ്യക്കാർ ഇന്ത്യയിൽ വന്നത്. ഇന്ത്യ മൊകവശപ്പെടുത്തുന്നതിനു കുറേക്കാലം ഇവർ തമ്മിൽ കരുലഹള നടന്നു. അവസാനം ഇംഗ്ലീഷുകാർ ഇന്ത്യയിൽ അവരുടെ സാമ്രാജ്യം സ്ഥാപിച്ചു.

ഇതിനുപുറമെ വെടിമരുന്നു, കപ്പൽയാത്രകഠംക്കു വളരെ സഹായമായിട്ടുള്ള വടക്കുനോക്കിയന്ത്രം മുതലായതു കഠം ഇക്കാലത്തു ജനങ്ങൾ കണ്ടുപിടിച്ചു.

PRINTED AT THE VIDYA VINODINI PRESS, TPICHUR

632